WORLD MALAYALEE FEDERATION
WMF
WORLD'S LARGEST PRAVASI MALAYALEE NETWORK

VISWAKAIRALI

# വിശ്വകൈരളി

A MAGAZINE OF THE WORLD MALAYALEE FEDERATION

# 02
November
2019

കവർ സ്റ്റോറി

## കാലത്തെ അതിജീവിക്കുമോ
# കൈരളിയുടെ മലയാളം?

വർഗീസ് പഞ്ഞിക്കാരൻ



ആമുഖം




**ആന്റണി പുത്തൻപുരക്കൽ**

ചീഫ് എഡിറ്റർ,

ഓസ്ട്രിയ


# മറുനാടൻ മലയാളിയും മാതൃഭാഷയും

എല്ലാ ജീവികളും സ്വവർഗ്ഗ ജീവികളുമായും മറ്റിതര ജീവജാലങ്ങളുമായും ചുറ്റുമുള്ള പരിസ്ഥിതിയുമായും അനുസ്യൂതം ആശയവിനിമയം നടത്തുന്നുണ്ട്. മനുഷ്യേതരജീവികളിൽ ഭൂരിഭാഗവും അവയുടെ ജന്മസിദ്ധമായ ജൈവികവൃത്തിയെ കേന്ദ്രീകരിച്ച് കേവലം ഇന്ദ്രീയജന്യമായ അനൈച്ഛികവൃത്തിയിലൂടെയാണ് ആശയ വിനിമയം നടത്തുന്നത്. മനുഷ്യരാകട്ടെ, അഭ്യസ്തവൃത്തിയിലൂടെ ആർജ്ജിച്ച സങ്കീർണമായ വിസങ്കതനം വഴി ആശയവിനിമയം നടത്തുന്നു.

മനുഷ്യർ മാത്രമാണ് ഭാഷ എന്ന അനന്യസാധാരണവും അന്യാദൃശവുമായ സിദ്ധിയുള്ള ഭൂമുഖത്തെ ഏക ജീവി. അയത്നലളിതവും അവ്യക്തവുമായ ശബ്ദാനുകരണങ്ങളിലൂടെയും ആംഗ്യവിക്ഷേപങ്ങളിലൂടെയും ആശയവിനിമയം നടത്തിയ ആദിമ മനുഷ്യൻ നിരന്തരമായ അഭ്യസ്തവൃത്തിയിലൂടെ കൈവരിച്ച പരികല്പപിത ആശയങ്ങൾക്കും അടയാളങ്ങൾക്കും യുഗങ്ങളിലൂടെ അർത്ഥം കല്പിച്ചു നല്കിയ സങ്കേതന രീതിയാണ് ഭാഷ.

മലയാളഭാഷപഠനരംഗത്ത് മലയാളികൾ വച്ചുപുലർത്തുന്ന പല തെറ്റിദ്ധാരണകളും ഉണ്ട്. പ്രാഥമിക വിദ്യാഭ്യാസകാലത്തു മാതൃഭാഷയുടെ സ്ഥലത്തു തദ്ദേശീയ ഭാഷയുടെകൂടെ മലയാളവും പഠിച്ചാൽ കുട്ടികളുടെ തദ്ദേശീയ ഭാഷയിലുള്ള പ്രാവീണ്യം കുറഞ്ഞു പോകുമെന്നതാണ് ഒന്നാമത്തെ തെറ്റായ ധാരണ. ഒരു ശിശു വളരുന്ന ചുറ്റുപാടിലെ ഭാഷ നന്നായി പഠിച്ചശേഷം മലയാളത്തെ പരിചയപ്പെടുത്താം എന്ന ധാരണയും ശരിയല്ല.

ആധുനിക മനഃശാസ്ത്രപഠനങ്ങളുടെ വെളിച്ചത്തിൽ ശൈശവം മുതൽ പന്ത്രണ്ടു വയസ്സുവരെയുള്ള കാലയിളവാണു ഭാഷാഭ്യാസനത്തിന് ഏറ്റവും അനുകൂലമായ ഘട്ടം. ഭാഷാഭ്യാസനത്തിന് ഏറ്റവും അനുയോജ്യമായ സ്ഥാനികസിദ്ധിയോടെയാണ് ഒരോ ശിശുവും ജനിക്കുന്നത്. അതിനാൽ ഒരോ കുഞ്ഞിനും നന്നേ ചെറുപ്പത്തിൽ തന്നെ മാതൃഭാഷ (പ്രാഥമിക) യൊടൊപ്പം മറ്റു മൂന്നു ഭാഷകൾ അനായാസമായി അഭ്യസിപ്പിക്കാമെന്നും, വിവിധ ഭാഷയിലുള്ള സമ്പർക്കവും പഠനവും പഠിതാവിന്റെ ബൗദ്ധികമോ, മാനസികമോ ആയ വളർച്ചയ്ക്ക് ഹാനികരമല്ലെന്നും ആധുനിക മനഃശാസ്ത്ര പഠനങ്ങൾ തെളിയിക്കുന്നു. ഒരു ശിശു പല ഭാഷകൾ ഒരേ സമയം പഠിച്ചാൽ ഒരു ഭാഷയിലും പ്രാവീണ്യം നേടാതെ പോകും എന്ന ധാരണയും ശരിയല്ല. സുപ്താവസ്തയിലുള്ള ഒരു വ്യാകരണബോധം ഓരോ ശിശുവിന്റെയും മസ്തിഷ്കത്തിൽ അന്തർലീനമായി കുടികൊള്ളുന്നുണ്ട്. ഈ സിദ്ധി ഒരു അനന്ത സാധ്യതയായി നാം കണക്കാക്കണം. ഒരു ശിശു തന്റെ ജീവിത സാഹചര്യങ്ങളിൽ നിന്നും കേട്ടു പഠിക്കുന്ന ശബ്ദങ്ങളോ, വാക്യങ്ങളോ ആവർത്തിക്കാനുള്ള കഴിവു മാത്രമല്ല, വസ്തുനിഷ്ഠമായ ആശയങ്ങളും കേവലാർഥ പ്രയോഗങ്ങളും വ്യാകരണാധിഷ്ഠിത വാക്യങ്ങളും പ്രകാശിപ്പിക്കാനുള്ള സിദ്ധിയായിട്ടാണ് ഈ വ്യാകരണബോധത്തെ ഭാഷപണ്ഡിതന്മാർ കാണുന്നത്. വിവിധ ഭാഷയിലെ വ്യാകരണ വ്യത്യാസങ്ങൾ ശിശു ബോധപൂർവം അനായാസമായി വേർതിരിച്ചു കാണുമെന്നും ആധുനിക മനോവിജ്ഞാനീയ രംഗത്തെ ഗവേഷണങ്ങൾ തെളിയിക്കുന്നു. അതിനാൽ, പ്രാഥമിക വിദ്യാഭ്യാസ കാലത്ത് തദ്ദേശീയ ഭാഷായോടൊപ്പം സഗോത്രജമല്ലാത്ത നമ്മുടെ മാതൃഭാഷയായ മലയാളവും യാതൊരു ആശങ്കയും കൂടാതെ കുട്ടികളെ പഠിപ്പിക്കാം.

വിദേശരാജ്യങ്ങളിൽ ആർജ്ജിതഭാഷ എന്ന നിലയിൽ മലയാളഭാഷ പഠിക്കുമ്പോൾ അനുകാരിക മാതൃകകളും വേളകളും മാതാപിതാക്കന്മാർ സൃഷ്ടിക്കേണ്ടത് കുട്ടികളോടു മലയാളം സംസാരിച്ചുകൊണ്ടായിരിക്കണം. ഇങ്ങനെ ചെയ്താൽ മാത്രമേ ഭാഷയുമായി ഭാഷകനു ബന്ധവും സമ്പർക്കവും ലഭിക്കു.

ഒരു ജനപദത്തിന്റെ ജന്മപ്രകൃതിയുടെ ഭാഗവും മാധ്യമവും സ്രോതസ്സും ഭാഷയാണ്. ഒരു ഭാഷ വ്യക്തികൾ തമ്മിലോ സമൂഹങ്ങൾ തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള വാചികവരോപാധിയല്ല. ഓരോ ഭാഷയിലും, ഒരേസമയം സാമൂഹ്യശാസ്ത്രം നരവർഗവിജ്ഞാനീയം ചരിത്രം, സാഹിത്യം എന്നിവയും, നൂറ്റാണ്ടുകളിലൂടെ ഒരു ജനത സംസ്ക്കരിച്ചെടുത്ത ചിന്താധാരകൾ, സ്വപ്നങ്ങൾ, മോഹങ്ങൾ, മോഹഭംഗങ്ങൾ എല്ലാം സമവായമായി നിലകൊള്ളുന്ന സാംസ്കാരിക തലത്തിന്റെ സ്പുലിംഗങ്ങളും ഉണ്ട്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ ചെറുതും വലുതുമായ ജനവിഭാഗങ്ങൾ തങ്ങളുടെ കുടിയേറ്റ മേഖലകളിൽ സ്വന്തം ഭാഷയും സംസ്ക്കാരവും നിലനിർത്താൻ പരിശ്രമിക്കുന്നുണ്ട്. നിർഭാഗ്യവശാൽ ഭൂരിഭാഗം വിദേശമലയാളികൾക്കും സ്വന്തം അനന്യത നഷ്ടപ്പെട്ടു എന്നു വേണം കരുതുവാൻ. മറ്റു ഭാഷാപഠനത്തിലൂടെ അന്യ സംസ്ക്കാരങ്ങളിലേയ്ക്കും ആചാരങ്ങളിലേയ്ക്കും തന്നെത്തന്നെ സന്നിവേശിപ്പിക്കാൻ മലയാളികൾ വെമ്പൽകൊള്ളുകയാണോ? ഇങ്ങനെ ചെയ്യുമ്പോൾ നമ്മുടെ സ്വന്തമായ സ്വത്വബോധം നമുക്കു നഷ്ടപ്പെടുകയും സമഗ്രമായ ഉദ്ഗ്രഥനം സാധിതമാകാതെ പോവുകയും ചെയ്യും. നമ്മുടെ ഭാഷയും സംസ്കാരവും നമ്മുടെ മക്കൾക്കു നാം പകർന്നു കൊടുക്കുമ്പോൾ സമഗ്രമായ ജീവിതവീക്ഷണവും സാംസ്ക്കാരികമായ അവബോധവും അവർക്കു ലഭിക്കും. വിവിധ രാജ്യങ്ങളിൽനിന്നും ജീവിതസാഹചര്യങ്ങളിൽനിന്നും നാം കരസ്ഥമാക്കുന്ന ഭാഷകൾ എത്രമാത്രം ഉപകാരപ്രദമാണെങ്കിലും ആ ഭാഷയെ അന്തസ്സിന്റെയും ആഭിജാത്യ


വിശ്വകൈരളി

**Chief Editor:**
Antony Puthenpurackal

**Editorial Board:**
Sapana Anu B.George
Saranya Jithin
Vidya Gireesh
Vipin Jose Arthungal
Anshad Kootkonnu
Jaison Kaliyanil

**Technical Advisor & Cover Design:**
Subash David

**Contact:**
wmfmmmagazine@gmail.com

Published by the World Malayalee Federation (WMF).
Reg No. ZVR-Zahl:865685499, Wimbergergasse 51070 Vienna, Austria, Europe



# കാലത്തെ അതിജീവിക്കുമോ കൈരളിയുടെ മലയാളം?

ഏതൊരു ജനതയുടെ മാതൃഭാഷ ആയാലും അതിന്റെ ഉറവിടങ്ങളിലേക്കും അവിടുന്നുള്ള ക്രമാനുഗതമായ വളർച്ചയിലേക്കും ഒന്നെത്തിനോക്കുന്നത് ഭാഷാപ്രേമികളിൽ കൗതുകമുളവാക്കുന്ന കാര്യമാണ്. ഭാഷകളൊന്നും സ്ഥൈതികമല്ല. കാലത്തിന്റെ കൈവഴികളിലൂടെയുള്ള പ്രയാണത്തിൽ എല്ലാ ഭാഷകൾക്കുമെന്നതുപോലെ നമ്മുടെ മലയാളത്തിനും വ്യതിയാനം സാംഭവിച്ചുകൊണ്ടിരിക്കുന്നു. തലമുറകൾ കഴിയുമ്പോൾ എന്തായിരിക്കും, അഥവാ എങ്ങനെ ആയിരിക്കും നമ്മുടെ മലയാളം? ഇക്കാര്യം നമ്മൾ ചിന്തിച്ചിട്ടുണ്ടോ? അതിനുമുൻപ് ഭാഷയുടെ ചരിത്രത്തിലേക്ക് നമ്മളൊന്ന് തിരിഞ്ഞുനടക്കണം.

### കണ്ഠധ്വനിയും മുൻഗാമികളും

സംസാരഭാഷയുടെ മുൻഗാമിയാണ് കണ്ഠധ്വനി. അത് പുറപ്പെടുവിക്കാനുള്ള മനുഷ്യന്റെ ശരീരശാസ്ത്രപരമായ കഴിവാണ് ഭാഷയ്ക്ക് വഴിയൊരുക്കിയത്. അതിനുംമുൻപ്, മനസിൽ രൂപപ്പെട്ട സങ്കൽപ്പങ്ങളും ആശയങ്ങളും ആംഗ്യങ്ങളിലൂടെയുംമറ്റും പ്രകടിപ്പിച്ചിരുന്നതടക്കം സഹസ്രാബ്ദങ്ങളിലൂടെയുള്ള പരിണാമപ്രക്രിയയിലൂടെയാണ് ഭാഷ വളർന്നത്.

കണ്ഠധ്വനി മുതൽ സംസാരം വരെയും, കുത്തിക്കുറിക്കലുകളിൽ തുടങ്ങി നല്ല കയ്യെഴുത്തുവരെയുമുള്ള ഭാഷയുടെ വളർച്ച, ജനിച്ചുവീഴുന്ന ഒരു കുഞ്ഞിനെ തുടർച്ചയായി നിരീക്ഷിച്ചാൽ നമുക്ക് മനസിലാക്കാവുന്നതാണ്. ജനനത്തിന്റെ പിറ്റേദിവസംമുതൽ തന്നെ കുട്ടികൾക്ക് ശബ്ദങ്ങൾ തിരിച്ചറിയാൻ കഴിയുമെന്ന് വിയന്ന മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ ശിശുപാലന വിദഗ്ദ്ധർ സമർഥിക്കുന്നുണ്ട്.

### ഭാഷയുടെ ഉൽപ്പത്തി

ഭാഷ എങ്ങനെ ഉണ്ടായി എന്നതിനെപ്പറ്റി പല പഠനങ്ങൾ ഉണ്ടെങ്കിലും ന്യൂസിലാൻറിലെ ഓക്ലൻഡ് യൂണിവേഴ്സിറ്റിൽ ഗവേഷണം നടത്തുന്ന ജീവശാസ്ത്രജ്ഞൻ ക്വേൻറിൻ ടി അർകിൻസൻ നൽകുന്ന വിവരമാണ് കൂടുതൽ വിശ്വസനീയം. തെക്കുപടിഞ്ഞാറൻ ആഫ്രിക്കയിൽമാത്രം പൗരാണികകാലത്ത് ഒരേഒരു കാലാഘട്ടത്തിലാണ് ഭാഷയുടെ ഉദയം. അല്ലാതെ പല ഭാഷകൾ പലയിടത്തും പല കാലങ്ങളിൽ ഉത്ഭവിച്ചതല്ല എന്ന് അദ്ദേഹം വിലയിരുത്തി. കാലക്രമത്തിൽ സംഭവിച്ച ഭൂമിശാസ്ത്ര വ്യതിയാനങ്ങൾ, കുടിയേറ്റങ്ങൾ, ജീവിത സാഹചര്യങ്ങളുടെ മാറ്റം എന്നിവ ആദ്യഭാഷ സംസാരിച്ചിരുന്നവരെ തമ്മിൽ വേർതിരിച്ചു. അങ്ങനെ ഒരേഭാഷ സംസാരിച്ചിരുന്നവർ കാലക്രമത്തിൽ പരസ്പരം മനസിലാകാത്ത ഭാഷകൾ സംസാരിക്കാൻ തുടങ്ങി എന്നതാണ് ആർകിൻസന്റെ വാദം.

### ആധുനിക ഭാഷാശാസ്ത്രജ്ഞരുടെ അനുമാനങ്ങൾ

മനസിന്റെ വികസനം ഇല്ലാതെ ഒരുതരത്തിലുമുള്ള വിനിമയം സാധ്യമല്ല എന്ന മന:സൃഷ്ടി (ഠവലീൃ്യ ീള ങശിറ) സിദ്ധാന്തമാണ് ബ്രിട്ടീഷ് ഭാഷാശാസ്ത്രജ്ഞൻ സൈമൺ ബാരോൺ കോഹെൻ മുന്നോട്ടുവയ്ക്കുന്നത്. മൃഗങ്ങളിലെ ആശയവിനിമയ രൂപങ്ങൾ മനുഷ്യമനസിൽ വീണ്ടും പരിണമിച്ച് ശക്തമായത് ഭാഷയുടെ വികസനത്തിന് ആവശ്യമായിരുന്നു. കുട്ടികളുമായുള്ള മുതിർന്നവരുടെ സാമൂഹ്യ നിലവാരത്തിലുള്ള സമ്പർക്കം ഭാഷയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും ഏറ്റവും ആവശ്യമാണെന്നാണ് മനശാസ്ത്രജ്ഞൻ കെന്നത് കെയ്ൻ അഭിപ്രായപ്പെടുന്നത്.

കുട്ടികൾ എങ്ങനെ ഭാഷ പഠിക്കുന്നു എന്നതിനെക്കുറിച്ചും തർക്കമുണ്ട്. അവർ ഭാഷ പഠിച്ചെടുക്കണം എന്ന് ഒരുകൂട്ടർ വാദിക്കുമ്പോൾ, ഭാഷ പഠിച്ചെടുക്കുകയെന്നത് സാധ്യമല്ലെന്നാണ് മാറുവാദം. കുട്ടികളിലെല്ലാം നൈസർഗികമായ ഒരു ഭാഷാകേന്ദ്രം



**വർഗീസ് പഞ്ഞിക്കാരൻ**
ഡബ്ലിയു എംഎഫ്
ഗ്ലോബൽ കോഓർഡിനേറ്റർ,
ഓസ്ട്രിയ

അഥവാ ഒരു സാർവത്രിക വ്യാകരണം ഉണ്ടെന്നും, ഭാഷ തുടർച്ചയായി കേട്ടുകേട്ട് സാവധാനം കൃത്യമായുള്ള രീതിയിൽ അവർ സംസാരിക്കാൻ പഠിക്കും എന്നുമാണ് ഇവരുടെ അഭിപ്രായം.

സംസാരിക്കാൻ പഠിച്ചുതുടങ്ങുന്ന ഒരു കുട്ടിയിൽ എല്ലാത്തരം മാനുഷിക വ്യാപാരങ്ങളിലേക്കുമുള്ള ഒരു ഉൾക്കാഴ്ച്ച ഉത്തേജിക്കപ്പെട്ടുകഴിഞ്ഞുവെന്നും മനുഷ്യനുമാത്രം സ്വായത്തമായിട്ടുള്ള ഈ ആന്തരിക ഉൾക്കാഴ്ച്ചയാണ് ഭാഷയുടെ അടിസ്ഥാനമെന്നുമാണ് നോം ചോംസ്കിയുടെ അഭിപ്രായം. ഭാഷ പഠിക്കുന്നത് ജീവശാസ്ത്രപരമായി ചിട്ടചെയ്യപ്പെട്ട ജന്മസിദ്ധമായ സംവിധാനം വഴിയാണെന്നും സൈക്കിൾ ചവിട്ടാൻ പഠിക്കുന്നതുപോലെയല്ല ഭാഷ പഠിക്കേണ്ടതെന്നും ഈ സിദ്ധാന്തക്കാർ പറയുന്നു.

## മലയാളം സ്വതന്ത്ര വ്യക്തിത്വമുള്ള ഭാഷ

നമ്മുടെ ഭാഷയ്ക്ക് 'മലയാളം' എന്ന പേര് ലഭിച്ചിട്ട് കാലം അധികമായിട്ടില്ല. മലയുടെയും ആഴസമുദ്രത്തിൻറെയും ഇടയ്ക്കു സ്ഥിതിചെയ്യുന്ന ദേശം എന്ന നിലയ്ക്ക് ഭമലയാഴ്മഭ എന്നത് ഭമലയാളംഭ എന്ന് ആയതാകണം എന്നൊരു അഭിപ്രായമുണ്ട്. രണ്ടാമത്തെ പദം ഭആഴംഭ അല്ല, ഭആളംഭ (ദേശം) എന്നായിരിക്കണം എന്നും അങ്ങനെയാണ് മലയാളം ഉണ്ടായത് എന്നു കരുതുന്നവരുമുണ്ട്. എന്തായാലും ഒരു പ്രത്യേക ഭൂപ്രകൃതിരംഗത്ത് ജീവിക്കുന്ന മനുഷ്യരുടെ ഭാഷ ആയതുകൊണ്ട് അതിന് സ്വതന്ത്രമായി വികസിച്ച് സ്വന്തം വ്യക്തിത്വമുള്ള ഒരു ഭാഷ ആയിത്തീരുവാൻ സാധിച്ചു. ഡോ.ഗോദവർമ്മ പറയുന്നു, അതിപ്രാചീനകാലത്തുപോലും കേരളത്തിലെ ഭാഷ മലയാളമായിരുന്നു, എന്നല്ലാതെ തമിഴോ തമിഴിൻറെ ഒരു ഉപശാഖയോ ആയിരുന്നുവെന്ന് വിചാരിക്കുന്നത് അസംഗതമാണ്. (കേരള ഭാഷാവിജ്ഞ്ജാനീയം).

ഒട്ടേറെ നൂറ്റാണ്ടുകൾ സഹ്യപർവതനിരകൾക്കും അറബിക്കടലിനുമിടയിൽ സ്വതന്ത്രമായി ജീവിച്ച ഒരു ജനക്കൂട്ടത്തിൽ ഒരു ഭാഷ വളർന്നുവന്നു. അവരുടെ കലാസാംസ്കാരികകുടുംബസാമൂഹ്യ ജീവിതം മുഴുവൻ വ്യക്തിത്വമുള്ള ഒരു സംസ്കാരത്തിന്റെ തെളിവാണ്. മുപ്പത്തിലേറെ ശതവർഷങ്ങളിലൂടെ അവർ വളർത്തിക്കൊണ്ടുവന്ന ഭാഷയാണ് മലയാളം.

മലയാളിയുടെ കഴിവും സംസ്കാരവും കൊണ്ട് മലയാളം ഇന്ന് ലോകത്തിന്റെ മുക്കിലും മൂലയിലുംപോലും സംസാരിക്കപ്പെടുന്നു. മാലയാളത്തിന്റെ സംസ്കാരം ഇന്ന് ലോകമാസകലം ദർശിക്കാൻ സാധിക്കുന്നു. മലയാളംകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു എന്ന് ആലങ്കാരികമായി പറയുന്നതിലും തെറ്റില്ല. കേരള സർക്കാരിന്റെ മലയാളം മിഷൻ പ്രൊജക്റ്റിന്റെ ലക്ഷ്യവും മലയാളത്തിന്റെ അതിരുകൾ താണ്ടിയുള്ള പ്രചരണം തന്നെയാണ്. കേരള മലയാളം മിഷൻ ഭരണസമിതിയംഗം വി.മധുസൂദനനൻ




നായരുടെ വാക്കുകൾ ഇത്തരുണത്തിൽ ഏറെ ശ്രദ്ധേയമാണ്. 'മലയാളം മലയാളിക്കുവേണ്ടി മാത്രമുള്ളതല്ല. മലയാളം ലോകത്തിനുവേണ്ടിയുള്ളതാണ്'.

മലയാള ഭാഷയുടെ ആഗോള വക്താവാണ് വേൾഡ് മലയാളീ ഫെഡറേഷൻ എന്നുപറയുന്നതിൽ അതിശയോക്തിയില്ല. കാരണം 125 രാജ്യങ്ങളിലുള്ള മലയാളികളെ ഒരു ആഗോള നെറ്റ്വർക്കിൽ ഒന്നിപ്പിച്ച്, ണങഎ മലയാളം മിഷൻ എന്ന ആശയവുമായി നമ്മൾ മുന്നേറുകയാണ്.

## മലയാളത്തെ മഹനീയമാക്കാം മലയാളം മിഷനിലൂടെ

വിശ്വകൈരളിയായി മലയാളം മുന്നേറണമെങ്കിൽ വിദേശ മലയാളികളുടെതടക്കമുള്ള നല്ലപ്രയത്നം ആവശ്യമാണ്. വരുന്ന തലമുറയിലേക്കും അതിന്റെ തിരികെടാതെ കൈമാറാൻ നമുക്ക് കഴിയണം. പ്രവാസിമലയാളികൾ നാട്ടിലെത്തുമ്പോൾ ജർമ്മനും ഫ്രഞ്ചും ഇംഗ്ലീഷുമൊക്കെ സംസാരിക്കുന്നതുകണ്ടാണ് പല മാതാപിതാക്കളും അഭിമാനിക്കുന്നത്. ഇതുമാറി, മലയാളമാണ് അഭിമാനമെന്ന അവസ്ഥയുണ്ടാകേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ രണ്ടുമൂന്നു തലമുറ




കഴിയുമ്പോൾ മലയാളം കൈരളിക്ക് അന്യമായേക്കാം.

മലയാളത്തെ ആഗോളഭാഷ എന്ന തലത്തിലേക്ക് ഉയർത്തുകയെന്നതാവണം ണങഎ ന്റെയും മലയാളം മിഷന്റെയും ലക്ഷ്യം. നമ്മുടെ കുട്ടികളെ മലയാളം കേൾപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഭാവിയിൽ മലയാളം മിഷൻ അധ്യാപകർക്കായി വിട്ടുകൊടുക്കാൻ ഇടവരാതിരിക്കണം. അതിന് മലയാളം മാതൃഭാഷ എന്നതിലുപരി കുടുംബഭാഷ എന്നനിലയിലേക്ക് ഉയരേണ്ടിയിരിക്കുന്നു. ലിപികളോ വ്യാകരണങ്ങളോ കൊണ്ടായിരിക്കരുത് ഭാഷ പഠിപ്പിക്കുന്നത്. അതിനായി കുഞ്ഞുകഥകളും കുട്ടിക്കവിതകളുമൊക്കെ ഉപയോഗിക്കണം. കഥകൾ കേട്ട് കുട്ടികൾ ഉറങ്ങട്ടെ. വാക്കുകളും വ്യാകരണവുമൊക്കെ അവരിൽ ക്രമേണ ഉടലെടുത്തുകൊള്ളും. പറ്റുമെങ്കിൽ ചെറിയൊരു മലയാളം ലൈബ്രറി കുട്ടികൾക്കായി വീട്ടിൽ സജ്ജീകരിക്കാൻ കഴിഞ്ഞാൽ ഏറ്റവും നല്ലത്.

ഉപരാഷ്ട്രപതി എം.വെങ്കയ്യനായിഡു ഈയിടെ കേരളസന്ദർശനവേളയിൽ പറഞ്ഞത് നമ്മുടെ ഓർമ്മയിലുണ്ടാവണം. 'മാതൃഭാഷയിലാണ് വിദ്യാഭ്യാസം ആരംഭിക്കേണ്ടത്. അതിനുശേഷം കഴിയുന്നത്ര ഭാഷകൾ പഠിക്കണം. മാതൃഭാഷ കാഴ്ചയും മറ്റുഭാഷകൾകണ്ണാടികളുമാണ്' മലയാളഭാഷ വിശ്വകൈരളിയെ സമ്പന്നമായ്ക്കുമോ എന്ന ചോദ്യം ഇക്കാലത്ത് ഏറെ പ്രസക്തമാകുന്നുണ്ട്. നാട്ടിലെയും പ്രവാസത്തിലെയും ഓരോ മലയാളികുടുംബങ്ങളുടെയും മനോഭാവത്തെയും പ്രതിപത്തിയേയും ആശ്രയിച്ചിരിക്കും അതിൻറെ ഉത്തരം. നമ്മുടെ അമ്മമലയാളത്തെ അതിരുകൾ കടത്തുന്ന ഈ മഹനീയ യജ്ഞത്തിൽ കുടുംബങ്ങൾക്ക് കൈത്തങ്ങുമായി വേൾഡ് മലയാളീ ഫെഡറേഷൻ എന്നും കൂടെയുണ്ടാകും. VK



# നാവിൽ പാൽപ്പായസം...
# മനസിൽ മലയാളം



**എലിസബത്ത് കെയ്റ്റൻ**
ദുബായ്

കുട്ടിക്കാലത്ത് അമേരിക്കയുടെ തെക്കേ അറ്റത്ത് ഞാൻ വളരുമ്പോൾ ആലങ്കാരികമായും അക്ഷരാർത്ഥത്തിലും എനിക്ക് വലിയ വായ ആണുള്ളതെന്ന് മറ്റുള്ളവർ പറയുമായിരുന്നു. എന്റെ വായിൽകൊള്ളുന്നതിലും വലിയ ബർഗർ കഴിക്കുക, വഴിയിൽ കാണുന്നവരോടൊക്കെ എന്റെ ഊരും പേരും ചരിത്രവും വിളമ്പുക എന്നതൊക്കെയായിരുന്നു അക്കാലത്തെ എന്റെ വിനോദങ്ങൾ. ഈ രണ്ടു സ്വഭാവങ്ങളും എന്റെ മാതാപിതാക്കളെ മറ്റുള്ളവരുടെമുന്നിൽ നാണംകെടുത്തിയിരുന്നു. അവരുടെ വഴക്കും കണ്ണുരുട്ടലും കൊണ്ട് നിൽക്കാതിരുന്ന എന്റെ ഈ സ്വഭാവം മാറിയത് ഞാൻ മലയാളം പഠിച്ചു തുടങ്ങിയതോടെയാണ്.

2015 ൽ ഞാൻ ദുബായിലേക്ക് ജോലിക്ക് വരുന്നതുവരെ മലയാളം എനിക്കു തികച്ചും അജ്ഞാതമായ ഒരു ഭാഷയായിരുന്നു. അതിനു മുൻപ് ഇന്ത്യയെന്നാൽ ഏക ആശയവും ഏക വ്യക്തിത്വവും ഏക ഭാഷയുമുള്ള ഒരു രാജ്യമെന്നായിരുന്നു എന്റെ ധാരണ. എല്ലാ അമേരിക്കക്കാരെയും പോലെ ഞങ്ങൾക്കും ലഭിച്ചിരുന്നത് ആലൂ ഗോപിയുടെ ചെറിയൊരു ഭാഗവും സ്ലംഡോഗ് മില്യണയറും താജ്മഹലിന്റെ കുറച്ചു ഫോട്ടോകളുമായിരുന്നു. ദുബായിലേക്ക് മാറിയശേഷം പെട്ടെന്നുതന്നെ അവിടെയുണ്ടായിരുന്ന മലയാളികളുമായും തമിഴൻമാരുമായും ഞാൻ സൗഹൃദത്തിലാവുകയും അതുവഴി ഇന്ത്യയുടെ വൈവിധ്യത്തെപ്പറ്റി മനസ്സിലാക്കുകയും ചെയ്തു. അവിടെവച്ച് എന്റെ ഭാവിവരൻ അർജുനെ കണ്ടുമുട്ടിയപ്പോൾ അദ്ദേഹത്തിന്റെ ഭാഷ പഠിക്കണം എന്ന് ഞാൻ തീരുമാനിച്ചു.



എന്റെ വായയുടെ മുഴുവൻ കഴിവും അതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നു ഞാൻ മനസ്സിലാക്കിയതും അപ്പോഴാണ്. ലളിതമായി പറഞ്ഞാൽ ഇംഗ്ലീഷ് ഒരു വ്യവഹാര ഭാഷയാണ്. സംസാരിക്കാൻ വളരെ എളുപ്പം. ഇതിലെ എല്ലാ വ്യഞ്ജനാക്ഷരങ്ങളും പല്ലുകളുടെയും ചുണ്ടുകളുടെയും ശരിയായ വിന്യാസത്തിലൂടെ ഉപയോഗിക്കേണ്ടവയാണ്. ഒരാൾക്ക് വെള്ളം കുടിച്ചു കൊണ്ടിരിക്കുമ്പോൾപ്പോലും ഒരു വാചകം ഇംഗ്ലീഷിൽ പറഞ്ഞ് ഫലിപ്പിക്കാൻ കഴിയും. എന്നാൽ മലയാളം അത്തരം ഭാഷയല്ല. അത് സംസാരിക്കാൻ വളരെയധികം വാക്ചാതുര്യം വേണം. ഇംഗ്ലീഷ് എന്നത് വഴിയരികിൽ നിന്ന് ചായ കുടിക്കുന്നതുപോലെ ആണെങ്കിൽ മലയാളം, വിഭവസമൃദ്ധമായ ഒരു





സദ്യപോലെയാണ്. അത് ആസ്വദിക്കാൻ നമ്മുടെ നാവിലേയും തൊണ്ടയിലെയും എല്ലാ രുചിമുകുളങ്ങളും പരമാവധി പ്രയോജനപ്പെടുത്തണം. മലയാളം ഉച്ചരിക്കുന്നതിനും ആസ്വദിക്കുന്നതിനും വ്യത്യസ്ഥമായ വാക്കുകൾ ഒരു സലാഡിലെന്നതുപോലെ വിവിധ രുചിക്കൂട്ടുകൾ സംയോജിപ്പിക്കണം.

നൂറ്റാണ്ടുകളിലൂടെ പാകപ്പെടുത്തിയെടുത്ത ദ്രാവിഡ സംസ്കാരത്തിന്റെയും സംസ്കൃതത്തിന്റെയും വേരുകളിലൂടെ മലയാളം ഒരു പായസംപോലെ വായയുടെ എല്ലാമൂലയിലും ഒലിച്ചിറങ്ങുന്നു. ഞാൻ ആദ്യമായി എന്നാണ് പായസം കഴിച്ചത് എന്ന് ഓർമ്മയില്ല. രണ്ടുവർഷം മുൻപ് എന്റെ ആദ്യത്തെ കേരള സന്ദർശനവേളയിൽ തിരുവല്ലയിലെ, വെയിലുള്ള ഒരു ഉച്ചകഴിഞ്ഞ സമയത്ത് അർജുന്റെ അപ്പച്ചി ഉച്ചയൂണുകഴിഞ്ഞു മേശയും പരിസരവും വൃത്തിയാക്കുകയായിരുന്നു. അർജുൻ റിയാദിലുള്ള പഠനമൊക്കെ കഴിഞ്ഞ് വേനലവധിയിൽ യാതൊരു മാറ്റവുമില്ലാതെ അവരുടെ വീട്ടിൽ ഇരിക്കുന്ന സമയം. മുട്ട റോസ്റ്റും അവിയലും ഉൾപ്പെടെ ഞാൻ വയറുനിറച്ച് ഭക്ഷണം കഴിച്ച് ഇരിക്കുമ്പോഴാണ്, എന്റെ വയറ്റിൽ പായസത്തിന് ഇടമുണ്ടോ എന്ന് അപ്പച്ചി വളരെ കൗശലത്തോടെ ചോദിക്കുന്നത്. ഞാൻ പരമ്പരാഗതമായ രീതിയിൽ കൈകൊണ്ട് ഇലയിൽനിന്ന് നേരിട്ട് പായസം കുടിക്കുന്നതു കണ്ട് അവർ ആരാധനയോടെ അത് നോക്കിനിന്നു. ദുബായിൽ തിരിച്ചെത്തിയിട്ടും പായസത്തിലെ രുചി നാവിൽ തങ്ങിനിന്നു. പലതരം പായസങ്ങളെപ്പറ്റി ഞാൻ മനസ്സിലാക്കി. അർജുന്റെ ജന്മദിനത്തിന് സേമിയപായസം സ്വന്തമായി ഉണ്ടാക്കുന്നതിൽ ഞാൻ വിജയിച്ചു.



മുൻപുതന്നെ ചിക്കൻ കറി, ബീഫ് ഫ്രൈ, തോരൻ, പച്ചടി എന്നിവയൊക്കെ ഉണ്ടാക്കി ഞാൻ പരീക്ഷിച്ചിരുന്നു. അതുകൊണ്ട് പായസം താരതമ്യേന എളുപ്പമായി തോന്നി. പാൽ, പഞ്ചസാര, സേമിയ, കശുവണ്ടി, ഉണക്കമുന്തിരി എന്നിവയുണ്ടെങ്കിൽ പായസം തയാർ. പെട്ടെന്നുതന്നെ ഞാൻ പായസം ഉണ്ടാക്കി ചൂടോടെ വിളമ്പിവച്ചു. അർജുൻ അത്ഭുതത്തോടെ അതു കുടിച്ച് എന്നെ അനുമോദിച്ചു. അങ്ങനെ ഞാൻ നിശബ്ദയായി ആസ്ഥാന പായസവിദഗ്ദ്ധയായി സ്വയം അവരോധിച്ചു. അങ്ങനെ ആദ്യത്തെ ശ്രമം വിജയിച്ച ആത്മവിശ്വാസത്തിൽ ഓണത്തിന് വീണ്ടും പായസം ഉണ്ടാക്കാൻ ഞാൻ തീരുമാനിച്ചു. ദുബൈയിൽ തീരുവോണത്തിന് ഞങ്ങൾക്ക് അവധി ഉണ്ടാകാറില്ല. എങ്കിലും ദക്ഷിണേന്ത്യക്കാരായ എന്റെ സുഹൃത്തുക്കൾ ഉണ്ടായിരുന്നതുകൊണ്ട് ഒരു പാൽപ്പായസം ഉണ്ടാക്കാമെന്നുവച്ചു.

ഒരു ലളിതമായ പാൽപ്പായസത്തിന്റെ പാചകകൂട്ടുനോക്കി, പാലും പഞ്ചസാരയും അരിയുംകൂടി പ്രഷർകുക്കറിൽ വേവിക്കാൻ വച്ചു. അരമണിക്കൂർ കഴിഞ്ഞ് കുക്കറിന്റെ വിസിൽ ശബ്ദം മാറി എന്തോ തിളക്കുന്ന ശബ്ദം കേൾക്കാൻ തുടങ്ങി. ഒരു പൊട്ടിത്തെറി ഉണ്ടാകുമെന്ന് ഭയന്ന് ഞങ്ങൾ പെട്ടെന്ന് സ്റ്റൗ ഓഫ് ചെയ്തു. അപ്പോഴേക്കും പാൽ എല്ലായിടത്തേക്കും ചീറ്റിത്തെറിച്ചു തുടങ്ങിയിരുന്നു. അടുക്കളയാകെ അലങ്കോലമായി. ഞങ്ങൾ പരിസരമെല്ലാം വൃത്തിയാക്കി. ഭിത്തിയിലും മേൽക്കൂരയിലും മറ്റും ചിതറിത്തെറിച്ച പായസം തുടച്ചുമാറ്റി. അതിനുശേഷം അർജുൻ ഒരുചെറിയ സ്പൂൺ എടുത്ത് ബാക്കി ഉണ്ടായിരുന്ന പായസത്തിൽനിന്ന് രുചി നോക്കാനായി ഞങ്ങളുടെ കൈകളിലേക്ക് ഒഴിച്ചുതന്നു. ഭാഗ്യത്തിന് രുചിക്ക് ഒരു കുറവും ഉണ്ടായിരുന്നില്ല.

മലയാളം പഠിക്കാൻ തുടങ്ങിയ സമയത്ത് ഞാൻ ഇംഗ്ലീഷ് അധ്യാപികയായിരുന്നു. അതുകൂടാതെ സ്പാനിഷ്, കൊറിയൻ, ജാപ്പനീസ് തുടങ്ങിയ ഭാഷകളും പ







ഠിക്കുന്നുണ്ടായിരുന്നു. വ്യാകരണത്തെപ്പറ്റി എനിക്ക് തരക്കേടില്ലാത്ത അറിവുണ്ടായിരുന്നു. മറ്റുള്ളവരെ പഠിപ്പിച്ച അനുഭവജ്ഞാനവുമുണ്ട്. ഭാഷകൾ പഠിക്കാൻ ചെറുപ്പം തൊട്ടേ ഉള്ള താല്പര്യം കാരണം മലയാളം പഠിക്കാനുള്ള ആഗ്രഹം സ്വാഭാവികമായി തോന്നി. മാത്രമല്ല, സേമിയ പായസം വിജയകരമായി ഉണ്ടാക്കിയതോടെ ദ്രാവിഡ ഭാഷയായ മലയാളം പഠിക്കാൻ കൂടുതൽ ആത്മവിശ്വാസവും തോന്നി. എപ്പോഴും ചെയ്യുന്നതുപോലെ പുതിയ ഭാഷ പഠിക്കാൻ ഞാൻ ബുക്കുകൾ ശേഖരിച്ചു. ചില പാഠഭാഗങ്ങൾ ഓൺലൈൻ ക്ലാസുകളിൽനിന്ന് സ്വരൂപിച്ചു. അങ്ങനെ മലയാളപഠനം എന്ന അത്ഭുതത്തിനായി ഞാൻ കാത്തിരുന്നു. എന്നാൽ, പിന്നീട് യഥാർത്ഥത്തിൽ സംഭവിച്ചത് ഇതാണ്. യുഎഇ യിൽ സ്കൈപ്പ് ബ്ലോക്കുചെയ്യപ്പെട്ടു. പഠിക്കാനുള്ള മാർഗങ്ങൾ അടഞ്ഞു. 'ല' യും 'ള' യും ഉച്ചരിക്കുന്നത് എങ്ങനെ ആണെന്നതിനെച്ചൊല്ലി ഞാനും അർജുനും എല്ലാദിവസവും വഴക്കുകൂടി. ക്യാമറയ്ക്ക് മുന്നിൽ എന്തെങ്കിലും മലയാളം പറയാൻ ശ്രമിക്കുമ്പോൾത്തന്നെ ഞാൻ വിറങ്ങലിച്ചുപോകും.

സ്വന്തമായി പഠിക്കാൻ ശ്രമിച്ച് ഞാൻ വളരെ കഷ്ടപ്പെട്ടു. പെട്ടിക്കണക്കിന് മാർക്കറുകളും സ്കെച്ചുബുക്കുകളും വാങ്ങിക്കൂട്ടി. ചില വാക്കുകൾ എങ്ങനെ ഉച്ചരിക്കും എന്ന് ചോദിച്ചു ചോദിച്ചു എന്റെ സഹപ്രവർത്തകർക്ക് ഞാൻ സ്ഥിരം ശല്യമായി മാറി. കുട്ടികളുടെ മാസികകളും പാചക ബുക്കുകളുമൊക്കെ ഭാഷ പടിക്കുന്നതിനുള്ള എന്റെ ഉപാധികളായി. ഈ അവിശ്വസനീയമായ ഭാഷ പഠിക്കാൻ ശ്രമിക്കുന്നത് കൊണ്ട്, കഴിഞ്ഞ രണ്ടുവർഷമായി എന്റെ ജീവിതം ഒരു പ്രഷർകുക്കർ പോലെ തിളച്ചു മറിയുകയാണ്. ഈ വേനൽക്കാലത്ത് ഞാൻ ഒറ്റയ്ക്ക് കേരളത്തിൽ പോയി. മുൻപ് രണ്ടുപ്രാവശ്യം പോയിട്ടുണ്ടെങ്കിലും ഭർത്താവിന്റെ നാടുമാത്രമേ കണ്ടിരുന്നുള്ളൂ. എന്നാൽ ഈ പ്രാവശ്യം ഞാൻ കാസർകോഡു മുതൽ തിരുവനന്തപുരം വരെ സഞ്ചരിച്ചു. ഇംഗ്ലീഷ് അധികം വഴങ്ങാത്ത നാട്ടുകാരുമായും ഡ്രൈവർമാരുമായും സംസാരിച്ചു. യാത്രയ്ക്കിടയിൽ കാറിൽ ഇരുന്നുകൊണ്ടുള്ള എന്റെ സംസാരം, പച്ചവെള്ളംപോലെ അനായാസമായിരുന്നില്ലെങ്കിലും ആശയവിനിമയത്തിന് അത് മതിയായിരുന്നു. അവരുടെ ഭാഷയിൽ തമാശകളും ആശയങ്ങളും പങ്കുവയ്ക്കാൻ എനിക്ക് സാധിച്ചു. കഥകൾ പറഞ്ഞു കൊടുക്കാനും ചോദ്യങ്ങൾ ചോദിക്കാനും കഴിഞ്ഞു. അതൊരു ഒരു പൂർണ്ണ പരാജയം ആയിരുന്നില്ല.

ഒരു മാസത്തോളം ഞാൻ കേരളത്തിലെ എൻരെ ഓൺലൈൻ സുഹൃത്തുക്കളെയും ഫോളോവേഴ്സിനെയും സന്ദർശിച്ചു. വിവിധതരം ഭക്ഷണങ്ങൾ കഴിച്ചു. വാക്കുകളുടെ വൈവിധ്യവും ഉച്ചാരണ രീതികളും പഴഞ്ചൊല്ലുകളും മനസ്സിലാക്കി. ട്രെയിനിലും രാത്രിബസുകളിലും സഞ്ചരിച്ചു. തിരിച്ചുപോകുമ്പോൾ മലയാളികൾക്ക് പോലും കഴിയാത്തവിധം എനിക്ക് കേരളത്തെ അറിയാൻ സാധിച്ചു. എല്ലാറ്റിനുമുപരി മലയാളം പഠിക്കാനുള്ള എന്റെ താൽപര്യം പതിന്മടങ്ങ് വർധിച്ചു. എന്റെ ശ്രമങ്ങൾ തുടരാനുള്ള പ്രചോദനം കൂടിയായി ആ യാത്ര. ഒരു ഭാഷ പഠിക്കുക എന്നത് രേഖീയമായ ഒരു പ്രക്രിയയല്ല. ഒരു അധ്യാപിക എന്ന നിലയിൽ അത് ഞാൻ മനസ്സിലാക്കേണ്ടതാണ്. എന്നാൽ ചിലപ്പോഴൊക്കെ ഞാൻ ഒരു ഭാഷാ വിദ്യാർത്ഥി ആണെന്നത് ഞാൻ മറക്കുന്നു.

ഒരു പാചകവിധി കുറ്റമറ്റ രീതിയിൽ ചെയ്യുവാൻ സമയമെടുക്കും. അത് ശരിയായ രീതിയിൽ പാകപ്പെടുമ്പോൾ കേൾക്കുന്ന ശബ്ദം മനസ്സിലാക്കാൻ കഴിയണം. ആത്മവിശ്വാസം നമ്മളെ നമ്മുടെ ചിന്തകൾക്കപ്പുറം എത്തിക്കും. എന്നാൽ അന്തിമമായ ഫലത്തിൽ സ്ഥിരതയും സ്നേഹവും നിലനിർത്താനാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. അതിനാൽ ഇപ്പോഴും മലയാളം പഠിക്കുകയെന്ന പാചകവിധിയിലെ രുചിക്കൂട്ടുഘടകങ്ങൾ ശേഖരിക്കാനും മലയാളത്തിന്റെ രുചിയെ അഭിനന്ദിക്കാനും ഞാൻ ശ്രമം തുടരുന്നു. മാതൃഭാഷകൂടി മക്കളെ പഠിപ്പിക്കണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഇതാണ്. ക്ഷമയോടും ശ്രദ്ധയോടുംകൂടി അവരെ മനസിലാക്കുക. തെറ്റുകളിലും പരാജയങ്ങളിലും അവർക്ക് താങ്ങു നൽകുക. എന്റെ ദൗത്യം മലയാള സാക്ഷരത പ്രചരിപ്പിക്കുകയാണ്. തങ്ങളുടെ നിയന്ത്രണത്തില്ലാത്ത കാരണങ്ങളാൽ മലയാളവുമായുള്ള ബന്ധം നഷ്ടപ്പെടാനിടയായ കേരളീയരെ പുച്ഛിക്കുകയല്ല.

രണ്ടുദിവസം മുൻപ് ഞാൻ വീട്ടിൽ വന്നപ്പോൾ വാതിൽക്കൽ ഒരു ആമസോൺ ബോക്സ് കണ്ടു അങ്ങനെയൊരു ഓർഡർ നല്കിയകാര്യം ഓർമ്മിച്ചെടുക്കാൻ എനിക്കു കഴിഞ്ഞില്ല. എന്താണെന്ന് നോക്കാൻ ഞാനത് അകത്തു കൊണ്ടുവന്നു. ഭർത്താവിന്റെ മാതാപിതാക്കളുടെ വക ഒരു പ്രഷർകുക്കർ ആയിരുന്നു അതിൽ. എന്റെ ദൗത്യത്തിൽ മാതാപിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ എനിക്കുണ്ട് എന്ന് അതെന്നെ ഓർമിപ്പിച്ചു. അവരുടെ പ്രതികരണം വളരെ പ്രോത്സാഹനം നൽകുന്നതായിരുന്നു. അതിനാൽ ഞാൻ അവരോട് കടപ്പെട്ടിരിക്കുന്നു. ഒരു ഭാഷ പഠിക്കുക എന്നാൽ ആ ഭാഷയെ സ്നേഹിക്കുക എന്നതാണ്. ആരെയെങ്കിലും പഠിപ്പിക്കുക എന്നാൽ അവരെ സ്നേഹിക്കുക എന്നതും. ഭാഷകളോടുള്ള സ്നേഹത്തിന്റെ ഒരു തീപ്പൊരിയാണ് എന്നെ മലയാള ഭാഷയിലേക്ക് നയിച്ചുകൊണ്ടു പോയത്. അനവധി ആളുകളുടെ സ്നേഹമായിരുന്നു എനിക്ക് തിരികെ കിട്ടിയത്. അവർക്ക് വേണ്ടി അവരുടെ ഒരു അഭിമാനപാത്രമാകാൻ കഴിഞ്ഞു എന്നു ഞാൻ കരുതുന്നു. VK



# കാതിൽ മെല്ലെ ചൊല്ലുമോ



സപ്നഅനു ബി ജോർജ്
ഒമാൻ

*'കള്ളിപ്പൂങ്കുയിലേ കന്നിത്തേന്മൊഴിയേ,
കാതിൽ മെല്ലെ ചൊല്ലുമോ'*

കാതിൽ മൂളിക്കൊടുക്കാൻ, ഏകാന്തതയുടെ വിരസമായ ലോകത്ത് പലപ്പോഴും കൂട്ടുവരാറുള്ളത് ഇത്തരം വരികളാണ്. മനസ്സിലെ ഓർമ്മകളുടെ വാതായനങ്ങൾക്ക് ഈണമിട്ടുകൊടുക്കുന്നുണ്ട് ഈ വാക്കുകൾ! ചിലതെല്ലാം ഓർമ്മകളും, ചിലതെല്ലാം ഇന്നും ഇന്നലെയും നാളത്തെയും ഓർമ്മകളായിത്തീരാനുള്ളവ മാത്രം. ഇവയെല്ലാം വാക്കുകളുടെ ഈ ലോകത്തേക്ക് എന്റെ മനസ്സിന്റെ ചിന്തകളായി ഇവിടെ കുറിക്കട്ടെ! എല്ലാ അഭിപ്രായങ്ങളും വിശകലനങ്ങളും വ്യക്തികളും നമ്മുടെ ഓരോരുത്തരുടെയും ചിന്തകളുമായി യോജിച്ചുപോകണം എന്നില്ല, എങ്കിലും ചില കുറിപ്പുകൾ ഇവിടെ നിങ്ങളോട് പറയുന്നു അവസാനിക്കരുതെന്നാഗ്രഹിച്ചു കൊണ്ട്, എന്റെ സ്വപ്നങ്ങൾ മാത്രമായിരുന്നു അവ എന്നുകരുതി നിങ്ങളുടെ കാതിൽ മെല്ലെ മൊഴിഞ്ഞ് അവരെത്തുന്നു, എന്റെ വാക്കുകൾ, ചിന്തകൾ, സ്വപ്നങ്ങൾ!!

## ആത്മവിശ്വാസം എന്ന കൂപമണ്ഡൂകം

ഒരു മനുഷ്യന് അത്യാവശ്യം വേണ്ടത് ആത്മവിശ്വാസമാണ്. അതു നഷ്ടപ്പെട്ടവരെ ആർക്കും രക്ഷിക്കാൻ പറ്റില്ല. മറ്റുള്ളവരുടെ വാക്കുകൾ നമ്മെ കുലുക്കിമടക്കിയെറിഞ്ഞാൽ പിന്നെ ജീവിതത്തിൽ നഷ്ടം നമുക്കുമാത്രം! അതു സംഭവിക്കാനായി ആരും കാത്തിരിന്നു കാണുകയുമില്ല. നിങ്ങൾക്കും പരീക്ഷിച്ചുനോക്കാവുന്നതാണ് ഈ മാർഗ്ഗം! നമ്മൾ ഓരോരുത്തരെയും, സ്വഭാവത്തിലും, കാഴ്ചയിലും വ്യത്യസ്ഥമായിത്തന്നെയാണ് ദൈവം സൃഷ്ടിച്ചത് എന്നു വ്യക്തമാണ്. എന്നാൽ അതേപോലെതന്നെ, തീരുമാനങ്ങളും, കാഴ്ചപ്പാടുകളും വ്യത്യസ്ഥമായിരിക്കും, തീർച്ച! ആ സ്വഭാവങ്ങളുടെ ഏറ്റവും പ്രസക്തമായ ഭാവമാണ് ആത്മവിശ്വാസം അഥവാ, വ്യക്തിത്വം. അത്നമ്മൾ വളർന്നു വരുന്ന സാഹചര്യം, നമ്മളിൽ വ്യക്തിമുദ്രകൾ പതിപ്പിക്കുന്ന വ്യക്തികൾ, പുസ്തകങ്ങൾ, പഠനവിഷയങ്ങൾ അങ്ങനെ പലതരത്തിലുള്ള സ്വാധീനങ്ങളുണ്ടാവാം. ആത്മവിശ്വാസം വളത്തിയെടുക്കാനും തകർത്തുകളയാനും സാധിക്കുന്ന ഒന്നാണ് അതിനു അതിർവരമ്പുകളും നിയമങ്ങളും ഇല്ല. കർക്കശസ്വഭാവമുള്ള മാതാപിതാക്കൾ വളർത്തിയ കുട്ടികളിൽ തന്റേടക്കുറവ് കൂടുതലായിക്കാണുന്നു.

അമിതലാളനയും ചിലപ്പോൾ ഇതേഫലം ചെയ്യും. ഭാവിയിൽ സ്വന്തം കാര്യങ്ങൾ തീരുമാനിക്കുകയും, നേരിടേണ്ടിയും വരുമ്പോൾ അനുഭവക്കുറവു കാരണം ഉത്കണ്ഠയും കാലക്രമേണ ഇതു പരാജയഭീതിയും, പേടിയുമായി പുറത്തുവന്നേക്കാം! തന്റേടക്കുറവ് പരിഹരിക്കാനും, അനുയോജ്യമായി പ്രതികാരിക്കാനും ആദ്യം വേണ്ടത് സ്വന്തം അവസ്ഥയെപ്പറ്റിയുള്ള തിരിച്ചറിവാണ്. ഈ ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ പരിഹരിക്കാവുന്ന സ്വന്തം കുറവുകളെ തിരിച്ചറിയണം. പരിഹരിക്കാവുന്ന കുറവുകൾ എങ്ങനെ മാറ്റിയെടുക്കാം എന്നു സ്വയം തീരുമാനിക്കുക.

എന്നാൽ പരിഹരിക്കാനാവാത്ത ചുരുക്കം ചില കുറവുകൾ സ്വന്തം ദൗർബല്യങ്ങളാണെന്നു മനസ്സിലാക്കാനും മടിക്കേണ്ടതില്ല. ആത്മവിശ്വാസവും തന്റേടവും നമ്മുളിൽ ഉന്മൂലമാവുകുന്നത് കുട്ടിക്കാലത്താണെന്നു പറഞ്ഞല്ലോ. വീണ്ടും കുട്ടിക്കാലത്തിലേക്കു തിരികെപ്പോയി തന്റേടം തിരിച്ചുപിടിക്കാനാവില്ല.അതിനാൽ ചില പ്രത്യേക പരിശീലനങ്ങളിലൂടെ ആത്മവിശ്വാസം നേടിയെടുക്കാനാണ് ശ്രമിക്കേണ്ടത്.

സ്വന്തംഅഭിപ്രായങ്ങൾ സധൈര്യം തുറന്നുപറയാൻ ശീലിക്കുക എന്നാതാണ് ആദ്യപടി. നോക്കൂ, ഞാൻ പറയുന്നു, വാക്കുകളിലോ മനുഷ്യരിലോ നല്ലതും ചീത്തയുമില്ല, അതുപോലെ ശരിയും തെറ്റുമില്ല. എല്ലാവരും നാമാഗ്രഹിക്കുന്ന പോലെ പെറുമാറണമെന്നു വാശി പിടിക്കരുത്! എല്ലാവരിലും നന്മയും തിന്മയും ഉണ്ട്.

## നമ്മുടെ കാഴ്ചപ്പാടിലാണ് ശരിയും തെറ്റും മറഞ്ഞിരിക്കുന്നത്!

തണുത്തഭാവത്തിൽ, കാര്യങ്ങൾ പറയുന്നത് കേൾക്കുന്നയാളുടെ ആത്മവീര്യം തകർക്കും. അയാൾക്ക് തിരിച്ചിങ്ങോട്ട് അയാളുടെ ഭാഗം അവതരിപ്പിക്കാൻ, അവസരം നൽകുകയും വേണം. ആവശ്യമുള്ളതിൽ കൂടുതുലായി ഒരക്ഷരം പോലും കൂടുതൽ സംസാരിക്കാൻ പാടില്ല. തുടർച്ചയായി ഇങ്ങനെയുള്ള കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ നിങ്ങളുടെ സ്വഭാവം, സാവധാനം മാറുകതന്നെ ചെയ്യും. ആത്മവിശ്വാസം നേടാൻ ഒരേഒരു മാർഗ്ഗം, ജയിക്കും എന്ന പ്രതീക്ഷയോടെ നല്ല പ്രവൃത്തി ചെയ്യുക, പരാജയം നേരിടുമ്പോൾ, കാരണം മനസിലാക്കി തിരുത്താനുള്ള മനസ്സാന്നിദ്ധ്യം ഉണ്ടാക്കിയെടുക്കുക. നിങ്ങളുടെ ഇത്തരം ആകുലചിന്തകൾ മാറ്റിയെടുത്തേ മതിയാകൂ എന്ന യാതൊരു പിടിവാശിയുടെയും ആവശ്യവുമില്ല, മറിച്ച്, നമ്മുടെ ചിന്തകളെയും തീരുമാനങ്ങളെയും എങ്ങിനെ, എന്തുകൊണ്ട് എന്ന് സ്വയം മനസ്സിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ആത്മവിശ്വാസം ജീവിതത്തിൽ കൂടുതൽ വളരാൻ പ്രേരണ നൽകുന്ന ഊർജമാണ്. കണ്ണിൽ ഇരുട്ടുവീഴ്ത്തുന്ന പ്രശ്നങ്ങൾക്കിടയിലും മനസ്സിൽ ശുഭാപ്തി വിശ്വാസം വിതറുന്ന വെളിച്ചമാണ്. രക്ഷപ്പെടുവാനുള്ള വഴികൾ തെളിയിക്കുന്ന ചൂണ്ടുപലകയുമാണ്. കൃത്യമായ സ്വയംവിലയിരുത്തലിൽ നിന്നാണ് ആത്മവിശ്വാസം മുളപൊട്ടുന്നത്. എല്ലാവരും അവനവന് ഒരു വില ഇടാറുണ്ട്.

മറ്റുള്ളവർ മറഞ്ഞും നേരിട്ടും പറയുന്ന വാക്കുകൾ നമ്മളെ ഒരുപക്ഷെ സ്വാധീനിച്ചേക്കാം, നിരാശപ്പെടേണ്ട! തകർന്നു പോകാതെ നല്ല നിരീക്ഷണങ്ങൾ ഉൾക്കൊണ്ട് സ്വയം തിരുത്താൻ ശ്രമിക്കുക എന്നതാണ് ശരിയായ വഴി. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ എന്തു തന്നെയായാലും അവനവനെക്കുറിച്ച് സ്വയം ഒരു അഭിപ്രായം എല്ലാവരും സൃഷ്ടിച്ചെടുക്കാറുണ്ട്. അതും അത്മവിശ്വാസത്തിന്റെ ഒരു പടി തന്നെയാണ്, അത് ഒരു തരം കോംപ്ലെക്സ് ആവാതിരിക്കാൻ മാത്രം ശ്രദ്ധിക്കുക.

അധ്യാപകർ നമ്മളെഓരോരുത്തരെയും എത്രമാത്രം സ്വാധീനിക്കുന്നു എന്നതിനോട് എനിക്കിതുവരെ മഹത്തായ അഭിപ്രായമൊന്നുമില്ല! ഭാഷ ആശയവിനിമയത്തിനു മാത്രമാണു. അതിൽ കൂടുതൽ വില കൊടുക്കേണ്ടതില്ല. വികാരങ്ങൾക്ക് അടിമപ്പെടുന്നതു, തീരുമാനങ്ങളും കാഴ്ചപ്പാടുകളും വികാരപരവശരായി ചിന്തിക്കുന്നത്, ആത്മവിശ്വാസമുള്ള ഒരാളിന്റെ സ്വഭാവം അല്ല. അത് നല്ലതല്ല, ഒരു കാര്യത്തിലും!

## മനസ്സിനോട് പറയാൻ പത്ത് കാര്യങ്ങൾ

ആത്മവിശ്വാസം ഉണ്ടാകണം എന്ന് മനസ്സിനോട് പറയാം, വിശ്വസിപ്പിക്കാം. മറ്റാരെയും പോലെതന്നെ ശക്തിയുള്ള ഒരു വ്യക്തി തന്നെയാണ് ഞാൻ എന്ന് സ്വയം പറയുക. പോരായ്മകൾക്കിടയിലും നിങ്ങൾക്ക് ശക്തികളുണ്ടെന്ന് സ്വയം വിശ്വസിപ്പിക്കുക. നേട്ടങ്ങളുടെ സമയങ്ങൾ സ്വയം ചൂണ്ടിക്കാണിക്കുക, നിങ്ങൾ പൂർണ്ണമായും പരാജിതരല്ല എന്ന് സാക്ഷ്യം പറയുക. പല കാര്യങ്ങളും മറ്റുള്ളവരെക്കാൾ മെച്ചമായി ചെയ്യാൻ കഴിവുണ്ടെന്ന് ചൂണ്ടിക്കാണിക്കുക. അഭിമാനിക്കാൻ ധാരാളം കാര്യങ്ങൾ നിങ്ങൾക്കുമുണ്ടെന്ന്! സ്വയം ഓർമ്മിപ്പിക്കുക. ഞാൻ ഏറ്റവും നല്ലൊരു വ്യക്തിയാണെന്ന ചിന്ത എപ്പൊഴും മനസ്സിൽ വരുത്തുക. അവനവനോട് ആദരവ് തോന്നേണ്ട കാര്യങ്ങൾ സ്വയം ഓർക്കുക. ഒന്നിനും കൊള്ളാത്തവനെന്ന ചിന്ത മനസ്സിൽ നിന്ന് പൂർണ്ണമായും മാറ്റുക. സൽഗുണവ്യക്തി എന്ന വിചാരം, അടിമപ്പെടൽ അല്ല എന്ന് തന്റേടത്തോടെ പറയുക. VK






# മലയാളത്തിന്റെ സ്വന്തം ആഷർ



**ലില്ലി ജോയ്**
ദുവഴവവ



ഭാരതീയവും കേരളീയവുമായ കലാസാഹിത്യശാസ്ത്രഭാഷാ വിഷയങ്ങൾ പഠിച്ചു ഗ്രന്ഥങ്ങൾ രചിച്ച അനേകം പാശ്ചാത്യ പണ്ഡിതന്മാരെ നമുക്കറിയാം. മാക്സ് മൂള്ളർ, ഹൈന്റിക് റോത് എന്നിവർ ദേശീയതലത്തിലും, അർണോസ്പാതിരി, ഡോ.ഹെർമൻ ഗുണ്ടർട്ട് എന്നിവർ കേരളത്തിലും വളരെ അറിയപ്പെടുന്നവരാണ്. ഇവരുടെ സേവനം ചരിത്രത്താളുകളിൽ ഇടം പിടിച്ചിട്ടുമുണ്ട്. ദേശത്തിന്റെ അതിർവരമ്പുകൾക്കപ്പുറം മലയാളഭാഷയെ മനസോടു ചേർത്ത ഈ മഹാന്മാരുടെ നിരയിൽ പ്രതിഷ്ഠിക്കപ്പെടാവുന്ന തരത്തിൽ മലയാളഭാഷാസാഹിത്യത്തിന് അമൂല്യമായ സംഭാവനകൾ നല്കി, മലയാളികളുടെ പ്രീതി ബഹുമാനങ്ങൾ നേടിയ ആർ.ഇ. ആഷർ എന്നും മലയാളത്തിന്റെ സ്വന്തമായിരിക്കും.

1926 ജൂലൈയിൽ നോട്ടിങാംഷയെറിലെ ഗ്രിങ്‌ലെ ഓൺദ് ഹില്ലിൽ റോനാൾഡ് ഇ. ആഷർ ജനിച്ചു. നോട്ടിങാം ഷയറിലെ റെറ്റ്ഫോർഡിലെ കിങ് എഡ്വർഡ് VI ഗ്രാമർ സ്കൂളിൽ തന്നെയായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. പഠനത്തിലെ മികവുകൊണ്ട് സ്കോളർഷിപ്പ് നേടിയ ആഷർ 1950ൽ ലണ്ട്ടൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഫ്രഞ്ചിലും ജർമനിലും ബി.എ ഓണേഴ്സ് ബിരുദം കരസ്ഥമാക്കി. 1951ൽ ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫ്രഞ്ച് ധ്വനിവിജ്ഞാനത്തിൽ സർട്ടിഫിക്കറ്റും, 1955 ൽ പുനരുത്ഥാനകാല ഫ്രഞ്ച് എന്ന വിഷയത്തിൽ പി.എച്ച്.ഡിയും പ്രശസ്തമായ നിലയിൽ നേടി.

അരനൂറ്റാണ്ടു മുമ്പു ലണ്ടൻ യൂണിവേഴ്സിറ്റി ഹാളിൽ കേരളത്തിന്റെ അഭിമാനമായ വി.കെ കൃഷ്ണമേനോൻ ഉജ്വലമായ ഒരു പ്രഭാഷണം നടത്തി. അന്നു സദസ്യരുടെ കൂട്ടത്തിൽ അതേ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസിൽ ഭാഷാശാസ്ത്രത്തിൽ താരതമ്യപഠനം നടത്തുന്ന വിദ്യാർത്ഥിയായി ആഷറും ഉണ്ടായിരുന്നു. കൃഷ്ണമേനോന്റെ പ്രഭാണം തികച്ചും ആകസ്മികമായ ഒരു സംഭവമാണെങ്കിലും ആഷറിൽ കേരളത്തോടും മലയാളത്തോടുമുള്ള ഒരു ആത്മബന്ധത്തിന്റെ തുടക്കം കുറിച്ച അവിസ്മരണീയമായ നിമിഷമായിരുന്നു അത്.

ആഷർ ആദ്യം പഠിച്ച ദ്രാവിഡഭാഷ തമിഴായിരുന്നു. 1955ൽ തമിഴ് സംസാര ഭാഷ പഠിക്കാൻ അദ്ദേഹം തമിഴ്നാട്ടിൽ വന്നപ്പോൾ മലയാളത്തോടും പ്രത്യേക അഭിനിവേശം തോന്നിയെങ്കിലും കേര



ളം സന്ദർശിക്കാൻ പോലും കഴിയാതെ ഇംഗ്ലണ്ടിലേക്കു തിരികെപോയി. 1963 ൽ തമിഴ് ഭാഷാ പഠനത്തിന് ആഷർ വീണ്ടും തമിഴ്നാട്ടിൽ വന്നു. ഇംഗ്ലണ്ടിൽ നിന്നും ഇന്ത്യയിലേക്കു തിരിക്കും മുമ്പ് നാലു ദ്രാവിഡഭാഷകളും പഠിക്കുകയും, ഓരോ ഭാഷയിലും നല്ല അറിവും പരിചയവും നേടുകയും ചെയ്തിരുന്നു. മലയാളഭാഷയിൽ അവഗാഢമായ പ്രാഗല്ഭ്യം നേടാൻ കൊതിച്ച ആഷറെ മലയാളഭാഷാശാസ്ത്രജ്ഞനായ കെ.എം പ്രഭാകരവാര്യരും സുഹൃത്തുക്കളും വളരെയധികം സഹായിച്ചു. ചുരുങ്ങിയ കാലംകൊണ്ട് ആഷർ സംസാരഭാഷയിലും എഴുത്തുഭാഷയിലും പ്രാവീണ്യം നേടി.

ലോകത്തിലെ ഭാഷാശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായ ആഷർ മലയാളം പഠിച്ചതോടെ നമ്മുടെ നോവലിലും കഥകളിലും പ്രത്യേകം താല്പര്യം തോന്നി. തകഴിയുടെയും ബഷീറിന്റെയും നോവലുകൾ ഇദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. 'മലയാളകഥകൾക്ക് ഒരു പ്രത്യേക കരുത്തുണ്ട്' ആഷർ ഒരിക്കൽ തകഴിയോട് പറഞ്ഞു. ബഷീറിന്റെ പാത്തുമ്മയുടെ ആടായിരുന്നു ആഷർ മലയാളത്തിൽ ആദ്യം വായിച്ച നോവൽ. തുടർന്ന് അദ്ദേഹം തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന നോവൽ വായിച്ചു. തകഴിയുടെയും ബഷീറിന്റെയും എല്ലാ കഥകളും വായിച്ചു കഴിഞ്ഞപ്പോൾ, വായിച്ച കഥകൾ മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യണമെന്നായി ആഷറിന്റെ മോഹം.

1975ൽ ആഷർ തകഴിയുടെ 'തോട്ടിയുടെ മകൻ' ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു. കഠിനമായ ഭാഷാശൈലി കാരണം ബഷീറിന്റെ 'ന്റുപ്പാപ്പാക്കൊരാനണ്ടാർന്നു' എന്ന കൃതിയുടെ തർജ്ജിമ തുടങ്ങിയെങ്കിലും ആഷർക്ക് ഇടയ്ക്ക് വെച്ച് നിർത്തേണ്ടിയും വന്നു. പിന്നീടു 'ബാല്യകാലസഖി', 'പാത്തുമ്മയുടെ ആട്' എന്നിവ വിവർത്തനം ചെയ്തു. ആദ്യ കാലത്തു ബഷീറിന്റെ ഭാഷ ആഷറിന് വഴങ്ങിയില്ലെങ്കിലും ബഷീറിന്റെ മനസ്സിനെ തൊട്ടറിഞ്ഞ് ആ വലിയ കഥാകാരന്റെ ആത്മനൊമ്പരങ്ങളും കഥാപാത്രങ്ങളുടെ ഹൃദയത്തുടിപ്പുകളും സ്വന്തമെന്നപോലെ അനുഭവിച്ചറിഞ്ഞു. ഇതിനുദാഹരണമാണ് മൂലകഥയിലെ 'കുഴിയാനയുടെ' വിവർത്തനം. കുഴിയാനയുടെ ഇംഗ്ലീഷ് പദം മിഹേശീ എന്നാണ്. ഈ വാക്കിൽ ആനയ്ക്കുള്ള ഇംഗ്ലീഷ്പദമായ 'elephant' ഇല്ല. ഈ ആന ഇല്ലെങ്കിൽ ആ പ്രതീകത്തിന് കിട്ടുന്ന ഹാസ്യം അടക്കമുള്ള എല്ലാ പ്രയോജനങ്ങളും ലഭിക്കാതെ വരുമെന്ന് മനസ്സിലാക്കിയ ആഷർ കുഴിയാനയ്ക്ക് ഇംഗ്ലീഷിൽ പുതിയ പദം സൃഷ്ടിച്ചു. ആ പദം elephant ant എന്നാണ് മലയാളം പഠിച്ച്, ഒരു വിദേശി, മലയാളത്തിൽ നിന്നും വിവർത്തനം ചെയ്ത് വിദേശത്ത് ആദ്യമായി പ്രസിദ്ധീകരിച്ച മലയാളകൃതി 'My Grand dad had An Elephant' ആണ്.



ഇക്കാരണത്താൽ ആഷർ മലയാളികളുടെ സ്നേഹാദരങ്ങൾ ഏററവും അർഹിക്കുന്നു. എഡിൻബറോ യൂണിവേഴ്സിറ്റി പ്രസ്സ് 1980 ൽ ഈ പുസ്തകം പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തനം കൊണ്ടുമാത്രമാണ് ബഷീറിന്റെ പേർ നോബൽ സമ്മാനത്തിന് പിൽക്കാലത്ത് നിർദ്ദേശിക്കപ്പെട്ടത്. ഇതു കൂടാതെ മലയാളത്തിലെ പ്രഗത്ഭരായ പല എഴുത്തുകാരുടെയും കൃതികൾ ആഷർ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

ആഷറിന്റെ നിസ്തുലമായ സേവനം മലയാളത്തിനു ലഭിച്ചത് മലയാള മഹാനിഘണ്ടുവിന്റെ നിർമ്മാണത്തിലാണ്. ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിൽ 1953ൽ ആരംഭിച്ച നിഘണ്ടു നിർമ്മാണത്തിന് പ്രാരംഭമായി രൂപമാതൃക നിഷ്കൃഷ്ടമായി നിർദ്ദേശിച്ച വ്യക്തി ആഷറായിരുന്നു. പിൽക്കാലത്ത് ഈ മാതൃക ഭാരതത്തിലെ മറ്റുപല പ്രാദേശിക ഭാഷകളും നിഘണ്ടു നിർമാണത്തിനുള്ള അടിസ്ഥാനരൂപരേഖയായി സ്വീകരിച്ചു.

നിഘണ്ടു മുദ്രണത്തിന് കൊടുക്കുന്നതിന് മുൻപ് ആഷർ കേരളത്തിൽ നേരിട്ടുവന്ന് അസൽ പരിശോധിച്ച് ഇങ്ങനെ അഭിപ്രായപ്പെട്ടു: 'ഞാൻ ഒട്ടേറെ സ്ഥാപനങ്ങളിൽ പോയി, പല മാതൃകകളും പരിശോധിച്ചു. ഇതാണ് മെച്ചപ്പെട്ടത് എന്നാണ് എന്റെ അഭിപ്രായം'. ആഷറിന്റെ ഈ അഭിപ്രായം അറിഞ്ഞതു മുതൽ ഈ നിഘണ്ടുവിനെതിരെ ഉയർന്നിരുന്ന എല്ലാ ആക്ഷേപങ്ങളും അപഹാസ്യപരമായ പ്രസ്താവനകളും കെട്ടടങ്ങി.

മലയാള മഹാനിഘണ്ടുവിനെപ്പറ്റിയും ആഷറിന്റെ സേവനത്തെപ്പറ്റിയും മഹാകവി എം. പി. അപ്പൻ രചിച്ച മനോഹരകവിതയിൽ ആഷറിനെപ്പറ്റി സ്മരിക്കുന്നത് ഇപ്രകാരമാണ്.

*'ഖ്യാതിപ്പെട്ടൊരു രഷ്യയും മഹിത*
*മാ മിംഗ്ലണ്ടമേരിക്കയും*



*ജ്യോതിസ്സേ! തവ കീർത്തികന്ദളിനിരക്കേ കുന്നിതേ സ്വാഗതം.*

*നീതികേടറിയാതൊരാഷർ അവിടേക്കർപ്പിച്ചതാം ശ്ലാഘയോ*

*ഭൃതിക്കാസ്പദമാണു നമ്മുടെ മഹാഭാഷക്കു ഭൂഷോപമം.'*

തകഴിയുടെയും ബഷീറിന്റെയും കേശവദേവിന്റെയും കൃതികൾ മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തുകൊണ്ടു മാത്രമല്ല ആഷർ കേരളത്തിൽ പ്രസിദ്ധനായത്. മലയാളത്തിൽ അദ്ദേഹം നിരവധി പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. ഇവയിൽ ഏറ്റവും പ്രധാനം1989 ആഗസ്റ്റ് 31ന് പ്രസിദ്ധീകരിച്ച 'മലയാളഭാഷ സാഹിത്യപഠനങ്ങൾ' എന്ന ഗ്രന്ഥമാണ്. മലയാളഭാഷയെയും സാഹിത്യത്തെയും കുറിച്ചുള്ള പതിമൂന്നു പ്രബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. 1999ൽ 'മലയാളത്തിന്റെ സർഗ്ഗവിസ്മയം' എന്ന പേരിൽ ബഷീറിന്റെ നോവലുകളെക്കുറിച്ചുള്ള മറ്റൊരു ഗ്രന്ഥം കൂടി പ്രസിദ്ധീകരിച്ചു.

മലയാളഭാഷയുടെയും മലയാളത്തിലെ എഴുത്തുകാരുടെയും യശസ്സ് ലോകമെമ്പാടും എത്തിക്കുന്നതിൽ ഏറ്റവും കൂടുതൽ പരിശ്രമിച്ച വ്യക്തി ആഷറാണ്. 1967ൽ 'Encyclopaedia of Britanica' യിൽ മലയാളസാഹിത്യത്തെക്കുറിച്ചുള്ള അദ്ധ്യായം എഴുതിയത് ആഷറായിരുന്നു. 1968ൽ ഹോളണ്ടിൽ നിന്നും പ്രസദ്ധീകരിച്ച ഭാഷാപഠനബുക്സ് പ്രകാശനം ചെയ്ത 'The Penguin Companion to Literature' എന്ന പുസ്തകത്തിലും മലയാളഭാഷയെപ്പറ്റി എഴുതിയത് ഇദ്ദേഹമാണ്. ഈ ഗ്രന്ഥത്തിൽ നമ്മുടെ ഭാഷയിലെ പ്രസിദ്ധ എഴുത്തുകാരായ എഴുത്തച്ഛൻ, ഒ. ചന്തുമേനോൻ, വള്ളത്തോൾ, കെ.എം.പണിക്കർ, തകഴി എന്നിവരെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ ഉണ്ട്. 1970ൽ പ്രസിദ്ധീകരിച്ച 'The novel in India:It's birth and development' എന്ന കൃതിയിൽ മലയാളസാഹിത്യത്തിലെ എല്ലാ പ്രശസ്ത കൃതികളെപ്പററിയും ഇദ്ദേഹം വിശദമായ പഠനം നടത്തിയിട്ടുണ്ട്. 1970ന് ശേഷം പാശ്ചാത്യരാജ്യങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രമുഖ വിശ്വവിജ്ഞാകോശങ്ങളിൽ മലയാളഭാഷയെയും സാഹിത്യകാരന്മാരെയും കുറിച്ചുള്ള പഠനങ്ങൾ ഇദ്ദേഹത്തിന്റേതാണ്

ആഷറിന്റെ മുഖ്യകർമ്മവേദി എഡിൻബറോ യൂണിവേഴ്സിറ്റിയായിരുന്നു. 1965 ൽ അവിടെ ഭാഷാശാസ്ത്ര താരതമ്യപഠനവിഭാഗത്തിൽ അദ്ധ്യാപകജീവിതം ആരംഭിച്ച ഇദ്ദേഹം അവിടെ വകുപ്പുമേധാവി, ഡീൻ, പ്രോവൈസ് ചാൻസലർ, ആർട്സ് ഫാക്കൽററി ഓണററി ഫെലോ, എമിരിററസ് പ്രഫസർ എന്നീ നിലകളിലെല്ലാം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽ തമിഴ് വിസിറ്റിങ് പ്രഫസർ, മിഷിഗൺ യൂണിവേഴ്സിറ്റിയിൽ മലയാളം, തമിഴ് വിസിറ്റിങ് പ്രഫസറായും പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നിവടങ്ങളിലെ നാല്പതിലേറെ യൂണിവേഴ്സിറ്റികളിൽ വിസിറ്റിങ് പ്രഫസറായും ഗസ്റ്റ് ലക്ചററായും ജോലി ചെയ്തിട്ടുണ്ട്. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും സേവനം നടത്തിയിട്ടുള്ള ഇദ്ദേഹം 199596 ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ബഷീർ ചെയർ മേധാവിയായിരുന്നു. 1997 ൽ ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ച 'Malayalam' എന്ന പുസ്തകം മലയാളത്തിലെ ഈടുറ്റ ഒരു വ്യാകരണ ഗ്രന്ഥമാണ്. ഭാഷാസാഹിത്യ വ്യാകരണവിഷയങ്ങളടങ്ങിയ പത്തിലേറെ ഗ്രന്ഥങ്ങൾ ആഷർ ലോകത്തിന് സമ്മാനിച്ചിട്ടുണ്ട്. ഒരു ഡസനിലധികം പുസ്തകങ്ങൾ ഇദ്ദേഹം എഡിറ്റ് ചെയ്തിട്ടുണ്ട്. ഒൻപതിലേറെ വിശ്വവിജ്ഞാകോശങ്ങളുടെ എഡിറ്ററായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഇതിനുപുറമെ നാല്പത്തിയഞ്ച് പുസ്തകങ്ങൾ വിവർത്തനം ചെയ്തു. ഇതിനെല്ലാമുപരി അനേകം ലേഖനങ്ങൾ ഇദ്ദേഹം വിവിധഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്രയും മഹത്തായ നിലയിൽ ഭാഷാസേവനം ചെയ്ത ആഷർ ഒരിക്കൽ തകഴി ശിവശങ്കരപ്പിള്ളയ്ക്ക് ഇങ്ങനെ എഴുതി: 'എന്തെങ്കിലും നിലനിൽക്കത്തക്കവിധം ശാശ്വതമായി ഒന്ന് ചെയ്തുവയ്ക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. അത് 'കയർ' തർജ്ജമ ചെയ്യുക എന്നതാണ് എന്ന് എന്റെ ആത്മാവ് സമ്മർദ്ദം ചെലുത്തുന്നു. യൂണിവേഴ്സിറ്റിയിലെ ഒരു വിഭാഗത്തിന്റെ തലവനെന്ന നിലയിലുള്ള തിരക്കേറിയ ജോലിക്കിടയിലും ആ വലിയ ജോലിയിൽ മുഴുകാൻ എനിക്കുകഴിയുന്നു.

മലയാളഭാഷസ്നേഹവും സാഹിത്യപഠനവും വെറും ബൗദ്ധിക തലത്തിൽ മാത്രം ഒതുങ്ങിയ ഒരു പ്രക്രിയയായിരുന്നില്ല ആഷറിന്. അദ്ദേഹം മലയാളത്തെ മാതൃഭാഷയെപ്പോലെ സ്നേഹിക്കുകയും കേരളത്തെ സ്വന്തം തറവാടായി കണക്കാക്കുകയും ചെയ്തു. അദ്ദേഹം ഇങ്ങനെ എഴുതുന്നു: ' മലയാളഭാഷയെയും സാഹിത്യത്തെയും സംബന്ധിച്ചുള്ള എന്റെ ലേഖനങ്ങളിലും പാശ്ചാത്യരാജ്യങ്ങളിൽ ചെയ്ത പ്രഭാഷണങ്ങളിലും കേരളത്തെ സംബന്ധിച്ചു വിശേഷങ്ങളുടെ ഉത്തമാവസ്ഥയിലല്ലാതെ സംസാരിക്കാൻ എനിക്ക് ഇതുവരെ സാധിച്ചിട്ടില്ല... കേരളത്തോട് അനിഷ്ടം തോന്നാത്ത ഒരാൾ തീർച്ചയായും അതിനെ സ്നേഹിക്കും. എന്നെ സംബന്ധിച്ചിടത്തോളം ആരെങ്കിലും കേരളത്തെ ഇഷ്ടപ്പെടുന്നില്ലെന്ന് കേൾക്കുമ്പോൾ ഞാൻ അമ്പരക്കുകയാണ്. കാരണം ഇന്ത്യയുടെ മററു ഭാഗങ്ങളെ അപേക്ഷിച്ച് എന്തിന്, ലോകത്തിന്റെ മററു ഭാഗങ്ങളെ അപേക്ഷിച്ചു തന്നെ ഒരു വിദേശിയന് കൂടുതൽ അനുഭൂതികൾ നൽകാനുള്ള അനന്തമായ സാധ്യതകൾ കേരളത്തിനുണ്ട്.'

ബഷീറിന്റെ 'ബാല്യകാലസഖി ' നോർവീജിയൻ കഥാകാരനായ ക്നൂട്ട് ഹാംഡൂണിന്റെ 'വിക്ടോറിയ' യുടെ അനുകരണമാണെന്നു പറഞ്ഞ് ബഷിറിനെ അപമാനിക്കാൻ പലരും ശ്രമിക്കയുണ്ടായി. എം കൃഷ്ണൻനായർ പോലും ഇതിനുമുതിർന്നു. ഇവരുടെയെല്ലാം ആരോപണങ്ങളെ തകർക്കാൻ അദ്ദേഹം ഈ രണ്ടുകൃതികളെപ്പററി ഒരു താരതമ്യപഠനം നടത്തി. 'പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിൽ ഫ്രാൻസിലുണ്ടായിരുന്ന പ്രസിദ്ധരായ നോവൽ രചയിതാക്കളുടെ പന്തിയിലാണ് ബഷർ'. ബഷീറിന്റെ ഭാവനാശക്തിയും ശൈലീവല്ലഭത്വവും യൂറോപ്പിലെ മികച്ച ക്ലാസിക് കൃതികളുടേതിന് തുല്യമാണെന്ന് ഇദ്ദേഹം നിസംശയം പ്രസ്താവിച്ചു. ആഷർ തുടർന്നും ഇങ്ങനെയെഴുതി: ' ബഷീറിന്റെ കൃതികളിൽ യാതൊരു പാശ്ചാത്യസ്വാധീനം കണ്ടെത്താനുള്ള ശ്രമം വ്യർത്ഥമാണ്.

ഇംഗ്ലീഷ്ഭാഷയിലെ സുപ്രധാന നിഘണ്ടുക്കളിൽ ഒട്ടനവധി മലയാളപദങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടത് മലയാള നോവലുകൾ ആഷർ വിവർത്തനം ചെയ്യപ്പെട്ടതിന് ശേഷമാണ്. ഈ വാക്കുകളിൽ ഏറിയപങ്കും ബഷീറിന്റെ നോവലുകളിലെ പദങ്ങളാണ്. ഉദാഹരണത്തിന്, അവിയാൽ, ഇബലീസ്, ദോത്തി, മുണ്ട്, കഞ്ഞി, ബീഗം, ബീഡി, ജ്ജുബാ, കാലൻ, പന്തൽ, ആശാൻ, പത്തിരി, സത്യാഗ്രഹം, താലി, ചക്രം, ഉമ്മ, ഉപ്പാപ്പ എന്നിങ്ങനെ പോകുന്നു ഈ പട്ടിക.

ആഷറിന്റെ നിസ്തുലവും നിസ്തന്ദ്രവുമായ ഭാഷാസേവനത്തിന് ആഗോളതലത്തിൽ അനേകം അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. 1964 ൽ അദ്ദേഹത്തിന് ഫെലോ ഓഫ് ദി റോയൽ ഏഷ്യാററിക്ക് സൊസൈററി ലഭിച്ചു. 1983 ൽ കേരളസാഹിത്യ അക്കാദമി അദ്ദേഹത്തെ ഫെലോ ആയി ആദരിച്ചു. ഇന്ത്യയിലെ ഒരു അക്കാദമി ഫെലോഷിപ്പ് നല്കി ബഹുമാനിച്ച ആദ്യത്തെ വിദേശി ആഷറാണ്. VK

# മുറ്റത്തെ മുല്ലകൾ



**ഉഷാഗോപാൽ**
ബഹ്റിൻ

ഭാഷ എന്ന അസ്ഥിവാരത്തിൻ മേലാണ് ഏതൊരു നാടിന്റെയും കലാ സാംസ്കാരിക സാഹിത്യം വളരുന്നതും പടരുന്നതും. കേരളത്തനിമയായ അത്തച്ചമയവും പൂരവും വള്ളംകളിയും തെയ്യവും അതിന്റെ പൂർണ്ണ ശോഭയോടെ കാണപ്പെടുന്നത് പ്രവാസികളുടെ മനക്കണ്ണുകളിലാണ്. മലയാളഭാഷാസ്നേഹത്തിൻറെ മുരടിച്ച തലപ്പുകൾ വേഗത്തിൽ തഴച്ചുവളരുന്നതും മറുനാടൻ മണ്ണിൽത്തന്നെ. ഗൃഹാതുരത്വത്തിന്റെ മഹത്വം വിരഹത്തിലൂടെ അനുഭവിച്ചറിയുന്നതുകൊണ്ടാവാം പ്രവാസികളുടെ പല കർമ്മ പദ്ധതികളും വിജയകരമാകുന്നത്. സർക്കാരിന്റെ ഭാഷാമിഷൻ സഹായവും വേണ്ടവിധം ഉപയോഗിക്കാൻ മറുനാട്ടിലെ മലയാളികൾക്ക്, എടുത്തു പറഞ്ഞാൽ ഗൾഫ് രാജ്യങ്ങളിലുള്ളവർക്ക് സാധിക്കുന്നുണ്ട്.

മുക്കുറ്റി, നന്ത്യാർവട്ടം ഇത്യാദി മുല്ലകളൊന്നും കണ്ടിട്ടില്ലാത്ത പ്രവാസി വിദ്യാർത്ഥികൾ അവയുടെ ചിത്രംനോക്കിയും അതോർത്തുവച്ച് നാട്ടിലെത്തുമ്പോൾ നേരിട്ടു കണ്ടും അറിയുന്ന രീതിയെ രസകരമായൊരു പഠനഭാഗമായി മാത്രം കണ്ടാൽ മതി. ദശപുഷ്പങ്ങളുടെ നടുവിൽ വളരുന്ന മലയാളമക്കൾക്കെല്ലാവർക്കും മുറ്റത്ത്നിൽക്കുന്ന വെളുത്തപൂവ് നന്ത്യാർവട്ടമാണെന്ന് അറിയണമെന്നില്ല.

ഭാഷാപരിജ്ഞാനത്തിന് സകലസൗകര്യങ്ങളുമുള്ള മലയാളനാട്ടിൽ വളർന്നു വരുന്ന കുരുന്നുകൾക്ക് സുപ്രധാനലക്ഷ്യങ്ങൾ പലതമുള്ളതുകൊണ്ട് വലിയൊരു വിഭാഗത്തിനും മാതൃഭാഷ അപ്രധാനവിഷയമാകുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈയടുത്തദിവസത്തെ അനുഭവത്തിന്റെ ഒരുചെറു വെളിച്ചം ഇവിടെ തെളിയിക്കാം.

നാട്ടിലെ ഞങ്ങളുടെയൊരു സുഹൃത്ത് ഞങ്ങൾക്കായി കുറച്ച് വാഴക്കന്ന് എടുത്തുവച്ചിട്ടുണ്ടന്ന് പറഞ്ഞ് അയാളുടെ മകനെ ഞങ്ങളുടെവീട്ടിലേക്കയച്ചു. ബാംഗ്ലൂരിൽനിന്നും അവധിക്കുവന്ന ഈ മാവേലി കുശലങ്ങളെല്ലാം പറഞ്ഞശേഷം വന്നകാര്യമറിയിച്ചു



*‘പറമ്പിൽ കൊന്ന ഉണ്ടന്നും വന്ന് എടുത്തുകൊള്ളാനും..! എന്താണത്?*

*“നടാനുള്ളതാണന്ന് അറിയാം, ആ പേര് കിട്ടുന്നില്ല.”*

*ചീമക്കൊന്ന?, അതോ കണിക്കൊന്നയാണോ?, പല സാദ്ധ്യതാസൂചനകൾ കൊടുത്തിട്ടും അതൊന്നുമല്ല...*

*ക്ഷമകെട്ട്*

*“പിന്നെന്തൂട്ട് വാഴക്കയാണെ”ന്ന ചോദ്യത്തിലാണ് പ്രകാശിച്ചത്....,!!!*

*“അദ്ദന്നെ !!*

*“വാഴക്കൊന്ന” ..............!*

*വാഴക്കന്ന് എന്ന് മനസ്സിലാക്കുക ...*

കക്ഷിയുടെ ബാല്യമെല്ലാം ശ്യാമസുന്ദരകേരകേദാരഭൂവിൽത്തന്നെയാണെന്നും പറഞ്ഞോട്ടെ. മുറ്റത്ത് മുല്ലത്തോട്ടമുണ്ടായാലും, മണം തിരിച്ചറിയേണമല്ലോ സ്വദേശത്താണെങ്കിലും വിദേശത്താണെങ്കിലും ശുദ്ധ മലയാളത്തെ വേണ്ടവിധം വളർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നരണ്ടു വിഭാഗങ്ങളാണ് അദ്ധ്യാപകരും ദൃശ്യ, ശ്രവ്യ മാദ്ധ്യമങ്ങൾ കൈകാര്യം ചെയ്യുന്നവരും. ആത്മാർത്ഥതയോടെ മുന്നിട്ടിറങ്ങുന്ന അക്ഷരജ്ഞാനമുള്ള വീട്ടമ്മമാർ തന്നെ ബാലപാഠത്തിനും കുരുന്നുകളെ ഭാഷാമധുരം ഊട്ടാനും മതിയാകും.

കന്ന്, മൂട്, പിണ്ടി, കിഴങ്ങ് ഇത്തരം പ്രയോഗങ്ങളുമായി മണ്ണിനുള്ള ബന്ധത്തെക്കുറിച്ച് കൊച്ചു കൊച്ചുകഥകളിലൂടെയും നാടൻ പാട്ടിലൂടെയും പുതുതലമുറക്ക് എളുപ്പത്തിൽ പരിചയപ്പെടുത്താനാവും. മറുനാട്ടിലെ കുട്ടികളെ മലയാളത്തോട് അടുപ്പിക്കാൻ ആംഗലേയഭാഷയെ അകറ്റണമെന്നില്ല, ഒപ്പം മലയാള ഭാഷാപ്രയോഗത്തിലും അഭിമാനമുണ്ടാക്കിയെടുക്കണമെന്നുമാത്രം. സ്വന്തം മാതൃഭാഷയോടും നാടിനോടും നമ്മേക്കാൾ തീവ്രത പുലർത്തുന്ന തമിഴ് ജനത ആംഗലേയഭാഷയെ താരതമ്യേന കൂടുതലായി ഉപയോഗിക്കുന്നവരാണന്നുള്ളത് ശ്രദ്ധേയമാണ്.

ബഹറൈൻ ഉൾപ്പെടെയുള്ള മറുനാടുകളിലെ മലയാളികൾ വിജയകരമായി നടത്തിക്കൊണ്ടുവരുന്ന അക്ഷര കൂട്ടായ്മയും അതിലെ കൊച്ചുകൊച്ചു പരീക്ഷകളും മലയാളഭാഷയുടെ വേരോട്ടത്തിന്റെ പ്രതീക്ഷകളായി കണക്കാക്കാം. മറുനാട്ടിലെ നാടൻ വാദ്യോപകരണപരിശീലന കളരികളും ഒരർത്ഥത്തിൽ വിദ്യാർത്ഥികൾക്ക് ഭാഷാജ്ഞാനം തന്നെയാണ് നൽകുന്നത്. കേരളത്തിന്റെ നാലു ദിക്കുകളിലുമുള്ള ഭാഷാശൈലി, കലാരൂപങ്ങൾ, പൊതു ഉൽസവങ്ങളിലെ സാമ്യത വൈജാത്യത, ഇവയെല്ലാം ഒരേ ചുറ്റുവട്ടത്തിരുന്നുകൊണ്ട് പഠിക്കുമ്പോൾ ഭാഷയുടെ ഉൾക്കരുത്തും വ്യാപ്തിയും സ്വാഭാവികമായി അറിയുവാൻ സാധിക്കുന്നു.

നാട്ടിലുണ്ടായിരുന്നെങ്കിൽ എന്നോർത്ത് പ്രവാസത്തിൽ എണ്ണിക്കൂട്ടിയ നഷ്ടങ്ങളൊക്കെ തിരികെ മടങ്ങിവന്നശേഷം നികത്താൻ ശ്രമിക്കാറുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. അതുകൊണ്ട് ചുരുങ്ങിയ ലോകത്തെ വലിയ അവസരങ്ങളെ ഉപയോഗിക്കാൻ ഓരോ പ്രവാസിയും ആഗ്രഹിക്കുമ്പോഴേ അക്ഷരമുറ്റത്തെ ചെറുചട്ടികളിലൊതുങ്ങിയ മലയാളമുല്ലകളിലെ സൗരഭ്യത്തെ ആസ്വദിക്കാൻ സാധിക്കൂ. VK



# സംഗീതത്തിന്റെ തലസ്ഥാനനഗരിയിലും 'അമ്മ മലയാളം'



**ലില്ലി ജോയ്**
ദുവഴവവ



വിയന്നയിൽ ജനിച്ചു വളർന്ന രണ്ടാം തലമുറയിലെ നൈസി കണ്ണാംപടത്തിന്റെ സ്കൂൾ വിദ്യാഭ്യാസം തദ്ദേശിയ ഭാഷയായ ജർമ്മനിൽ ആയിരുന്നു. ഇവിടുത്തെ മലയാളം സ്കൂളിൽ മലയാളം പഠിച്ച നൈസി ഇപ്പോൾ മലയാളം വളരെ നന്നായി എഴുതുകയും വായിക്കുകയും ശുദ്ധശബ്ദസ്വരത്തിൽ സംസാരിക്കുകയും ചെയ്യും. വിദേശ രാജ്യങ്ങളിൽ ജനിച്ചു വളരുന്ന രണ്ടാം തലമുറയ്ക്കും മലയാളം പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും നൈസി നല്ല ഒരു മാതൃകയാണ്. പ്രസംഗം, സംഗീതം, നൃത്തം, അഭിനയം എന്നിവയിലും മികവു തെളിയിച്ച വ്യക്തിയാണു നൈസി. വിയന്നയിൽ ഐക്യരാഷ്ട്രസംഘടനയിൽ ഉദ്യോഗസ്ഥയാണു ശ്രീമതി നൈസി കണ്ണാംപടം. തന്റെ മലയാള ഭാഷാ പഠനത്തെക്കുറിച്ചുള്ള വിവരണം നൈസിയുടെ വാക്കുകളിൽ.

രണ്ടാം തലമുറ മലയാളിക്കുട്ടികളായി വിയന്നയിൽ ജനിച്ചു വളർന്ന ഞങ്ങൾ മലയാളം പഠിക്കണമെന്ന് എന്റെ പിതാവിന് നിർബന്ധം ആയിരുന്നു. ഞാനും എന്റെ ഇളയ സഹോദരിയും മലയാളം പഠിക്കണമെന്നും ആ കാരണത്താൽ വീട്ടിൽ ആരും ഒരു വാക്ക് ജർമ്മൻ പറയരുതെന്നും, പറഞ്ഞാൽ പിഴയായി അന്നത്തെ പത്ത് ഗ്രോഷൻ കൊടുക്കണമെന്നുമായിരുന്നു ഞങ്ങളുടെ പിതാവ് പറഞ്ഞിരുന്നത്. ആദ്യം ബുദ്ധിമുട്ട് തോന്നിയെങ്കിലും, പിന്നീട് അത് ഒരു രസകരമായ കളിയായി തീർന്നു. കാരണം, മാതാപിതാക്കൾ അറിഞ്ഞുകൊണ്ട് മനപൂർവ്വം ജർമ്മൻ പൊറുപൊറുക്കുമായിരുന്നു. പിന്നീട് പപ്പ ആഞ്ഞ് പരിശ്രമിച്ച് ആദ്യത്തെ മലയാളം പള്ളിക്കൂടം വിയന്നയിൽ അന്നത്തെ ഞങ്ങളുടെ ചാപ്ലയനായിരുന്ന ചാണ്ടിയച്ചന്റെ നേതൃത്വത്തിൽ 1988 ൽ ആരംഭിച്ചു. എല്ലാ ഞായറാഴ്ച്ചയും കുർബ്ബാനക്കു ശേഷമായിരുന്നു ക്ലാസ്സുകൾ. ആദ്യ മലയാളം സ്കൂളിൽ എന്റെ സഹോദരിയും, ഞാനും, ഞങ്ങളുടെ രണ്ട് കൂട്ടുകാരികളും മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് പതുക്കെ പതുക്കെ കുട്ടികൾ കൂടി.

കൗമാരത്തിന്റെ തുടക്കത്തിൽ ആന്റെണി സാറിന്റെ നേതൃത്വത്തിൽ കുറച്ചു കൂടി നല്ല രീതിയിൽ ശനിയാഴ്ച്ച ദിവസങ്ങളിൽ ബാലകൈരളിയിൽ ഞങ്ങളുടെ കൂട്ടുകാരും, ഞങ്ങളും മലയാളം പഠനം തുടർന്നു. പല ബാച്ചുകളിലായി ഒരേ പ്രായക്കാരേയും തിരിച്ചു. കുറച്ചുകൂടി താൽപര്യം കൂടാൻ വേണ്ടി, ഭാഷ പഠിക്കുന്ന കൂട്ടത്തിൽ ഭാരതത്തിലെ പുരാണങ്ങളും, നൃത്തവും, ശാസ്ത്രീയ സംഗീതവും പഠിക്കുവാൻ തുടങ്ങി. ഓരോ വർഷവും ഓരോ പുതിയ വിഷയങ്ങൾ(തബല, ഹിന്ദി, പെയിന്റിങ്) ഉൾപ്പെടുത്തി. രണ്ട് മാസത്തോളമുള്ള അവധിക്കാലത്ത് പോലും പപ്പ ഞങ്ങളെ വെറുതെ വിട്ടില്ല. ഒരു മാസം അവധി അടിച്ചുപൊളിക്കുകയും, ബന്ധുക്കളെ കാണാനും, സഞ്ചരിക്കാനും, കടലിൽ കുളിക്കാനും, സ്ഥലങ്ങൾ സന്ദർശിക്കാൻ പോവുകയും ഒക്കെ ആണ്. മറ്റൊരു മാസം ക്ലാസിക്കൽ ഡാൻസ്, ഫോൾക്ക് ഡാൻസ്, മലയാളം, യോഗ, കരാട്ടെ, ക്ലാസിക്കൽ സംഗീതം എന്നിവ പഠിക്കുകയുമായിരുന്നു. കൗമാരപ്രായമായിരുന്നതിനാൽ ഈ വക എക്സ്ട്രാ കോഴ്സുകൾ ഒന്നും ചെയ്യാൻ ആഗ്രഹമില്ലായിരുന്നു. പക്ഷെ വിയന്നയിൽ ഉള്ള ക്ലാസ് കഴിഞ്ഞ് കൂട്ടുകാരുമാ



യി കുശലം പറയാനും, കൂട്ടുകൂടാനും പറ്റിയ ഒരു അവസരമായിരുന്നതിനാൽ പോകാൻ മടി കാണിച്ചില്ല. മലയാള ഭാഷ നന്നായി സംസാരിക്കാൻ സാധിച്ചതിനാൽ അവധിക്ക് നാട്ടിൽ പോകുവാനും, ബന്ധുക്കളായിട്ടും നാട്ടുകാരായിട്ടും വീട്ടുജോലിക്കാരായിട്ടും സമയം ചെലവഴിക്കാൻ വലിയ സന്തോഷമായിരുന്നു. ഒട്ടും വിരസത തോന്നിയിട്ടേയില്ല. ഇടക്കിടക്ക് പപ്പയും മമ്മയും പറഞ്ഞത് കൊണ്ട് നാട്ടിൽ ജീവിക്കുന്ന ഞങ്ങളുടെ വല്യപ്പനും വല്യമ്മച്ചിക്കും എഴുത്ത് എഴുതുമായിരുന്നു. അത് വായിക്കുന്ന അവരുടെ സന്തോഷത്തെ കുറിച്ച് കേൾക്കുമ്പോൾ മനസ്സ് ആഹ്ലാദിച്ചു. അതുകൊണ്ട് ആയിരിക്കണം ഇപ്പോഴും എന്റെ സഹോദരിക്കും എനിക്കും നാട്ടിലുള്ള ഞങ്ങളുടെ കുടുംബാഗംങ്ങളോടും വലിയ അടുപ്പം.

മലയാളം അറിയാവുന്നതുകൊണ്ട് മലയാളസിനിമ കാണാൻ ഇന്നും വലിയ ഇഷ്ടമാണ്. പിന്നീട് യൂത്ത് ഫെസ്റ്റിവൽ തുടങ്ങി അതിൽ മലയാളം പാട്ട്, സിങ്കിൾ, ഗ്യൂപ്പ് ഡാൻസ്, പ്രസംഗം, എന്നിവയിൽ പങ്കെടുത്തു. മലയാളി കൂട്ടുകാർ കുറെപേർ ഉണ്ടായിരുന്നതിനാൽ വർഷത്തിൽ പള്ളിവകയും, കേരളസമാജവും വഴി ഉള്ള ഓണം സ്റ്റേജ് പ്രോഗ്രാമിലും, ക്രിസ്മസ്സ്, ഈസ്റ്റർ, വാർഷികം, ഫാഷിങ്, സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുവാനും, കൂട്ടുകാരുമായി പ്രാക്ടീസ് ചെയ്യുവാനും വലിയ ഹരം ആയിരുന്നു. മുതിർന്ന പ്രായത്തിൽ തന്നെ നാട്ടിലൂടെ തനിയെ സഞ്ചരിക്കുവാനും തടസം ഇല്ലായിരുന്നു. കാരണം, സംശയം ഉണ്ടെങ്കിൽ ആക്സെന്റ് ഫ്രിറിയായി ചോദിക്കാനും ബസ് ബോർഡ് വായിക്കാനും കഴിയുമായിരുന്നു. പള്ളിയിൽ ബൈബിൾ വചന പ്രഘോഷണവും, ധ്യാനങ്ങളും ശ്രവിക്കാൻ ബുദ്ധിമുട്ടില്ലായിരുന്നു. പ്രാർത്ഥന പാട്ടുകൾ പാടുവാനും പ്രാർത്ഥനകൾ ചെല്ലുവാനും എളുപ്പമായിരുന്നു. യൂറോപ്യൻ സംസ്കാരത്തിലും, ഇൻഡ്യൻ സംസ്കാരത്തിലും വളർന്നതിനാൽ അധികം അഭിമാനം തോന്നുന്നു. കാരണം, രണ്ട് വ്യത്യസ്തമായ സംസ്കാരങ്ങളിലേക്കുള്ള ഉൾക്കാഴ്ചകളും പെരുമാറ്റ രീതികളും ആചാരങ്ങളും രണ്ട് വിഭാഗങ്ങളോടും ഒരുപോലെയുള്ള അടുപ്പവും, പല രീതികളിൽ ചിന്തിക്കുന്നവരുമായുള്ള സംഭാഷണങ്ങളും, രണ്ട് സംസ്കാരങ്ങളുടെ ഗുണങ്ങളും ഭക്ഷണങ്ങളും ആസ്വദിക്കുവാനും ഭാഗ്യമുള്ളവളായി ഞാൻ എന്നെത്തന്നെ കരുതുന്നു.

മൾട്ടികൾച്ചറൽ പശ്ചാത്തലം കാരണം മറ്റു സംസ്കാരങ്ങൾ അറിയുവാനും, ജാതിമതം തടസ്സമാകാതെ, എല്ലാ മനുഷ്യരേയും ഒരുപോലെ കാണാനും സാധിക്കും. മലയാളി മാതാപിതാക്കളിൽ നിന്നു ഓസ്ട്രിയ രാജ്യത്ത് പിറന്ന എനിക്ക് മലയാള ഭാഷ, ജർമ്മൻ ഭാഷ പോലെത്തന്നെ പഠിച്ചതുകൊണ്ട് ഒരു രാജ്യത്തിന്റെ സിറ്റിസൺ ആയ് മാത്രമല്ല, പക്ഷേ ഒരു ഗ്ലോബൽ സിറ്റിസൺ എന്നുള്ള അനുഭവം ആണ്. എവിടെ പോയാലും പെട്ടെന്ന് സുഹൃത്ത് ബന്ധങ്ങൾ എളുപ്പമായി സ്ഥാപിക്കാനും, ഓരോ രാജ്യത്തും അവരുടെ രീതികൾ പെട്ടെന്ന് ഇണങ്ങി ചേരാനുമുള്ള വഴക്കം ലഭിച്ചത്, രണ്ട് സംസ്കാരത്തിൽ വളർന്നതുകൊണ്ട് തന്നെയാണെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു.

ഇതേ രീതിയിൽ തന്നെ, എന്റെ നാല് മക്കളെയും വളർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടാം തലമുറ കുട്ടികളോടല്ല, മറിച്ച് മലയാളികളായ ഓരോ മാതാപിതാക്കളോടുമാണ് എനിക്ക് പറയാൻ ഉള്ളത്. പല മലയാളികൾക്കും അവരുടെ മാതൃഭാഷയോട് പുച്ചം തോന്നി, അവരുടെ മക്കളോട് ഇംഗ്ലീഷ് അല്ലെങ്കിൽ ജർമ്മൻ മാത്രം പറഞ്ഞ് പഠിപ്പിക്കുന്നു. അതു നിങ്ങളുടെ തീരുമാനം. പക്ഷേ, ഒന്നു ചോദിച്ചോട്ടെ നിങ്ങൾ വളർന്നു വന്ന സാഹചര്യങ്ങളും, നിങ്ങളുടെ സ്വന്തം നാടും പൂർണ്ണമായും നിങ്ങൾക്ക് മറക്കാനാവുമോ? നിങ്ങളുടെ ഐഡന്റിറ്റി നിങ്ങളുടെ മക്കളിൽ നിന്ന് എന്തിനു മറച്ചുവെയ്ക്കുന്നു. പ്രത്യേകിച്ചു കൗമാരപ്രായത്തിൽ മക്കൾ അവരുടെ പേഴ്സണാലിറ്റിയിലേക്കു കടക്കുമ്പോൾ അവരുടെ മാതാപിതാക്കളെ പൂർണ്ണമായും മനസ്സിലാക്കിയവർ ആണെങ്കിൽ, ഒരിക്കലും അവർ കൈവിട്ട് പോകില്ല. അതിനു അടിസ്ഥാനമായിട്ട് കുട്ടിക്കാലത്തുതന്നെ അവരെ നിങ്ങളുടെ ഭാഷയും സംസ്കാരവും പഠിപ്പിക്കുക. നിരന്തരം ആശയവിനിമയം ചെയ്യുക. ഒരു ഭാഷ സംസാരിക്കുന്നവർക്ക് നിഷ്പ്രയാസം കമ്മ്യൂണിക്കേഷൻ സാധിക്കും. എത്ര സാംസ്കാരിക വ്യത്യാസങ്ങൾ അനുഭവപ്പെട്ടാലും, നിങ്ങളുടെ സംസ്കാരം ബഹുമാനിക്കപ്പെടും. അന്യസംസ്കാരങ്ങളിൽ നിന്നു വിവാഹം ചെയ്താലും, മറ്റു രാജ്യങ്ങളിലേക്ക് പോയാലും, നിങ്ങളുമായിട്ടുള്ള സ്നേഹബന്ധത്തിന് ഒരു കുറവും ഉണ്ടാവില്ല. കാരണം നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെയും, സംസ്കാരത്തേയും ബഹുമാനിക്കുന്നത് കണ്ടു വളർന്ന അവരും അവരുടെ മക്കളും നിങ്ങളെയും ബഹുമാനിക്കും.



എന്റെ മനസ്സ് നിറയുന്ന ഒരു കാഴ്ചയാണ് എന്റെ അമ്മയുമായി എന്റെ മക്കൾ സമയം ചെലവഴിക്കുന്നത് കാണുമ്പോൾ. എന്റെ കുട്ടികൾ സ്കൂളിൽ നിന്നു വരാൻ അമ്മച്ചി നോക്കി ഇരിക്കും. എത്ര മറവി ഉണ്ടെങ്കിലും കുട്ടികൾ സ്ക്കൂളിൽ നിന്ന് വരുന്ന സമയം കൃത്യമായി അറിയാം. കാരണം അത് സന്തോഷം പകരുന്ന ഒരു കാര്യമാണ്. ഇത് ഞാൻ മലയാളം പഠിച്ചില്ലായിരുന്നെങ്കിൽ സാധിക്കുമായിരുന്നോ? എന്റെ അമ്മച്ചിക്ക് അവരെ നോക്കി കൊണ്ടല്ലാതെ സംസാരിക്കാൻ കഴിയുമായിരുന്നോ? ജർമ്മൻകാരനെ വിവാഹം ചെയ്ത എന്റെ അനുജത്തിയുടെ ഭർത്താവും, കുട്ടികളും മലയാളം സംസാരിക്കുന്നു. മലയാളം പാട്ടുകൾ പാടുന്നു. എന്റെ മാതാപിതാക്കൾ അന്ന് ഞങ്ങളെ നിർബന്ധിച്ച് മലയാളം പഠിപ്പിച്ചതിന് ഞങ്ങൾ എന്നും നന്ദിയുള്ളവരായി, അവരെ നമിക്കുന്നു. മാതൃഭാഷ Ki Jai!! VK

ഓർമ്മച്ചെപ്പ്



# കുടമുല്ലപ്പൂക്കളും കുറുപ്പാശാനും

illustration: **Aneseh Vijan**



**വിപിൻ ജോസ് അർത്തുങ്കൽ**
ഇറ്റലി.

**'A For Apple...**

**B For B-all.......'**

പതിവുപോലെ അന്നും വീട്ടിലേക്ക് വീഡിയോകോൾ ചെയ്യുമ്പോൾ, മൂന്നാം ക്ലാസുകാരനായ മകൻ കിച്ചു മൂന്നുവയസ്സുള്ള അവന്റെ സഹോദരി കുക്കുവിനെ അക്ഷരം പഠിപ്പിക്കുകയായിരുന്നു.

കുറച്ചുസമയം ആ കാഴ്ച കണ്ടുനിന്നപ്പോൾ എന്റെ മനസിലും കുട്ടിക്കാലത്തിന്റെ തുടികൊട്ടുയർന്നു. ഞാനും അറിയാതെയൊരു കുട്ടിയായതുപോലെ......

**'അ' അമ്മ എന്നും**

**'ആ' ആനയെന്നും**

'ഇ' ഇലയെന്നുമൊക്കെ പഠിച്ച എന്റെ നിഷ്ക്കളങ്ക ബാല്യത്തിലേക്ക് ഒരുമാത്ര ഞാനുമൊന്നു മടങ്ങിപ്പോയി...

മഞ്ഞനിറമുള്ള മാങ്ങകൾ നിറഞ്ഞുതൂങ്ങുന്ന പറങ്കിമാവിൻ കൂട്ടങ്ങൾക്കിടയിലൂടെ ഒരു വള്ളിനിക്കറുകാരൻ, മുത്തശ്ശിയുടെ കൈപിടിച്ച് ഓലമേഞ്ഞ ആശാൻ കളരിക്കു മുന്നിൽ അന്തംവിട്ടു നിൽക്കുന്നത് എനിക്കിപ്പോൾ കാണാം...

ഏറെ നേരം അവനവിടെ നോക്കിനിൽക്കാൻ കഴിയുമായിരുന്നില്ല. ഒട്ടും ഒളിമങ്ങാത്ത ആദ്യാക്ഷര സ്മരണകൾ നിറച്ച സഞ്ചിയുമായി ആരോടും അനുവാദം ചോദിക്കാതെ അവൻ ആശാൻ പള്ളിക്കൂടത്തിന്റെ  പടികടന്നുചെന്ന്, നിലത്തു വിരിച്ച പഞ്ചാരമണലിനു മുന്നിൽ ചമ്രംപടഞ്ഞിരുന്നു...

കളരിക്കു മുകളിൽ കുടപിടിച്ചു നിന്നിരുന്ന ഇലഞ്ഞിമരച്ചില്ലയിൽ ഇലഞ്ഞിപ്പഴമധുരം നുകരാനെത്തിയ പുള്ളിപ്പൂങ്കുയിലുകളുടെ പതിവുള്ള ഗാനമധുരിക്കായി അവൻ മെല്ലെ ചെവിയോർത്തു...

*        *        *        *

അമ്മച്ചിയുടെ വീട്ടിലായിരുന്നു ബാല്യത്തിന്റെ ആദ്യഘട്ടം ഞാൻ ചെലവഴിച്ചത്. വിശാലമായ വീട്ടുമുറ്റത്തിന്റെ ഒരുഭാഗത്ത്, നിറയെപൂത്തുനിൽക്കുന്ന  കുടമുല്ലക്കാടായിരുന്നു. വശ്യമായ കുടമുല്ലപ്പൂമണത്തോടൊപ്പം ബാല്യത്തിന്റെ സുഗന്ധവും ആദ്യാക്ഷരത്തിന്റെ മധുരവും ഞാൻ ആവോളം ആസ്വദിച്ചതും  അവിടെയായിരുന്നു. വീടിനു തൊട്ടടുത്തുള്ള ആശാൻ കളരിയിലേക്ക് ആദ്യമായി എന്നെ കൈപിടിച്ചു കൊണ്ടുപോകുന്നത് അമ്മാമ്മച്ചിയാണ്. അവിടെ തലങ്ങും വിലങ്ങും ഓടിക്കളിക്കുന്ന സമപ്രായക്കാരായ കുട്ടികൾ എന്നിൽ ആഹ്ലാദത്തിന്റെപൂത്തിരി നിറച്ചു. എങ്കിലും, ഏറെക്കുറെ നരവീണ താടിമീശയും പതിവിലധികം എണ്ണതേച്ചുകുളിച്ച്, നന്നായി ചീകിയൊതുക്കിയ മുടിയും നെറ്റിയിൽ ചന്ദനക്കുറിയുമുള്ള മധ്യവയസ്കനായ ആശാനെ

എനിക്ക് പണ്ടേ ഭയമായിരുന്നു...

എന്നും രാവിലെ വീടിനു മുന്നിൽ കളിച്ചുകൊണ്ടിരിക്കുമ്പോഴാവും വീടിനോടു ചേർന്നുള്ള ഇടവഴിയിലൂടെ തല ഉയർത്തിപ്പിടിച്ച് അദ്ദേഹത്തിന്റെ വരവ്. പിന്നാലേ കലപിലപറഞ്ഞ് കളരിയിലേയ്ക്കുള്ള കുറേ കുട്ടികളുമുണ്ടാവും. വീടിന്റെ വടക്കേ അതിരിലുള്ള തെങ്ങിൻ തൈയുടെ ചാഞ്ഞുകിടക്കുന്ന ഓലമടലിൽനിന്ന് അദ്ദേഹം മൂന്നോ നാലോ ഓലകൾ ഒന്നിച്ച് ഉരിഞ്ഞെടുക്കുന്നതു കാണുമ്പോൾത്തന്നെ ഞാൻ വീട്ടിനുള്ളിലേക്ക് ഓടും. ഓല കീറിമാറ്റി നഖംകൊണ്ട് ചീവിയെടുക്കുന്ന ഈർക്കിലികൾ, നരച്ച കാലൻകുടയോടൊപ്പം കക്ഷത്ത് ഇറുക്കിപ്പിടിച്ച് നടന്നുവരുന്ന രാമകൃഷ്ണക്കുറുപ്പ് എന്ന ആശാനെ, ജനലഴികൾക്കു പിന്നിൽ മറഞ്ഞുനിന്ന് നോക്കുമ്പോൾ എന്റെ ഭയം ഇരട്ടിക്കും.

പക്ഷേ അന്ന് എന്നെ സ്നേഹത്തോടെ അകത്തേയ്ക്കു വിളിച്ച് ചേർത്തു നിർത്തി വിശേഷങ്ങൾ ചോദിച്ചപ്പോൾ എന്റെ പേടി തെല്ലൊന്നു കുറഞ്ഞു. അകത്തേയ്ക്ക് കൈപിടിച്ചുകയറ്റി, കാവിപൂശിയ തറയിൽ ഇരുത്തിയപ്പോൾ എന്റെ മനസും ശരീരവും നന്നായൊന്നു തണുത്തു. ശേഷം ആ ഒറ്റമുറിക്കെട്ടിടത്തിന്റെ മൂലയിൽ കൂട്ടിവച്ചിരുന്ന പഞ്ചാരമണൽക്കൂനയിൽ നിന്ന് രണ്ടുചിരട്ട നിറയെ മണലെടുത്ത്, ഇലയിൽ സദ്യ വിളമ്പുന്ന പവിത്രതയോടെ എന്റെ മുന്നിൽ കൊണ്ടുവന്നിട്ടു. വലതു കൈപ്പത്തികൊണ്ട് അത് നിരത്തിയപ്പോൾ അദ്ദേഹത്തിന്റെ മോതിരവിരലിൽ ഉണ്ടായിരുന്ന ചുവന്ന കൽമോതിരം തിളങ്ങിയത് എന്നിൽ കൗതുകമുണർത്തി.

അടുത്തു വന്നിരുന്ന് ചൂണ്ടുവിരലിൽ പിടിച്ച് മുന്നിലെ മണലിൽ അദ്ദേഹം 'അ' എന്ന അക്ഷരം എഴുതിച്ചപ്പോൾ എന്റെ ഇളംവിരൽ ചെറുതായി വേദനിച്ചെങ്കിലും മുന്നിൽ വിരിഞ്ഞ ആദ്യാക്ഷരത്തെനോക്കി വേദനമറന്ന് ഞാനിരുന്നു... പിന്നീടൊരിക്കലും ആശാനോട് എനിക്ക് ഭയം തോന്നിയില്ല.



പനയോല ആയിരുന്നു അന്നത്തെ ഞങ്ങളുടെ നോട്ടുബുക്ക് !. രണ്ടറ്റവും മുറിച്ച് ഭംഗിപ്പെടുത്തിയ പനയോല ആശാൻ കൊണ്ടുവരും. നാലഞ്ച് ഓലകൾ ഒരുമിച്ചുവച്ച് അതിന്റെ ഒരറ്റത്ത് ചെറിയ ദ്വാരമിട്ട് നൂലുകൊണ്ട് കെട്ടും. സ്വർണനിറമുള്ള എഴുത്താണി(നാരായം)കൊണ്ട് ഈ ഓലകളിൽ നല്ല വടിവൊത്ത അക്ഷരത്തിൽ അദ്ദേഹം അക്ഷരമാലകൾ എഴുതിത്തരും. എഴുത്ത് പൂർത്തിയാക്കിയ ശേഷം ഓലയ്ക്കു മുകളിൽ കൊതുമ്പിന്റെ കരി ഉപയോഗിച്ച് നന്നായി ഉരസും. പിന്നീട് തുണികൊണ്ട് തുടച്ചുകഴിയുമ്പോൾ ഓലയിൽ നല്ല കറുത്ത നിറത്തിൽ അക്ഷരങ്ങൾ തിളങ്ങും. ഒട്ടും അതിശയോക്തിയില്ലാതെ പറയട്ടെ, അത്രയും ഭംഗിയുള്ള മലയാളം അക്ഷരങ്ങൾ പിന്നീട് ഇക്കാലംവരെ ഞാൻ വേറെ കണ്ടിട്ടില്ല.

അക്ഷര പഠനക്കാലയളവിനു ശേഷം അമ്മവീടിനോടു താൽക്കാലികമായി വിടപറഞ്ഞ് ഞാൻ സ്വന്തം വീട്ടിലേക്ക് പോന്നു. ആശാൻകളരിയും പൂവിലഞ്ഞിമരവും കുടമുല്ലയും കൂട്ടുകാരും കുറുപ്പാശാനുമൊക്കെ പതുക്കെപ്പതുക്കെ ഓർമ്മയിൽനിന്ന് പടിയിറങ്ങിപ്പോയി... ആ സ്ഥാനത്ത് പുതിയ സ്കൂളും പുതിയ കൂട്ടുകാരും പുതിയ സാറന്മാരും ടീച്ചർമാരുമൊക്കെ സ്ഥാനം പിടിച്ചു.

* * * *

നാളുകൾക്കുശേഷം മാതാപിതാക്കളുമായി അർത്തുങ്കൽ സ്വപ്ന കൊട്ടകയിൽ സിനിമ കാണാൻ ചെന്നപ്പോഴാണ് രാമകൃഷ്ണക്കുറുപ്പ് ആശാനെ പിന്നീട് കാണുന്നത്. സിനിമാ തീയറ്ററിന്റെ വാതിൽക്കൽ ടിക്കറ്റ് പരിശോധിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അദ്ദേഹം. ഞാൻ അദ്ദേഹത്തെ സ്നേഹബഹുമാനാദരങ്ങളോടെ നോക്കി. എന്നെ കണ്ടപ്പോൾ മുറുക്കാൻ കറപുരണ്ട പല്ലുകൾകാട്ടി അദ്ദേഹം ചിരിച്ചു. നെറ്റിയിലെ ചന്ദനക്കുറി തിളങ്ങി...



ചൂണ്ടുവിരലും നടുവിരലും ചുണ്ടിൽ ചേർത്തുവച്ച് അതിനിടയിലൂടെ വായിലെ മുറുക്കാൻതുപ്പൽ അതിവിദഗ്ധമായി ദൂരേയ്ക്ക് നീട്ടിത്തുപ്പിയശേഷം തൊട്ടടുത്ത കടയിലെ മിഠായിഭരണി തുറന്ന് ഒരുപിടി കപ്പലണ്ടി മിഠായി എടുത്ത് എനിക്കുതന്നു. പിന്നെ, ചേർത്തുനിർത്തി ശിരസിൽ തലോടി. എന്തുകൊണ്ടോ ആ സമയം എന്റെ മിഴികൾ നനഞ്ഞു. സിനിമ കഴിഞ്ഞ് പുറത്തിറങ്ങി, അവസാനത്തെ കപ്പലണ്ടി മിഠായിയും വായിലിട്ട് ഞാൻ അവിടമാകെ പരതിയെങ്കിലും ആശാനെ കണ്ടില്ല....

*വർഷങ്ങൾ ഒരുപാടു കഴിഞ്ഞു....*

*പറങ്കിമാവിൻകൂട്ടങ്ങൾ പാടേ അപ്രത്യക്ഷമായി....*

*ആശാൻകളരിയുടെ പ്രവർത്തനം നിലച്ചു....*

*ഇലഞ്ഞിമരത്തിന്റെ കടയ്ക്കൽ കോടാലിവീണു....*

*കുയിലുകൾ കൂടൊഴിഞ്ഞ് എങ്ങോ പറന്നുപോയി.....*

*അമ്മവീട്ടിലെ കുടമുല്ലക്കാട് അടിയോടെ വെട്ടിമാറ്റി മുറ്റം വിശാലമാക്കി....*

2004 മേയ് മാസം എട്ടാം തീയതി എന്റെ പ്രിയപ്പെട്ട ആശാൻ ഈ ലോകത്തോടു വിടപറഞ്ഞതുപോലും ഞാനറിഞ്ഞത് എത്രയോ വർഷങ്ങൾക്കു ശേഷമാണ്...

എങ്കിലും ചുണ്ടുകളിൽ ഇപ്പോഴുമുണ്ട് അന്നത്തെ ആ കപ്പലണ്ടി മിഠായിയുടെ മാധുര്യം... മനസിലിപ്പോഴും മായാതെ നിൽക്കുന്നുണ്ട് മുറുക്കാൻകറ പുരണ്ട ആ ചിരിയുടെ നൈർമല്യം... പനയോലയിലെ കറുത്ത അക്ഷരങ്ങളുടെ തിളക്കം... മുന്നിലെ വെളുത്ത മണലിൽ തെളിഞ്ഞ 'അ' എന്ന ആദ്യാക്ഷരത്തിന്റെ ഗരിമ...

*പെട്ടെന്ന് മനസിലെവിടെയോ,*

*ചില്ലനഷ്ടപ്പെട്ട ഒരു പൂങ്കുയിലിന്റെ ദുഃഖഗാനം...*

*ഇലഞ്ഞിപ്പൂക്കളുടെ നഷ്ടസുഗന്ധം...*

നനുത്ത ഓർമ്മകളിൽ നിന്ന് വളരെ പതുക്കെ തിരിച്ചുവന്നപ്പോഴും കിച്ചു നീട്ടി ചൊല്ലുന്ന വാക്കുകൾ കുക്കു ആവർത്തിച്ചുരുവിടുകയായിരുന്നു...

**'A For App-l-e...**

**B For B-a-l-l...**

**C For C-a-t...'** VK



# പരിദേവനം



**മണി കുന്നുമ്മൽ**
കെനിയ

***‘ബാ..പോകാം ‘ അമ്മമ്മ മുറ്റത്തിറങ്ങി എന്നെ വിളിച്ചു.***

പകൽ പൊള്ളി തുടങ്ങുന്നതിനു മുമ്പ് ഞങ്ങൾ ഇറങ്ങി. മനസിനെ മൺതരികളുമായി ചേർത്ത് നിർത്തിയ എന്തോ ഒന്ന് പുറകിൽ നിന്നും തന്നെ പിടിച്ചു വലിക്കുന്ന പോലെ, വർഷവും വെയിലും ഒരേപോലെ ശതാബ്ദങ്ങളായി കാർന്നുതിന്ന ഉമ്മറത്തെ കോണിപടികളിറങ്ങുമ്പോൾ അമ്മമ്മക്കനുഭവപ്പെട്ടു. ഒരുനിമിഷം പുറകോട്ട് വീണ്ടും നോക്കി ആരെയോ മനസ്സിൽ ധ്യാനിക്കുന്ന പോലെ നെഞ്ചിൽ കൈചേർത്ത് വെച്ച് മെല്ലെ മെല്ലെ പടവിറങ്ങി. ‘നോക്കി എറങ്ങണേ...‘ കോണി പടിയിറങ്ങുമ്പോൾ അമ്മമ്മ എന്നെ ഓർമ്മിപ്പിച്ചു.

തന്നേക്കാൾ മുമ്പ് വളർന്നു തുടങ്ങിയ വൻമരങ്ങൾ നടകൾക്കിരുവശവും ഇന്നും തണൽ തന്ന് കുളിർമ്മയേകുന്നു. ‘ ഇതൊക്കെ പണ്ട് കാർന്നോമ്മാര് വെച്ച്ണ്ടാക്യേതാ... ‘ കഥകളിൽ മാത്രം കേട്ട കാരണവന്മാർ വെച്ചുണ്ടാക്കിയവ. ‘ഈ കാർന്നോമ്മാരെ അമ്മാമ്മ കണ്ടിക്കോ‘ പഴയ കാരണവന്മാരിൽ രണ്ടു പേരെ കുന്നുമ്മൽ തറവാട്ടിൽ അടക്കം ചെയ്തിട്ടുണ്ടെന്ന് അമ്മമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. ‘എടക്ക് ഓല് മോന്തിക്ക് കെണറ്റ്ന്ന് വെള്ളം കൊരി പോക്ക്ണ്ട്‘ അമ്മമ്മയുടെ മറുപടി എന്നിൽ ഉൾഭയത്തിന്ടെ നേരിയ കിടിലങ്ങൾ സൃഷ്ടിച്ചു.

‘കയരും തൊട്ടീം ഒച്ചപ്പെടും. ഞാൻ നോക്കാമ്പോകോല, ഓല് കോരിഅങ്ങ് പോട്ടേന്ന്വെച്ചിറ്റ്‘ അകത്തുള്ള ആത്മാക്കളെ വേറിട്ട ജീവനായി കാണാൻ അമ്മ മ്മക്ക് കഴിഞ്ഞിരുന്നില്ല. അവരുടെ കൈകളിലാണ് ഈ വീടും കുടുംബവും.‘അമ്മാമ്മേ ഞാൻ മുന്നില് നടക്കാം.‘ ഭീതിയുടെ ഇരുൾ കയങ്ങളിലേക്ക് ഞാൻ ഊളിയിട്ടു തുടങ്ങിയിരുന്നു. പറങ്കിമാവിൻ മരങ്ങൾക്കും കായൽ കൂട്ടങ്ങൾക്കും ഇടയിലൂടെ വെയിൽ ഊർന്നിറങ്ങിത്തുടങ്ങി. ഇടുങ്ങിയ ഇടവഴി പകുതിയും പാറക്കല്ലുകൾ നിറഞ്ഞ, മഴയും മധ്യാഹ്ന സൂര്യനും നൃത്തം ചവിട്ടി തേഞ്ഞ, പടവുകൾ. വലിഞ്ഞും മുറുകിയും യാത്രയിലുടനീളം ശരീരപേശികൾ ക്ഷമയോടെ അമ്മമ്മയ്ക്കൊപ്പം ചലിച്ചു കൊണ്ടിരുന്നു. നടത്തത്തിൽ, വയറിന്റെ മടക്കുകൾ  നന്നായി താങ്ങി നിർത്തിയ, ഇറക്കമുള്ളള ബ്ളൗസിനുള്ളിൽ, വലിയ സ്തനങ്ങൾ സർവതന്ത്രസ്വതന്ത്രരായി ഇളകിയാടി കൊണ്ടിരുന്നു. അമ്മമ്മയുടെ വലിയ മുലകൾ എന്നിൽ എന്നും കൗതുകമുണർത്തിയിരുന്നു. ഓർമ്മകൾക്കുമപ്പുറത്ത്, എവിടെയോ വെച്ച് നഷ്ടമായ, പറഞ്ഞു മാത്രം കേട്ട, മുലപ്പാലിന്റെ മധുരം. അമ്മമ്മയുടെ മുലകളിൽ നിന്നുംപാൽകിനിയുന്നത് കാണാൻ സ്തനങ്ങളിൽ പിടിച്ചു ഞെക്കുക ഞങ്ങൾക്ക് തമാശയായിരുന്നു.

പാമ്പും മറ്റ് ഇഴജന്തുക്കളും യഥേഷ്ടം വിഹരിക്കുന്ന ഇടവഴി. കാറ്റിലിളകിയാടിയ കാട്ടപ്പകളും കുറ്റിച്ചെടികളും തെങ്ങോലകളും കവുങ്ങിൻ പട്ടകളും ഞങ്ങൾക്ക് യാത്രാ മംഗളം നേർന്നു. ഇടവഴി കുറച്ചു പിന്നിട്ടപ്പോൾ കല്ലു വെട്ടിയ വൻ കുഴിയിലേക്ക് വീഴാതെ നോക്കാൻ ഉയരമുള്ള പറമ്പുകളുടെ പാർശ്വങ്ങളിൽ പിടിച്ച് അമ്മമ്മ മെല്ലെ മെല്ലെ ഇറങ്ങി. ‘വീകാതെ നോക്ക്ണേ‘ ആത്മാക്കളലഞ്ഞു നടക്കുന്ന വീടും ഇടവഴിയും അരക്ഷിതമല്ലെ ന്നറിഞ്ഞ് കൊണ്ട് തന്നെ അമ്മമ്മ ഓർമ്മിപ്പിച്ചു. ഇടവഴി പിന്നിട്ട് ഞങ്ങൾ ചെമ്മൺ പാതയിലെത്തി. ‘റോഡ്ന്റെ അരൂല് പറ്റി നടക്ക്, വണ്ടി വരും ശ്രദ്ധ മാണം‘.അന്ന് ആ റോഡിലൂടെ,

നാട്ടിൽ കാറുണ്ടായിരുന്ന അപൂർവ്വം പണക്കാരിൽ ഒരാളായ കാദർ മാഷുടെ മാത്രം കാറായിരുന്നു പോകാറ്. രണ്ടു



ദിശകളിലായി കിടക്കുന്ന രണ്ടു പറമ്പുകൾ. അതിന്റെ പിറകിൽ ഒട്ടനവധി സാമ്പത്തിക നഷ്ടങ്ങളുടെയും ചതിയുടെയും മനോവ്യഥകൾ അമ്മമ്മക്ക് പങ്കുവെക്കാനുണ്ട്. അപ്പോഴൊക്കെ 'ബാലക്കുറുപ്പെ'ന്ന കഥാപാത്രം കഥകളിലിഴഞ്ഞെത്തും.

അക്കാലത്തെ അറിയപ്പെടുന്ന ഗുമസ്തനായിരുന്നു കുറുപ്പ്. മുണ്ട് മുകളിലോട്ട് മാടിക്കെട്ടി ഇരുകാലുകളും ഒന്നിനു മീതെ ഒന്നായ് വെച്ച് ഇരുത്തിമേൽ ഇരുപ്പുറപ്പിച്ചാൽ പൃഷ്ഠ സാമീപ്യം തിരിച്ചറിയുന്ന ഞങ്ങൾ കുട്ടികൾ ആർത്ത് ചിരിക്കും.'നീയാ എന്നെ ചതിച്ചെ...' കുറുപ്പിനോടുള്ള അമ്മമ്മയുടെ സ്വരം മാറിത്തുടങ്ങി ആത്മരോഷത്തിന്റെ തീ തുപ്പുന്ന വാക്കുകൾ. ആ പഴയ അനുഭവകഥകളുടെ കെട്ടുകളഴിക്കുമ്പോൾ അമ്മമ്മയുടെ തൊണ്ട അറിയാതെ ഇടറി പോകാറുണ്ട്. പ്രായാധിക്യം തൊട്ടു തീണ്ടാത്ത നടത്തത്തിലെ ഓരോ നെടുവീർപ്പും കാലയവനികകൾക്ക് പിറകിലെവിടെയോ സ്വാനുഭവങ്ങൾ ചികയുന്ന തിരക്കിൽ മുഴുകിയപോലെ വേഗത്തിലായിരുന്നു.

കാലത്തിന്റെ ഗതി വഴിമാറി ഒഴുക്കിയ പഴയ പ്രതാപത്തിന്റെ ഒടുങ്ങാത്ത ഓർമ്മകൾ മനസിൽ തിളച്ചു മറിയുന്നു. 'ഓലക്കണ്ണ്യോണ്ടൊര് ചൂല് കെട്ടി വണ്ണാൻ വല തട്ടണം' ഒരു ദിവസം ഊണും കഴിഞ്ഞു അമ്മമ്മ പറഞ്ഞു. പറമ്പ് നിറയെ നടന്ന് തെങ്ങോല കണ്ണികൾ പെറുക്കി അടുക്കി അമ്മമ്മ ചൂലുണ്ടാക്കി. വണ്ണാൻ വലകൾ മനുഷ്യന്റെ ജന്മ ശത്രുക്കളാണ്. അവയെ കണ്ണിൽ കണ്ടാൽ വെച്ചേക്കില്ല. മരണത്തെ മാറ്റി നിർത്താത്ത മാറാലകൾ കണ്ടാൽ കലി വരും അമ്മമ്മക്ക്. ഒരുനാൾ മാറാല തട്ടി തട്ടി അവസാന മെത്തിയത് വടക്ക് ഭാഗത്തെ മുരിങ്ങമരത്തിന് ചുവടെ. മാറാലയും വടക്കു ഭാഗത്തുള്ള മുരിങ്ങയും വീട്ടിൽ  കാലനെ കാത്തിരിക്കയാണത്രെ! മാറാല കെട്ടിയാൽ മരണം ഉറപ്പാണ്. അച്ഛന്റെ ജീവൻ കവർന്നത് മേൽകൂരയിൽ തൂങ്ങിക്കിടന്ന മാറാലയാണത്രെ. 'നാരായണൻ പോന്നേന് മുമ്പെ വണ്ണാൻ വല ഒരുപാടായ്‌നും' അച്ഛൻ മരിച്ച് ഒരാഴ്ച കഴിഞ്ഞ് അമ്മമ്മ ഞൊടിഞ്ഞു. വടക്ക് ഭാഗത്തെ മുരിങ്ങമരം നിർദ്ദയം കൊത്തി മുറിച്ചു, ദീനവും മരണങ്ങളും 'അവസാനിപ്പിച്ചു' എന്ന ആശ്വാസത്തിന്റെ വലിയ നെടുവീർപ്പിട്ടു. തേറമ്പത്ത് എത്തുമ്പോഴേക്കും ഉദയ സൂര്യന് സ്വൽപം കാർക്കശ്യം കൂടിയിരുന്നു.

ആ തോർത്തിങ്ങ് താ'എന്റെ കയ്യിലെ തോർത്ത് മുണ്ട് വാങ്ങി അമ്മമ്മ വിയർപ്പ് പൊടിഞ്ഞ മുഖവും കൈകളും തുടച്ചു വൃത്തിയാക്കി. അരയിൽ കൈയ്യൂന്നി പറമ്പിന്റെ ഒരറ്റത്ത് നിന്നുകൊണ്ട് ചുറ്റും കണ്ണോടിച്ചു. പകുതി തിന്നു പേക്ഷിക്കപ്പെട്ട തളിരുകൾ, പിളർക്കുന്നത് കിതക്കുന്ന തന്റെ നെഞ്ചാണ്. 'അമ്മമ്പ്രാൻ കൊറച്ച് വെള്ളം കുടിച്ചോ..' ഒരു ഗ്ലാസ്  വെള്ളളവുമായി വന്ന  കണാരൻ പതുങ്ങിയ ശബ്ദത്തിൽ അമ്മമ്മയോട് പറഞ്ഞു.അമ്മ്മ്മ എന്ന ജന്മി പതിച്ചു നൽകിയ പത്തു സെന്റിലെ കുടിയാനാണ് കണാരൻ. 'എനിക്ക് വെള്ളോം മാണ്ട വറ്റും...'അമ്മമ്മ ഉറഞ്ഞു തുളളി. പറമ്പിന്റെ അതിർത്തിക്ക് സമാന്തരമായി ചുറ്റും നടന്നു. കണാരൻ ഷോക്കേറ്റ പോലെ നിന്നു പോയി. മണ്ണിന്റെ പരിദേവനങ്ങൾ അമ്മമ്മയുടെ നഗ്നമായ പാദങ്ങളിലൂടെ സംവദിക്കപ്പെട്ടപോലെ. അമ്മമ്മയുടെ കൂടെ പറമ്പ് മുഴുവൻ നിഴലായി ഞാനും നടന്നു കൊണ്ടെയിരുന്നു. പറമ്പിന്റെ വശങ്ങളിലെ ഇറക്കങ്ങൾ പശുക്കളുടെ സാമീപ്യം പറഞ്ഞറിയിക്കുന്നുണ്ടായിരുന്നു. കെട്ടിയ വേലികൾ സൗകര്യപൂർവ്വം എടുത്ത് മാറ്റപ്പെട്ടു. അമ്മമ്മക്ക് കോപം സഹിക്ക വയ്യാതായി. സ്വരൂപിക്കലുകളും തകർക്കപ്പെടലുകളും അവയുടെ ആവർത്തനങ്ങളും സംഘർഷങ്ങളുടെ പൈതൃകത്തിൽ മനുഷ്യന് അപരിചിതമല്ല.

'മണ്ണ്യേ രണ്ടു വടിവെച്ച് ഈമല് കെട്ട്' ഇടവഴിയിലേക്കുള്ള ഇറക്കങ്ങളിൽ ഇളകിപ്പോയ വേലിക്കമ്പുകൾ ചൂണ്ടിക്കാട്ടി അമ്മമ്മ എന്നോട് പറഞ്ഞു. വാഴനാരുകൾ കൊണ്ട് ഞാൻ ഒരു വിധം മുറുക്കി കമ്പുകൾ കെട്ടി. കിളർന്ന മണ്ണും തകർക്കപ്പെട്ട വേലിയും തിന്നിട്ട തൈകളും പരമ്പരയുടെ നിയമാവലികളിലെ പൊറുക്കപ്പെടാത്ത തെറ്റ് തന്നെ. 'ഇത്ര വെള്ളം കൊണ്ട്വാ' കണാരൻ വരമ്പത്ത് മൂടിവെച്ച വെള്ളം ഗ്ലാസിലൊഴിച്ച് ഞാൻ അമ്മമ്മക്ക് കൊടുത്തു. 'ന്നാ പോകാ...പ്പൂ....'വായിൽ ബാക്കിയായ വെറ്റില മുറുക്കാൻ നീട്ടിത്തുപ്പി, തോർത്ത് തോളിലിട്ടും കൊണ്ട് അമ്മമ്മ ഇറങ്ങി. പിറകെ അനുഗമിച്ചു ഞാനും.

കണാരന്റെയും, ചുറ്റുപാടും കണ്ടു നിന്ന ഏവരുടെയും, കണ്ണുകൾ കാഴ്ചയിൽ നിന്നു മായുംവരെ അമ്മമ്മയെ അനുഗമിച്ചുകൊണ്ടിരുന്നു.!! VK



# കടവൊഴിയാതെ...

**സുധീഷ് പ്രഭാകരൻ**
ഹെയ്തി

അത്രമേൽ ആഞ്ഞു തുഴയെറിഞ്ഞിട്ടും
അകന്നു പോകാനാകുന്നില്ലല്ലോ
അക്ഷരങ്ങളുടെ ഈ കടവത്തു നിന്നും...

തുലാവർഷവും,
ഇടവപ്പാതിയും, കർക്കിടകവും
ഇടമുറിയാതെ പെയ്തൊഴിഞ്ഞിട്ടും
പണ്ടേ ജഡമായൊരെന്നെ
ഈ തീരത്ത് ഉപേക്ഷിച്ച്
ആ പ്രവാഹങ്ങളെല്ലാം എന്തേ കടന്നുപോയി..?

ഭൂമിയുടെ ഉർവ്വരതയെ
ഊഷരമാക്കിയ സൂര്യാ..
അഗ്നി വർഷിച്ച് ഭൂമിയെ
ചുടല പറമ്പാക്കിയ സൂര്യാ..
എന്തേ നീയെന്റെ ചിതയ്ക്കൊരു
തീനാളമായില്ല..?

മരം കോച്ചുന്ന മകരത്തിൽ
മരവിച്ച് മരിച്ച എനിക്ക്
ഓരോ ശിശിരവും
ഇലപൊഴിച്ച് കുഴിമാടമൊരുക്കിയിട്ടും
ഞാനെന്ന ജഡമെന്തേ
ഈ മണ്ണിൽ അലിഞ്ഞു ചേരാത്തത്..?

വാവുബലികളേറെ കഴിഞ്ഞിട്ടും
എന്റെ ബലിച്ചോറുണ്ണാൻ
ഒരു കാകൻ പോലും എന്തേ
എത്തി നോക്കാത്തത്..?

അക്ഷരങ്ങളുടെ ഈ കടവത്ത്
ഏകാന്തതയുടെ തനിയാവർത്തത്തിൽ
ജീർണ്ണിച്ചൊരു ജഡമായ് ഞാനിന്നുമുണ്ട്...
ആത്മാക്കൾ
ആഞ്ഞ് തുഴയെറിഞ്ഞിട്ടും
അക്ഷരങ്ങളുടെ ഈ കടവത്തു നിന്നും വേർപ്പെടാനാകാതെ
വെറുമൊരു ജഡമായ് ഞാനിങ്ങനെ...

ഒരു വേള ഏതോ
അക്ഷരങ്ങളുടെ...
വാക്കുകളുടെ...
വരികളുടെ...
ബന്ധത്തിലോ, ബന്ധനത്തിലോ
ആയിരിക്കാം ഞാൻ.

മോക്ഷ പ്രാപ്തിയില്ലാത്ത അശ്വത്ഥാമാവിനെപ്പോലെ.





പത്മകുമാർ ജി.കെ





ജോർജ്
കാണാൻവേലിൽ

# ഹെർമാൻ ഹുണ്ടെർട്ടിന്റെ നാട്ടിലും

# മലയാള സാന്നിധ്യം

**പ്രൊഫ. ഹയ്ക്കെ ഓബർലിൻ (മോസർ), ട്യൂബിംഗെൻ സർവകലാശാലയിൽ ഭാരതീയ വിജ്ഞാനം, സാംസ്കാരി നരവംശശാസ്ത്രം എന്നിവ പഠിച്ചു. വ്യൂർസ്സ്ബർഗ് സർവകലാശാലയിൽ നിന്നും ഭാരതീയ വിജ്ഞാനത്തിൽ കേരളത്തിലെ പ്രാചീന സംസ്കൃത നാട്യകലാരൂപമായ കൂടിയാട്ടത്തിൽ അതിപ്രശസ്തമായ രീതിയിൽ (ഔാമ രൗാ ഹമൗറല) ഡോക്ടറേറ്റ് നേടി. ഇവരുടെ പ്രബന്ധത്തിന് 2008 ലെ ഏണസ്റ്റ്വാൾഡ്സ്മിഡ് സമ്മാനം ലഭിച്ചു.1995 മുതൽ 2001 വരെ ഇവർ കേരള കലാമണ്ഡലത്തിൽ ശ്രീമതി പി.എൻ ഗിരിജയുടെയും രാമ ചക്യറിന്റെയും കീഴിൽ കൂടിയാട്ടവും നാങ്ക്യാർ കൂത്തും അഭ്യസിച്ചു. അതിനുശേഷം ഇവർ മലയാള ഭാഷ പഠിക്കുകയും ട്യൂബിംഗെനിൽ മലയാളം പഠിപ്പിക്കുകയും ചെയ്യുന്നു. അവർ ഇപ്പോഴും ഒരു കൂടിയാട്ടം നൃത്തകിയായി വിവിധ സർവ്വകലാശാലകളിലും തീയറ്ററുകളിലും സ്കൂളുകളിലും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്യുന്നു. 2013 മെയ് മാസം മുതൽ ഹയ്ക്കെ ഓബർലിൻ ഭാരതീയ വിജ്ഞാന ശാഖയിലെ ഔദ്യോഗിക അദ്ധ്യാപികയായി അംഗീകരിക്കപ്പെട്ടു. 2016 ഡിസംബറിൽ ഒരു ഷെഡ്യൂൾ ചെയ്യാത്ത പ്രൊഫസറായി ട്യൂബിംഗെൻ നിയമിക്കപ്പെട്ടു. 2015 ൽ കെ. ജയകുമാറിന്റെയും തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെയും സഹകരണത്തോടെ അവർ ട്യൂബിംഗെൻ സർവകലാശാലയിൽ മലയാളത്തിനായി ഗു≠ർട്ട് ഉന്നത വിദ്യാപീഠം സ്ഥാപിച്ചു. ജർമ്മൻഇന്ത്യൻ സാംസ്കാരിക രംഗത്തെ പ്രത്യേക നേട്ടങ്ങൾക്കായി ഇന്ത്യൻ സാംസ്കാരിക ബന്ധങ്ങളുടെ കൗൺസിൽ ഹയ്ക്കെ ഓബർലിൻ ഗിസെലബോൺപ്രൈസ് 2019ൽ നൽകും**



**പ്രൊഫ. ഹയ്ക്കെ ഓബർലിൻ,**
എബർഹാർഡ്കാൾസ് യൂണിവേഴ്സിറ്റി, ട്യൂബിംഗെൻ




കേരള സംസ്ഥാന സർക്കാരിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും ധനസഹായത്തോടെ 2015 ഒക്ടോബർ മുതൽ ട്യൂബിംഗെൻ സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് മലയാളം പഠിക്കാൻ മികച്ച അവസരങ്ങൾ ലഭിച്ചു തുടങ്ങി. തിരൂറിലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ അന്നത്തെ വൈസ് ചെയർമാൻ ശ്രീ കെ. ജയകുമാറിന്റ സഹായസഹകരണം മലയാളഭാഷ പഠന പദ്ധതി ആരംഭിക്കുന്നതിനു ലഭിച്ചു. യൂറോപ്പിൽ മറ്റെവിടെയും പതിവായി യൂണിവേഴ്സിറ്റി തലത്തിൽ പഠിപ്പിക്കപ്പെടാത്ത മലയാളഭാഷ പഠനം ആദ്യമായി ട്യൂബിംഗെൻ സർവകലാശാലയിൽ ആരംഭിച്ചത് ദീർഘകാല പരിശ്രമങ്ങളുടെ ഫലമായിട്ടാണ്. ട്യൂബിംഗെൻ സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡോളജി, കഴിഞ്ഞ പതിനഞ്ചു വർഷമായി തുടക്കക്കാർക്കായി മലയാളഭാഷ പഠനം നടത്തുന്നു. ഇതിനിടയിൽ, ഇവിടെ ബി.എ; എം. എ വിദ്യാർത്ഥികളും യൂറോപ്പിലെമ്പാടുമുള്ള ഡോക്ടറെറ്റ്, പോസ്റ്റ്ഡോക്ടറെറ്റ് വിദ്യാർത്ഥികളും തീവ്രമായ ഭാഷാ പരിശീലനത്തിൽ പങ്കെടുക്കുന്നു.

പത്തൊൻമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ട്യൂബിംഗെൻ സർവകലാശാല ഇൻഡോളജിയുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൊന്നായിരുന്നു. 1856ൽ പ്രസിദ്ധമായ വേദ പണ്ഡിതനും ഗവേഷകനുമായ റുഡോൾഫ് ഫോൺ റോത്ത് സംസ്കൃതത്തിനായുള്ള ആദ്യത്തെ ഉന്നതാദ്ധ്യാപകപീഠം അലങ്കരിച്ച വ്യക്തിയാണ്. പത്തൊൻമ്പതാം നൂറ്റാണ്ടിൽ നിരവധി മിഷനറിമാർക്ക് ട്യൂബിംഗെനിൽ പരിശീലനം ലഭിച്ചു, അവരുടെ ഭാഷാപരമായ പ്രവർത്തനങ്ങൾ ഇന്നും തുടരുന്നു. അവയിൽ, മലയാളം വിദഗ്ദ്ധനായ ഹെർമാൻ ഹുണ്ടെർട്ടിന്റെ വേറിട്ടുനിൽക്കുന്ന വ്യക്തിത്വമാണ്. അടുത്തകാലത്ത് ട്യൂബിംഗെനിൽ ഭാരതീയ ഭാഷാപരിശീലനപരിപാടികളുടെ പേര് 'ഗുണ്ടെർട്ട് ചെയർ' എന്ന പേരിലാണ് അറിയപ്പെടുന്നത്.

ഹെർമാൻ ഹുണ്ടെർട്ട് അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പഠനത്തിനിടെ ട്യൂബിംഗെൻ സർവ്വകലാശാലയിൽ സംസ്കൃതം പഠിക്കുകയും 1835 ൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. ഇംഗ്ലണ്ട് വഴി ഇന്ത്യയിലെത്തിയ അദ്ദേഹം ഇതിനിടെ നിരവധി ഇന്ത്യൻ ഭാഷകൾ

(ബംഗാളി, തെലുങ്ക്, മറാത്തി, ഉറുദു മുതലായവ) പഠിച്ചു.  1838 മുതൽ അദ്ദേഹം കേരളത്തിലെ നെട്ടൂരിലെ ബാസൽ മിഷനുവേണ്ടി പ്രവർത്തിച്ചു. അവിടെ ഒരു മലയാളം സ്കൂൾ സ്ഥാപിച്ച അദ്ദേഹം ഒരു മലയാള വ്യാകരണവും നിഘണ്ടുവും പ്രസിദ്ധീകരിക്കാനുള്ള ആഗ്രഹത്തോടെ ഭാഷാപഠനം നടത്തി. മലയാളത്തിൽ നിന്നു ജർമ്മനിലേക്കും, പുതിയ നിയമം പോലുള്ള ഗ്രന്ഥങ്ങൾ ജർമ്മനിയിൽ നിന്നും മലയാളത്തിലേക്കും വിവർത്തനം ചെയ്തു. ആരോഗ്യപരമായ കാരണങ്ങളാൽ, ഗുണ്ടെർട്ടിന് 1859 ൽ ഇന്ത്യ വിടേണ്ടിവന്നു. ഗുണ്ടെർട്ട് 1860 മുതൽ കാൽവ് എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. അവിടെ അദ്ദേഹം 1893ൽ മരിക്കുന്നതുവരെ കാൽവ് പ്രസാധക കൂട്ടായ്മയുടെ അമരക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മലയാള കൃതികൾ അവിടെയാണ് മുദ്രണം ചെയ്യപ്പെട്ടത്. അതിൽ ഏറ്റവും പ്രസിദ്ധമായ കൃതി മലയാള ഇംഗ്ലീഷ് നിഘണ്ടുവാണ്. ഗുണ്ടെർട്ട് കുടുംബത്തിന് ഇന്ത്യയുമായും, പ്രത്യേകിച്ച് കേരളവുമായി ഇന്നും അടുത്ത ബന്ധം പുലർത്തുന്നു. ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഗുണ്ടെർട്ടിന്റെ ചെറുമകനായ ഹെർമാൻ ഹെസ്സെയും അദ്ദേഹത്തിന്റെ കൃതികളും (ഉദാ. സിദ്ധാർത്ഥ). ഹെർമാൻ ഗുണ്ടെർട്ട് സൊസൈറ്റിയെ ഇന്നും നയിക്കുന്നത് അദ്ദേഹത്തിന്റെ നേരിട്ടുള്ള പിൻഗാമികളിൽ ഒരാളാണ്. ഗുണ്ടെർട്ടിന്റെ സാഹിത്യ സമ്പത്തിന്റെ മുഴുവൻ ഉടമസ്ഥാവകാശവും ട്യൂബിംഗെൻ സർവകലാശാല ലൈബ്രറിക്ക് നല്കപ്പെട്ടു. 1990/91 കളിൽ ഡോ. സ്കറിയ സക്കറിയ ആദ്യമായി ഗുണ്ടെർട്ടിന്റെ ഡയറിക്കുറിപ്പുകൾ തുറന്നു പരിശോധിച്ചു. അടുത്തിടെ, ജർമ്മൻ റിസർച്ച് ഫൗണ്ടേഷന്റെ (ഡി.എഫ്.ജി.) രണ്ട് വർഷത്തെ പ്രോജക്റ്റ് ഗ്രാന്റിന്റെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്തു. 'ഗുണ്ടെർട്ട് പോർട്ടൽ' എന്ന പേരിൽ അറിയപ്പെടുന്ന ഈ ആഗോള കമ്പ്യൂട്ടർ ശ്രംഖലയിൽ നിന്നും ലോകമെമ്പാടും സൗജന്യമായി ആർക്കും ഉപയോഗിക്കുവാൻ കഴിയും: വഠ്ഠു://ംംം.ഴൗിറലൃേു്യീൃമേഹ.റല.  142 കയ്യെഴുത്തു പ്രതികൾ ഉൾപ്പെടെ 849 ശീർഷകങ്ങൾ ഡിജിറ്റലൈസസ് ചെയ്ത ഈ ലിഖിത ശേഖരണത്തിൽ മൊത്തം 137,148 പേജുകൾ ഉണ്ട്. കൂടാതെ, മലയാളം യൂണികോഡ് സ്ക്രിപ്റ്റ് ഉപയോഗിച്ച് ഇന്ത്യൻ പ്രോജക്ട് പങ്കാളികൾ 24,000 പേജുകൾ ടൈപ്പുചെയ്തു, അവ യന്ത്രം ഉപയോഗിച്ച് തിരയാൻ കഴിയും.



2015 ൽ ഗുണ്ടെർട്ട് വിദഗ്ദ്ധനായ പ്രൊഫ. ഡോ. സ്കറിയ സക്കറിയയെ ട്യൂബിംഗെനിൽ നിയമിച്ചു. 'ഹെർമാൻ ഗുണ്ടെർട്ട് സീരീസിന്റെ' (എച്ച്ജിഎസ്) പത്രാധിപരാണ് അദ്ദേഹം. 1991ൽ പ്രസിദ്ധീകരിച്ച ആദ്യത്തെ കൃതികൾ ഗുണ്ടെർട്ടിന്റെ പ്രസിദ്ധമായ നിഘണ്ടു മലയാളം ഇംഗ്ലീഷ് നിഘണ്ടു, മലയാള ഭാഷാ വ്യാകരണം എന്നിവയായിരുന്നു. കേരളത്തിന്റെ പുരാതന ഉത്ഭവം (കേരളോല്പത്തി), ഗുണ്ടെർട്ട് ബൈബിൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിനെക്കുറിച്ചുള്ള പാഠങ്ങൾ എന്നിവയായിരുന്നു അത്. ഇതുകൂടാതെ, ഡോ. ആൽബ്രെക്റ്റ് ഫ്രെൻസ് ഹെർമാൻ ഗുണ്ടെർട്ടിനെക്കുറിച്ച് മൂന്ന് വാല്യങ്ങൾ എഡിറ്റുചെയ്ത് എഴുതിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ സ്കറിയ സക്കറിയ ഠഡഘങ്ങട ('ട്യൂബിംഗെൻ യൂണിവേഴ്സിറ്റി ലൈബ്രറി മലയാളം കൈയ്യെഴുത്തുപ്രതി പരമ്പര') യുടെ പ്രസാധകനായി. 1994 മുതൽ 1996 വരെ ഇനിപ്പറയുന്ന പഠനങ്ങൾ പ്രസിദ്ധീകരിച്ചു: തച്ചോളിപ്പാട്ടുകൾ, തലശേരി രേഖകൾ, (ടെല്ലിശേരി റെക്കോർഡുകൾ), പയ്യന്നൂർപാർട്ട്, ഓണപ്പാട്ട്. ട്യൂബിംഗെനിൽ താമസിക്കുന്നതിനിടെ, സ്കറിയ സക്കറിയ വീണ്ടും ഗുണ്ടെർട്ട് ചെയർ പ്രോഗ്രാമിന്റെ ഭാഗമായി ആർക്കൈവിൽ പ്രവർത്തിക്കുകയും 2016ൽ 'മലയാളവും ഹെർമൻ ഗുണ്ടർട്ട്' എന്ന രണ്ട് വാല്യങ്ങളിലായി ഒരു സ്മാരക കൃതി പ്രസിദ്ധീകരിക്കുകയും ചെയ്തു.



ട്യൂബിംഗെനിൽ മലയാളം ക്ലാസ്സുകൾ ഇനിപ്പറയുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു: ഒന്നാമതായി, പതിന്നാല് ദിവസത്തെ തീവ്രമായ ഒരു കോഴ്സിൽ ഞാൻ അടിസ്ഥാനകാര്യങ്ങൾ സജ്ജമാക്കി, പുതിയതും പഴയതുമായ രചനകൾ (വായനയും എഴുത്തും) പഠിപ്പിക്കുന്നു. വ്യാകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നിയമങ്ങൾ, ലളിതമായ സംഭാഷണം എന്നിവ പരിശീലിപ്പിക്കുന്നു. അതിനുശേഷം, ഗുണ്ടർട്ട് ചെയർ പ്രെ



ൊഫസർമാർ അവരുടെ അറിവ് വർദ്ധിപ്പിക്കുകയും മലയാള സാഹിത്യത്തിലെ പല സുപ്രധാന ഗ്രന്ഥങ്ങളിൽ നിന്നുള്ള ചില ഭാഗങ്ങൾ വായിക്കുകയും വിവർത്തനം ചെയ്യുകയും ചെയ്യുന്നു. ഉദാഹരണത്തിന്, സമകാലിക കവിതകളും നോവലുകളായ രാത്രിമാല അല്ലെങ്കിൽ ഖാസാക്കിന്റെ ഇതിഹാസം, എ. സേതുമാധവന്റെ പാണ്ഡവപുരം, എം.ടി. വാസുദേവൻനായർ, അക്ബർ കക്കട്ടി, മാധവികുട്ടി, കെ.ആർ. മീര, പി. വത്സല എന്നിവ. മാത്രമല്ല, മലയാള സാഹിത്യത്തിന്റെ പഴയ രൂപങ്ങളായ കേരളോല്പത്തി, ഭാഷാവികാസത്തെക്കുറിച്ചും മലയാള സാഹിത്യത്തെക്കുറിച്ചും അവർ പ്രഭാഷണങ്ങൾ നടത്തുന്നു.

2015 ഒക്ടോബർ 9 ന് ഗുണ്ടെർട്ട് വിദ്യാപീഠത്തിന്റെ ഉദ്ഘാടനത്തിനു ശേഷം മലയാളത്തെയും കേരളത്തെയും കുറിച്ചുള്ള രണ്ട് ദിവസത്തെ സിമ്പോസിയം പ്രൊഫ. സക്കറിയ നയിക്കുകയും ആദ്യമായി ഒക്ടോബർ 12 മുതൽ നവംബർ 6 വരെ ട്യൂബിംഗനിൽ പഠിപ്പിക്കുകയും ചെയ്തു. അദ്ദേഹം നിർദ്ദിഷ്ട വ്യാകരണ പ്രശ്നങ്ങളും മലയാള സംഭാഷണവും എന്ന വിഷയത്തെക്കുറിച്ചും, വിവിധ കൃതികളിൽ നിന്നുള്ള ഭാഗങ്ങൾ വായിച്ചും ചർച്ച ചെയ്തു. കൂടാതെ, ഇന്ത്യൻ സാഹിത്യത്തെക്കുറിച്ചുള്ള ഒരു സെമിനാറിലേക്ക് ഗസ്റ്റ് സ്പീക്കറായി സ്കറിയ സക്കറിയയെ ക്ഷണിക്കുകയും അവിടെ മലയാള സാഹിത്യത്തെക്കുറിച്ച് അദ്ദേഹം ഒരു അവലോകനം നൽകുകയും ചെയ്തു. ട്യൂബിംഗെനിലെ ഗുണ്ടെർട്ട് ആർക്കൈവിലെ സാമഗ്രികളെ അദ്ദേഹം പരിശോധിച്ചു. 2016/17 ലെ ശീതകാല സെമസ്റ്ററിൽ സ്കറിയ സക്കറിയ നിരവധി ആഴ്ചകളായി ട്യൂബിംഗെനിൽ പഠിപ്പിക്കുകയും ഗവേഷണം നടത്തുകയും ചെയ്തു.

2016, 2017 വേനൽക്കാല സെമസ്റ്ററിൽ ഭാഷാശാസ്ത്രജ്ഞനായ പ്രൊഫ. എം. ശ്രീനാഥൻ ട്യൂബിംഗെനിലെ അതിഥിയായി പ്രഭാഷണങ്ങൾ നടത്തി, ഹെർമൻ ഗുണ്ടർട്ടിന്റെ ഭാഷാപൈതൃകസമാഹാരത്തിൽ ആവേശത്തോടെ പ്രവർത്തിച്ചു. ഇതിനകം തന്നെ 2016ൽ അദ്ദേഹം പുതിയ 'ഹെർമൻ ഗുണ്ടെർട്ട് ആർക്കൈവ് സീരീസ്'/'ഹെർമൻ ഗുണ്ടെർട്ട് രേഖാലയപരമ്പര' യിലെ ആദ്യത്തെ വാല്യമായി 'കേരളനാടകം' പ്രസിദ്ധീകരിച്ചു. കേരളത്തിലെ ജാതിസാമൂഹിക വിഭാഗങ്ങളുടെ ഉത്ഭവത്തിന് അസാധാരണമായ പശ്ചാത്തലം നൽകുന്ന വിഷയം ഏറെ ചർച്ച ചെയ്യപ്പെട്ടു. ഒരു വർഷത്തിനുശേഷം, നളചരിതം മണിപ്രവാളം എന്ന പ്രസിദ്ധമായ നളചരിതം കഥയുടെ അപൂർവ പതിപ്പ് അനുബന്ധ പഠനത്തിനായി അച്ചടിച്ചു. പത്തൊൻപതാം നൂറ്റാണ്ടിലെ സ്ത്രീകളുടെ പവിത്രമായ പാതിവ്രത്യത്തെ പ്രതിപാദിക്കുന്ന പതിവ്രതധർമ്മം എന്ന മൂന്നാമത്തെ പുസ്തകം പ്രസിദ്ധീകരിച്ചു. ഈ പുസ്തകം നിലവിലെ സമൂഹത്തിൽ വളരെ പ്രസക്തമാണ്.

ഗുണ്ടെർട്ട് ഗസ്റ്റ് പ്രൊഫസർമാരുടെ പരിപാടികൾക്കു പുറമേ, വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അതിഥി പ്രഭാഷണങ്ങളും നടത്താറുണ്ട്: ഉദാഹരണത്തിന്, രാജൻ ഗുരുക്കൽ നടത്തിയ 'അറബ്, ജൂത, ക്രിസ്ത്യൻ വ്യാപാരികളും മലബാർ തീരവുംപോർച്ചുഗീസുകാർക്കു മുൻപ്: ഒരു സാമൂഹികസാമ്പത്തിക അവലോകനം', 'മലയാളത്തിന്റെ പരിണാമം: ഒരു ബദൽ കാഴ്ചപ്പാട്', എന്നവിഷയത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തപ്പെട്ടു. കൂടിയാട്ടംസംസ്കൃത തിയറ്റർഗ്രൂപ്പ് നേപ്പാത്തിയ എന്നിവയും ഇവിടെ അവതരിപ്പിച്ചു. ജർമ്മനിയിലെ കേരളത്തിൽ നിന്നുള്ള നഴ്സുമാരെക്കുറിച്ചുള്ള 'ട്രാൻസ്ലേറ്റഡ് ലൈവ്സ്' എന്ന ചിത്രം ആഴ്സണൽ തിയേറ്ററിൽ പ്രദർശിപ്പിച്ചു. സുനിൽ പ്രഭാകർ 'മലയാളം കമ്പ്യൂട്ടിംഗിനെക്കുറിച്ച്', പ്രൊഫ. ഡോ. എൻ പി കേരളത്തിലെ മുസ്ലിം വൈവാഹികതയുടെ തുടർച്ചയിൽ മതത്തിന്റെ സ്വാധീനത്തെക്കുറിച്ചും സ്ത്രീകളുടെ പ്രത്യേകാവകാശങ്ങളെക്കുറിച്ച് ഹാഫിസ് മുഹമ്മദ് പ്രഭാക്ഷണം നടത്തി. എഴുത്തോലകളിലെ മലയാള ലിപികൾ, സംസ്കൃത തിയേറ്ററിലെ കൂടിയാട്ടത്തിന്റെ സ്റ്റേജ് മാനുവലുകൾ (മ??മ്യൂമസമ്യമാ) എന്ന വിഷയത്തെക്കുറിച്ചു ഹ്രസ്വമായ ഒരു ക്ലാസ്സ് ഞാൻ എടുത്തു. ഒഫീറ ഗാംലിയൽ തുടക്കക്കാർക്കായി ക്ലാസ്സ് നയിക്കുകയും അവളുടെ പുതിയ, മികച്ച മലയാളം പാഠപുസ്തകം പരീക്ഷിക്കുകയും ചെയ്തു. ഈ പുസ്തകം ഉടൻ തന്നെ മലയാള ഭാഷയുടെ ഭാഷാ സർവേ അതിന്റെ സ്വന്തം നിബന്ധനകളിൽ' എന്ന തലക്കെട്ടിൽ. ഹരസ്സോവിറ്റ്സ്പ്രസാധകർ ഉടൻ തന്നെ പ്രസിദ്ധീകരിക്കും.

ഇതിനിടയിൽ, രണ്ടാമത്തെ പദ്ധതി ഘട്ടം (20192022) ആരംഭിച്ചു, മലയാള സാഹിത്യ വിദഗ്ധൻ പ്രൊഫ. ഡോ. ഗുണ്ടെർട്ട് ചെയറിന്റെ അധിപയായി ടി. അനിതകുമാരി. 2019 ലെ വേനൽക്കാലത്ത് അവർ ആദ്യമായി ട്യൂബിംഗെനിൽ ഗവേഷണം നടത്തി പഠിപ്പിച്ചു. ഗുണ്ടെർട്ട് എസ്റ്റേറ്റിൽ നിന്നുള്ള നിരവധി ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനായി അവർ ഇപ്പോൾ പ്രവർത്തിക്കുന്നു.

ഇൻഡോളജി പോലുള്ള ഓർക്കിഡ് വിഷയത്തിൽ പോലും ഗുണ്ടെർട്ട് പ്രോഗ്രാം ഒരു സവിശേഷ പുഷ്പമാണ്, പ്രത്യേക ശ്രദ്ധ ആവശ്യമാണ്. എല്ലായ്പ്പോഴും ചെറുതും എന്നാൽ പ്രതിബദ്ധതയുള്ളതുമായ ട്യൂബിംഗൻ ഗ്രൂപ്പുകളും അന്തർദ്ദേശീയ വിദ്യാർത്ഥികളും വൈവിധ്യമാർന്ന അധ്യാപനത്തിൽ നിന്നും അധിക പ്രവർത്തനങ്ങളിൽ നിന്നും പ്രയോജനം നേടുന്നു. മലയാള ഭാഷയുടെ വിവിധ വശങ്ങളും കേരളത്തിന്റെ ചരിത്രം, സാഹിത്യം, സംസ്കാരം എന്നിവയുടെ സവിശേഷതകളും അന്താരാഷ്ട്ര പ്രശസ്തരായ വിദഗ്ധരിലൂടെ അറിയാനും അവ വിശദമായി ചർച്ച ചെയ്യാനുമുള്ള അവസരത്തെ അവർ അഭിനന്ദിച്ചു.

ടൂബിംഗെൻ സർവകലാശാലയിൽ മലയാളത്തിനും കേരള പഠനത്തിനുമായി 'ഗുണ്ടെർട്ട്ചെയർ പ്രോഗ്രാം' ആരംഭിച്ചതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഒപ്പം ഞങ്ങളുടെ പങ്കാളി സർവ്വകലാശാലയായ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലയുമായി കൂടുതൽ ഊർജ്ജസ്വലവും ഫലപ്രദവുമായ സഹകരണം പ്രതീക്ഷിക്കുന്നു. തിരൂർ ഭാവിയിൽ മലയാള സാഹിത്യത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും പ്രൊഫഷണൽ വിവർത്തനങ്ങളിലൂടെ അത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുമെന്നു കരുതുന്നു. മറ്റൊരു ദീർഘകാല ലക്ഷ്യം മലയാളത്തിനായുള്ള വിദ്യാഭ്യാസ സാമഗ്രികളുടെ വികസനമാണ്. കൂടാതെ,തിരൂരിലെയും ട്യൂബിംഗനിലെയും രണ്ട് സർവകലാശാലകൾക്കിടയിൽ വിദ്യാർത്ഥികളുടെ പരസ്പരകൈമാറ്റം ആസൂത്രണം ചെയ്തിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ, ഒരു സഹകരണ ഗവേഷണ പ്രോജക്റ്റ് വികസിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ജർമ്മനിയിലെ രണ്ടും മൂന്നും തലമുറയിലെ മലയാളികൾക്ക് എല്ലാ പരിപാടികളെയും കുറിച്ച് അറിയിക്കുകയും പങ്കെടുക്കാൻ അവസരം നൽകുകയും ചെയ്യും. ഈ പ്രോഗ്രാമുകളിലൂടെ, ഒരു പുതിയ ബന്ധം സൃഷ്ടിക്കാനും മലയാളത്തെ ആഗോളവത്കൃത ലോകത്തേക്ക് കൊണ്ടുവരാനും സംരക്ഷിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. VK

ബന്ധപ്പെടുക:
heike.oberlin@unituebingen.de

ഹോംപേജ്:
http://www.unituebingen.de/de/9974











# ഓർമ്മയിലെൻ ഗ്രാമം

തുള്ളി തുള്ളി വരുന്നൊരു മുയലിൻ
കാമ്പുകൾ പോലൊരു ചെവി കാണാം

വാലു കുലുക്കി വലിഞ്ഞു കയറും
വരമാം അണ്ണാൻ വര കാണാം

മിയാം മിയാം കേണുനടക്കും
കോഴികുഞ്ഞിൻ കളി കാണാം

കൂടുകൾ കൂട്ടിയിരുന്നിര തേടും
കൂടുകൾ പണിയും കിളി കാണാം

കൂട്ടിലിരുന്ന് കുരയ്ക്കും നായുടെ
നീണ്ടു വെളുത്തൊരു പല്ലു കാണാം

ആടുകൾ മേച്ച് നടക്കുമൊരാശാൻ
അതുവഴി പോകുന്നതു കാണാം

ഓടുകൾ മേഞ്ഞൊരു വീടിൻന്നരികിൽ
കാടുനിറഞ്ഞൊരിട വഴി കാണാം

അതിരുകൾ ആക്കിയ ശീമക്കൊന്നകൾ
വീടിൻ മതിലുകളായി കാണാം

മങ്ക മെടഞ്ഞൊരു മുടിയിൽചൂടിയ
പൂപോൽ വാഴക്കുല കാണാം

തെങ്ങിൻ ഓലകൾ തിങ്ങും മണ്ടയിൽ
നിറയെ തേങ്ങാകുല കാണാം

പലകയിലിരുന്നു മെടലഞ്ഞൊരു ഓല
പല പല വീടുകളിൽ കാണാം

കലപ്പ വലിച്ചടി കൊണ്ടടി വെയ്ക്കും
കൊമ്പൻ കാളകളെ കാണാം

പാലുചുരത്തും പശുവിൻ അരികിൽ
പാത്രം നിറയെ പാൽ കാണാം

കാലിൽ ചുറ്റി നടക്കും പൂച്ച
പാലിൽ നോക്കുന്നത് കാണാം

പച്ച നിറങ്ങൾ നിറഞ്ഞൊരു വയലിൽ
കനകം പൊലൊരു കതിർ കാണാം

സുന്ദരമാം എൻ ഗ്രാമമിതൊന്നു
കൺ നിറയോളം കണി കാണാം



**സജീവ് നമ്പ്യാർ,**
പകായിഗ്



# പ്രൗഢം, പ്രണയദീപ്തം! പാരീസ്



**ശ്രീജ സരസ്വതി,**
WMF മലയാളം മിഷൻ
കോർഡിനേറ്റർ, ഫ്രാൻസ്

**ചിത്രങ്ങൾ: പ്രശാന്ത് മോഹനചന്ദ്രൻ,**
WMF മലയാളംമിഷൻ പ്രസിഡന്റ്, ഫ്രാൻസ്

'ഫ്രാൻസി'ലെ ഏറ്റവും വലിയ രണ്ടാമത്തെ നദിയായ സെൻ (ഹമ ടലശില), വളഞ്ഞു പുളഞ്ഞൊഴുകി, തലസ്ഥാന നഗരമായ പാരീസും പകുത്തു, ചെറു ദ്വീപുകളും തീർത്തു കൊണ്ട്, ഇംഗ്ലീഷ് ചാനലിലേക്കു കുതിക്കുന്നു. ഓരോ നിമിഷവും പുതുക്കപ്പെട്ടാണ് നദിയൊഴുകുന്നതെങ്കിലും ഇപ്പോഴും പഴമയുടെ പ്രൗഢിയിൽ മുങ്ങി നീരാടി നിൽക്കുന്ന ഒരു നഗരമാണ് പാരീസ്. ഈ നദീ തീരത്തെ ആദ്യതാമസക്കാരായ പാരീസി ജനതയിൽ നിന്നു വന്ന വിളിപ്പേരിൽ പോലും മാറ്റമില്ല. കാലം മാറുമ്പോൾ കോലം മാറാതെ സ്വയം വിസ്മയം തീർക്കുന്ന ഈ തീരം തേടിയാണ്, ഇന്ന് ലോകത്ത്, ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തുന്നത്.

ചരിത്ര സ്മാരകങ്ങൾ തന്നെയാണ് പാരീസിന്റെ മുഖമുദ്ര. കലയിലും ശാസ്ത്രത്തിലും, സാഹിത്യത്തിലുമെല്ലാം കാലത്തിന് മായ്ക്കാനാവാത്ത കയ്യൊപ്പു ചാർത്തിയിട്ടുള്ളതിനാൽ ഇവിടെ അങ്ങോളമിങ്ങോളമുള്ള സ്മാരകങ്ങൾ കണ്ടു തീർക്കാൻ വർഷങ്ങൾ തന്നെ വേണ്ടി വന്നേക്കും. ഒന്നാം ലോകമഹായുദ്ധത്തിലെ അജ്ഞാത സൈനികന്റെ കല്ലറയ്ക്കു മേൽ ഉയർന്നു നിൽക്കുന്ന മഹാകമാനമാണ് 'ആർക്ക് ദ് ത്രയംഫ്' (അൃര റല ഠൃശീാുവല). നെപ്പോളിയസാമ്രാജ്യ വിജയഭേരികൾക്കും ലോകകപ്പ് ഫുട്ബോൾ വിജയങ്ങൾക്കും ആധുനിക സമര പരമ്പരകൾക്കും ഒന്നുപോലെ സാക്ഷി. ഇതിനെ ചുറ്റി, നക്ഷത്രവീചികൾപോലെ പാരീസ് നഗരത്തിലേക്കുള്ള പന്ത്രണ്ടു പ്രധാന പാതകളും തുടങ്ങുന്നു.

പ്രധാന പാതകൾ ഒഴിച്ചു നിർത്തിയാൽ ചെറിയ റോഡുകളാണ് എല്ലായിടവും. സ്വതേ ചെറിയ വഴികളുടെ ഒരുവശത്തു തന്നെ കാറുകളും പാർക്ക് ചെയ്തിരിക്കുന്നത് കാണാം. മിച്ചമുള്ള സ്ഥലത്തു കൂടി വഴിയാത്രക്കാർക്കും ചെറു വാഹനങ്ങൾക്കും ഒക്കെ മുൻഗണന





കൊടുത്തു കാറോടിച്ചു പോകുന്ന സമയവും പാർക്കിങ്ങിന്റെ ബുദ്ധിമുട്ടും ഒക്കെ നോക്കിയാൽ ആരും പൊതു ഗതാഗതത്തെ ആശ്രയിച്ചു പോകും. നഗരം ലക്ഷ്യം വയ്ക്കുന്നതും മറ്റൊന്നല്ല. അതുകൊണ്ടു തന്നെ നഗരത്തിനുള്ളിലെ ഗതാഗതത്തിനു ഭൂഗർഭ മെട്രോറെയിൽ സിസ്റ്റം തന്നെ ആണ് ഏറ്റവും അഭികാമ്യം. പാരീസ് മെട്രോയിൽ കൂടി, ദിവസേന 50 ലക്ഷത്തിനടുത്തു ആൾക്കാർ യാത്ര ചെയ്യുന്നു എന്നാണ് കണക്ക്. 1900 ത്തിൽ പ്രവർത്തനം ആരംഭിച്ചു, ഇന്നും മുന്നോട്ടു തന്നെ പായുന്ന ഈ മെട്രോ സിസ്റ്റമായാലും, അതിനും മുൻപേ തന്നെ ഉരുക്കിൽ തീർത്തു വാനിലേക്കുയർത്തിയ, നാലുപാടും വെളിച്ചം വിതറി നിൽക്കുന്ന ഈഫൽ ഗോപുരമായാലും ഒന്നിനൊന്നു മെച്ചമായ എഞ്ചിനീയറിങ്ങ് അത്ഭുതങ്ങൾ തന്നെയാണ്. ഓരോരുത്തർക്കും ഓരോന്നിനെ ആരാധിക്കാനുള്ള വകയുണ്ടിവിടെ.

കലയുടെ കേദാരമായ ലൂവ്ര് (ഘീൗ്വൃല) പോലെയുള്ള അനവധി മ്യൂസിയങ്ങൾ. സംഗീതപ്രഭചൊരിയുന്ന ഓപ്പറ ഹൌസ് (ഛുലൃമ ഒീൗലെ). കഥയുറങ്ങുന്ന നോത്രദാം(ചീ്യൃലഉമാല) പള്ളി, ഗൃഹാതുരത്വമുണർത്തുന്ന 'മോൺമാർത്' (ങീിേമൃ്യൃല) കുന്നിൻ മുകളിലെ ദേവാലയം ഒക്കെ അന്നുമിന്നും ലോകത്തിന്റെ തന്നെ കലാസാംസ്കാരിക കേന്ദ്രമായി പാരീസിനെ നിലനിർത്തുന്നു. കാലം ഏൽപ്പിക്കുന്ന മുറിവുകളിലും പൊള്ളലുകളിലും ഒടുങ്ങിപ്പോകാനനുവദിക്കാതെ ഈ പൈതൃക സ്വത്തുക്കൾ സൂക്ഷ്മമായി നവീകരിച്ചു കൊണ്ടേയിരിക്കുന്നു പിൻതലമുറക്കാർ. 'ലിയനാർഡോ ഡാവിഞ്ചി'യുടെ 'മോണാലിസ' ഉൾപ്പടെ, എണ്ണമറ്റ പ്രതിഭകളുടെ വിഖ്യാത ചിത്രങ്ങൾ, ശിൽപങ്ങളൊക്കെയും ഇവിടെയുള്ള മ്യൂസിയങ്ങളിൽ ഉണ്ട്. എന്നാൽ ചരിത്രത്തിനിപ്പുറം, ഇന്നിന്റെ കലാകാരന്മാരെ കാണുവാൻ വിശാലമായ നഗര ചത്വരങ്ങളിൽ കൂടി വെറുതെയൊന്നു നടന്നാൽ മതി; നിസ്വരായ കലാകാരന്മാരുടെ തെരുവുകൾ!

ഓരോ മെട്രോസ്റ്റേഷനിൽ നിന്നും പടികൾ കയറി മുകളിലേയ്ക്കു വരുമ്പോൾ നൂറ്റാണ്ടുകൾ പഴക്കമുള്ള കെട്ടിടങ്ങൾ അതെ പ്രൗഢിയോടെ ഇരുവശത്തും നിരന്നു കാണാം. കൊട്ടാരങ്ങൾ പലതും, ഇന്നു ഗവണ്മെന്റ് ഓഫീസുകൾ ആണെങ്കിൽ കെട്ടിടങ്ങളിൽ പാരിസിയൻ ജീവിതം ഇഷ്ടപ്പെടുന്ന ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. അപ്പാർട്മെന്റുകളിലെ സ്ഥലപരിമിതി പരിഹരിക്കാൻ ധാരാളം മനോഹരമായ ഉദ്യാനങ്ങള് ഒരുക്കിയിട്ടുണ്ട്, നഗരപാലകർ. പൂക്കളും പൂമ്പാറ്റകളും സ്കൂൾ വിട്ടു വരുന്ന കുട്ടികളും, വിശ്രമ ജീവിതം ആസ്വദിക്കുന്ന വൃദ്ധജനങ്ങളും, ഓട്ടപ്പാച്ചിലിനിടയിലും ഒരുമിനിട്ടിരുന്നു ഇതൊക്കെ കാണുന്ന യൗവ്വന പ്രാരാബ്ധങ്ങളും ചേരുന്ന ഉദ്യാനക്കാഴ്ചകൾ. വസന്തം തുടങ്ങിയാൽ ഓരോ മരവും, ചെടികളും പൂക്കളം തീർക്കും. ആഗോളതാപനം വേനൽ കടുപ്പിച്ചാൽ അങ്ങിങ്ങു മിസ്റ്റിക് ഫൗണ്ടനുകൾ ഉയരും. റോസാപ്പൂക്കൾ അപ്പോഴും കൂട്ടത്തോടെ പൂവിട്ടു നിൽപ്പുണ്ടാവും. കവി അയ്യപ്പപ്പണിക്കർ എഴുതിയതു പോലെ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ...' എന്ന മട്ടിൽ. മനസ്സിൽ അവശേഷിച്ച സകല നിറങ്ങളും ആവാഹിച്ചു ശിശിരത്തിൽ ഇലകൾ തന്നെ പൂക്കളായി പൊഴിയും. ബാക്കിയാവുന്ന ശിഖരങ്ങളിൽ അപ്പോഴേക്കും ദീപാലങ്കാരങ്ങൾ തുടങ്ങുകയായി; ക്രിസ്തുമസ് പുതുവത്സര വരവേൽപ്പിനായി. ഉണക്ക ഇറച്ചിയും ചൂടു വൈനും ചീസും നിരത്തിയ പരമ്പരാഗത ക്രിസ്തുമസ് മാർക്കറ്റുകൾ ഉണരും. പാരീസ് അപ്പോഴേക്കും 'വെളിച്ചത്തിന്റെ നഗരം' എന്ന ഓമനപ്പേരിലേക്കു ചുവടു മാറികഴിഞ്ഞിരിക്കും.

പാരീസ് നഗരത്തെ ഭരണസൗകര്യാർത്ഥം ഇരുപതു ചെറുപ്രവിശ്യകളായിതിരിച്ചിട്ടുണ്ട്. പഴയ കെട്ടിടങ്ങൾ പൊളിച്ചു പുതി







യതുയർത്താനും, ഉള്ളതിനു തന്നെ പൊക്കം കൂട്ടാനുമൊന്നും നിയമം എളുപ്പമനുവദിക്കാറില്ല, അതുകൊണ്ട് മറ്റു വൻ നഗരങ്ങളിലെപ്പോലെയുള്ള അത്യാധുനിക കെട്ടിട സമുച്ചയങ്ങൾ പാരീസിൽ അധികമില്ല. ബിസിനസ് കേന്ദ്രമായി പിൽക്കാലത്തു രൂപപ്പെട്ട 'ലാ ദിഫൻസ്' (ഘമ ഉലളലിലെ) പോലെയുള്ള പ്രവിശ്യകളിൽ കാണാമെങ്കിലും.

സൗന്ദര്യ ലേപനങ്ങളും, സുഗന്ധദ്രവ്യങ്ങളും, വേഷ വൈവിധ്യങ്ങളും പണ്ടു തന്നെ പാരീസിന്, ഫാഷന്റെ തലസ്ഥാനമായും പ്രസിദ്ധി നൽകിയിരുന്നു. ഒരുപക്ഷെ ഇന്ന് ഏതു നഗരമാണ് ഫാഷന്റെ തലസ്ഥാനമല്ലാത്തത്! എങ്കിലും പല രാജ്യങ്ങളിൽ നിന്നും ഫാഷൻ ഭ്രമത്തിൽ പാരീസിൽ പറന്നിറങ്ങുന്ന വിദേശികൾ ഫ്രഞ്ചു ജനതയെക്കാൾ ഉപരി ഈ പേരു നിലനിർത്താൻ സഹായിച്ചു പോരുന്നു.

പൊതുയിടങ്ങളിലെ ജീവിതം, ഇത്തിരി വെയിൽ കണ്ടാൽ ഒരു പുസ്തകവും കസേരയുമെടുത്തു അടുത്ത പാർക്കിൽ പോയിരുന്നു വായിക്കുന്ന ലാഘവം. തിരികെ പോകുമ്പോൾ അടുത്തുള്ള ചെറിയ ബേക്കറിയിൽ നിന്നും ഒരു നീണ്ട റൊട്ടി വാങ്ങി ചുണ്ടൊടിച്ചു തിന്നു കൊണ്ടുള്ള നടപ്പ്, ഒരു കപ്പു കാപ്പിക്കോ വൈനിനോ ചുറ്റും നീളുന്ന സംഭാഷണങ്ങൾ, ഈമെയിൽ യുഗത്തിലും കത്തുകളുമായി നിത്യേന സൈക്കിളിലെത്തുന്ന തപാൽ ശിപായിമാർ... സമതലത്തിലൂടെ ഒഴുകുന്ന നദിപോലെ തന്നെ സാധാരണമാണ് പൊതുവെയുള്ള പാരീസിയൻ ജീവിതവും. അപ്പോഴും കാഴ്ചക്കപ്പുറത്തുള്ള, ഈ 'സാധാരണ ജീവിത'ത്തിന്റെ സാമ്പത്തികവശം, സാധാരണക്കാർക്ക് അൽപം സങ്കീർണ്ണമാണ് താനും.

മറ്റു സംസ്കാരങ്ങളിൽ നിന്നും ഇവിടെ ചേക്കേറിയവരും അവരുടേതായ ചെറിയ ചെറിയ തുരുത്തുകൾ നഗരത്തിനുള്ളിൽ തീർത്തിട്ടുണ്ട്. ഇന്ത്യൻശ്രീലങ്കൻ കടകൾ നിറഞ്ഞ 'ഗാർദിനോർ' ( 'ഴമൃല റൗ ിീൃറ') പ്രദേശം ഇന്ത്യൻ പട്ടണവഴിയോരം തന്നെ കാഴ്ച വയ്ക്കുന്നു. തൂശനില മുതൽ തുളസിച്ചെടി വരെ, ഈ ഭാഗത്തുള്ള കടകളിൽ ലഭിക്കും. ചൈനക്കാർക്കൊരു 'ചൈന ടൌണും' വേറെയുണ്ട്.

ശവകുടീരങ്ങളും സുന്ദരമാണ് പാരീസിൽ. പണ്ട് സെമിത്തേരിയൊഴിപ്പിച്ചു ലഭിച്ച തലയോട്ടികളും എല്ലുകളും കൊണ്ട് അലങ്കരിച്ചു നിർമ്മിച്ച കാറ്റകോംപ് (ഇമമേ രീായല) തുരങ്കവും നഗരത്തിൽ കാണാം. പുരാതന റോമിലെ പോലെ, എല്ലാ ദൈവങ്ങള്ക്കും വേണ്ടിയുള്ള ഒരു ടെംപിൾ 'പാന്തിയോൺ ' (ജമിവേലീി) ഇവിടെയുമുണ്ട്. ഒരു പള്ളിയായിരുന്നെങ്കിലും പിന്നീട് ഫ്രഞ്ച് വിപ്ലവ കാലഘട്ടത്തിലെ മഹദ്വ്യക്തികളുടെ കല്ലറകൾ സൂക്ഷിക്കുന്ന മതേതര സ്മാരകമായി, രാജ്യത്തോട് ചേർക്കപ്പെട്ടതാണീ സൗധം. ഇവിടെയാണ് വോൾട്ടയർ, റൂസ്സോ, വിക്ടർ ഹ്യൂഗോ, മേരി ക്യൂറി അങ്ങനെ വിഖ്യാത ചിന്തകരുടെ, കവികളുടെ, ശാസ്ത്രജ്ഞരുടെ ഒക്കെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്നത്. യഥാർത്ഥ ദൈവത്തെ തിരിച്ചറിഞ്ഞ ജനതയിൽ മതത്തിൻറെ സ്വാധീനം തീരെ കുറവാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പ്രസിദ്ധമായ, സെൻനദിയുടെ ഇടതു തീരമാണ് പാരീസിന്റെ ബൗദ്ധിക കേന്ദ്രം. ഒരു കാലത്തു 'ലാറ്റിൻ' ഭാഷയിൽ വിദ്യാഭ്യാസം പ്രചരിച്ച ഈ പ്രദേശം ഇന്നും 'ലാറ്റിൻ ക്വാർട്ടർ' എന്നറിയപ്പെടുന്നു. വിശ്വപ്രസിദ്ധമായ സോർബോൺ യൂണിവേഴ്സിറ്റിയും ഇവിടെ സ്ഥിതി ചെയ്യുന്നു. ലോകത്തെങ്ങുമുള്ള ധിഷണാശാലികളായ വിദ്യാർത്ഥികളെ ആകർഷിക്കാൻ ഇപ്പോഴത്തെ ഗവൺമന്റ് പ്രത്യേകം താൽപര്യമെടുക്കുന്നതിനാൽ അടുത്ത കാലത്തായി ഇന്ത്യൻ വിദ്യാർത്ഥികളുടെയും കുത്തൊഴുക്കാണ് ഫ്രാൻസിൽ. വ്യത്യസ്ത പശ്ചാത്തലമുള്ള അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ താമസത്തിനും സാംസ്കാരികവിനിമയത്തിനുമുള്ള വേദികൾ വിവിധ രാജ്യങ്ങളുടെ തന്നെ പേരിലുള്ള ഹൌസുകൾ വഴി 'സിറ്റെ യൂണിവേഴ്സിറ്റി' (ഇശേé കിലേൃിമ ശേീമഹല ഡിശ്ലൃശെമേശൃല റല ജമൃശ) ഒരുക്കുന്നു. ആഭ്യന്തര സമരങ്ങളും, തീവ്രവാദ ആക്രമണങ്ങളും ഇടയ്ക്കിടെ അസ്ഥിരത തീർക്കുമ്പോളും, അതിനൊക്കെയപ്പുറം പുതിയ ലോകത്തിലേക്കുള്ള പ്രയാണത്തിലാണ് നഗരം. ഒപ്പം 2024ലെ അടുത്ത ഒളിമ്പിക്സ്നു വേണ്ടിയുള്ള തയ്യാറെടുപ്പിലും.

'സെൻ' നദിയങ്ങനെ ധൃതിപ്പെട്ട് ഒഴുകുമ്പോഴും, പണ്ടേപ്പോലെ തന്നെ അതു നോക്കി കിടപ്പാണ്, വശങ്ങളിലെ കൽപ്പടവുകൾ. ഇന്നും തളിർക്കുന്നു, പ്രണയ സല്ലാപങ്ങൾ. അനുസ്യൂതം തുടരുന്നു പാട്ടും നൃത്തവും, പ്രാവുകളുടെ കുറുകലും!. വരച്ചു തീരാത്ത ഒരു ചിത്രത്തിന്റെ നടുവിലൊഴുകുന്ന പുഴയ്ക്കു മീതെ സുന്ദരമായ പാലങ്ങൾ വിളിച്ചു കൊണ്ടേയിരിക്കുന്നു, കലയുടെ ആരാധകരെ. പാരീസിലേക്ക്!. VK



# ഓണക്കാലത്തൊരു ഊഞ്ഞാൽ: 'WMF ഫ്രാൻസ് മലയാളം മിഷന്റെ പ്രഥമ പഠനകേന്ദ്രം 'ഊഞ്ഞാൽ' പ്രവർത്തനമാരംഭിച്ചു.





**ശ്രീജ സരസ്വതി,**
മലയാളം മിഷൻ കോർഡിനേറ്റർ,
WMF ഫ്രാൻസ്

**2019** സെപ്റ്റംബർ 8 ഞായറാഴ്ച, 'WMF ഫ്രാൻസ്' അസ്സോസിയേഷന്റ ഓണാഘോഷമായ 'പാരീസ് ഓണം 2019 ' വിപുലമായ സാംസ്കാരിക പരിപാടികളോടു കൂടി പാരീസിൽ അരങ്ങേറുകയുണ്ടായി. തദവസരത്തിൽ 'WMF ഫ്രാൻസ്' മലയാളം മിഷന്റെ മേഖലാ പ്രവർത്തനങ്ങൾക്കും ഔപചാരികമായ തുടക്കം കുറിച്ചു.

WMF ഫ്രാൻസിന്റെ സാരഥികളും ഇന്ത്യൻ എംബസിയിൽ ഇന്നെത്തിയ അതിഥികളും ചേർന്നു നിലവിളക്കു കൊളുത്തിയാണ് ഓണാഘോഷങ്ങൾ ആരംഭിച്ചത്. 'WMF ഫ്രാൻസ്' പ്രസിഡന്റ് ശ്രീ.ജിത്തു ജനാർദ്ദനന്റെ സ്വാഗത പ്രസംഗത്തിനു ശേഷം, ശ്രീ.ഇഗ്നാസി അരുളാനന്ദ്, ഫസ്റ്റ് സെക്രട്ടറി, ഇന്ത്യൻ എംബസ്സി ഫ്രാൻസ്, ചടങ്ങിനു ആശംസകൾ അർപ്പിച്ചു. 'WMF ഫ്രാൻസ്' ജോയിന്റ് സെക്രട്ടറി ശ്രീ. രാംകുമാർ, അസ്സോസിയേഷന്റെ വാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തി.

പ്രവാസികളുടെ പുതു തലമുറയിലും മാതൃഭാഷാസ്നേഹം പകർന്നു കൊടുക്കേണ്ടതിന്റെ ആവശ്യകതയും, മലയാളം മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളും WMF ഫ്രാൻസ് മലയാളം മിഷൻ കോർഡിനേറ്റർ, ശ്രീജ സരസ്വതി വിശദീകരിച്ചു. അതോടൊപ്പം ഫ്രാൻസിലെ മലയാളം മിഷൻ പ്രവർത്തനങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്ന 'WMF ഫ്രാൻസ്' അസ്സോസിയേഷനും, 'WMF മലയാളം മിഷൻ ഗ്ലോബൽ' ടീമിനും, 'കേരള സർക്കാർ മലയാളം മിഷൻ' ടീമിനും നന്ദി അറിയിക്കുകയും ചെയ്തു. തുടർന്ന് മലയാളം മിഷൻ'കണിക്കൊന്ന' കോഴ്സിലേക്ക് രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്തു കൊണ്ട് ഫ്രാൻസിലെ ആദ്യ മലയാളം മിഷൻ പഠനകേന്ദ്രം 'ഊഞ്ഞാൽ' എന്ന പേരിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ശ്രീമതി ആൻ മേരി ജോർജ് (ഇന്ത്യൻ എംബസി), ശ്രീ. ശിവശങ്കര പിള്ളൈ (വൈസ് പ്രസിഡന്റ്, WMF ഫ്രാൻസ് ), ശ്രീ. പ്രശാന്ത് മോഹനചന്ദ്രൻ (പ്രസിഡന്റ് , WMF ഫ്രാൻസ് മലയാളം മിഷൻ), ശ്രീ.വികാസ് മാത്യു (ട്രഷറർ,WMF ഫ്രാൻസ്), ശ്രീമതി വനജ ജനാർദ്ദനൻ (എഡ്യൂക്കേഷണൽ കോർഡിനേറ്റർ, WMF ഫ്രാൻസ്) എന്നിവർ പുസ്തകങ്ങൾ വിതരണം ചെയ്തു.

പഠന കേന്ദ്രത്തെ കൂടാതെ, പുസ്തകങ്ങളെ സ്നേഹിക്കുന്നവർക്കായി മൊബൈൽ ലൈബ്രറി/സഞ്ചരിക്കുന്ന വായനശാലാ പ്രവർത്തനങ്ങൾക്കും WMF ഫ്രാൻസ് തുടക്കമിട്ടു. അതിന്റെ ഭാഗമായി ഫ്രാൻസിലെ മലയാള സാഹിത്യപ്രവർത്തനങ്ങളിൽ ശ്രദ്ധേയനായ ശ്രീ. ഈനാശു തലക് അവർകൾ തന്റെ സമാഹാരത്തിലുണ്ടായിരുന്ന ഏതാനും പുസ്തകങ്ങൾ മലയാളം മിഷൻ ടീമിനു കൈമാറുകയുണ്ടായി.WMF ഫ്രാൻസ് മലയാളം മിഷൻ സെക്രട്ടറി, ശ്രീമതി അനീഷ സ്റ്റീഫൻ വായനശാലയ്ക്കു വേണ്ടി പുസ്തകങ്ങൾ ഏറ്റുവാങ്ങി. വിഭവ സമൃദ്ധമായ ഓണസദ്യയ്ക്കും കലാപരിപാടികൾക്കും ശേഷം, ണങഎ ഫ്രാൻസ് സെക്രട്ടറി ശ്രീ.റോയ് ആന്റണി എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തിയാതോടു കൂടി ഓണാഘോഷം കൊടിയിറങ്ങി.

ഊഞ്ഞാൽ പഠന കേന്ദ്രത്തിലെ കണിക്കൊന്ന ബാച്ചിന്റെ ആദ്യ ക്ലാസ്സ്, സെപ്റ്റംബർ 22 ഞായറാഴ്ച ആരംഭിച്ചു. പരസ്പരം പരിചയപ്പെടലിൽ തുടങ്ങി, കാട്ടിലെ, നാട്ടിലെ കളികളിലൂടെ അങ്ങനെ ഫ്രാൻസിലും കുട്ടികൾ മലയാള അക്ഷരങ്ങളിലേക്ക് ഇറങ്ങി. VK

# സിസിലിയ യൂണിറ്റിന്റെ രണ്ടാം വാർഷിക ആഘോഷം

പ്രവാസത്തിന്റെ കൊടുംചൂടിൽ ഒരുമയുടെയും സൗഹാർദത്തിന്റെയും കുളിർമ്മയുടെ കുടചൂടി വേൾഡ് മലയാളി ഫെഡറേഷൻ (WMF) സിസിലിയ യൂണിറ്റിന്റെ വാർഷിക ആഘോഷങ്ങൾ നടന്നു. ണങഎ ഗ്ലോബൽ ചെയർമാൻ പ്രിൻസ് പള്ളിക്കുന്നേൽ രണ്ടാമത് വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

പ്രവാസികൾക്ക് കുറഞ്ഞ ചെലവിലും ഏറ്റവും വേഗത്തിലും ചികിത്സ ലഭ്യമാക്കുന്ന 'മെഡിക്കൽ അസിസ്റ്റൻസ്, മെഡിക്കൽ റിലീഫ് ഫണ്ട് 'എന്നീ പദ്ധതികളുടെ ഉദ്ഘാടനം, പയേസെ ഇൻ വിസിബിലെ അസോസിയേഷൻ പ്രസിഡന്റ് ഗ്ലോറിയ ഫൗസ്തിനി നിർവഹിച്ചു. അംഗങ്ങളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പുകളുടെ വിതരണം, ണങഎ യൂറോപ്പ് കോഓർഡിനേറ്റർ സാബു ചക്കാലയ്ക്കൽ നിർവഹിച്ചു. സിസിലിയ യൂണിറ്റ് പ്രസിഡന്റ് ശ്രീജ ടോമി അധ്യക്ഷത വഹിച്ചു.

മുനിസിപ്പൽ പൊലീസ് കമാൻഡന്റ് ഡോ. മരിസ മസ്സോണെ, അഡ്വ. നതാലിയ ചിമിനോ, WMF ഇറ്റലി കോഓർഡിനേറ്റർ ലിജോ ജോസഫ്, ഫാ. ആൻജലോ, ഫാ. ജോൺ, WMF ഓസ്ട്രിയ യൂണിറ്റ് പ്രസിഡന്റ് ടോമിച്ചൻ പരുകണ്ണിൽ, ട്രഷറർ മാത്യു പള്ളിമറ്റത്തിൽ, പിസ യൂണിറ്റ് പ്രസിഡന്റ് ബിജു തോമസ്, ക്നാനായ അസോ. പ്രസിഡന്റ് ഉഷാ ലൂക്കോസ് തുടങ്ങിയവർ പ്രസംഗിച്ചു. സിസിലിയ യൂണിറ്റ് സെക്രട്ടറി ഷൈനി ജെയിംസ് സ്വാഗതവും ജോ. സെക്രട്ടറി ശരത്ത് ശശി നന്ദിയും പറഞ്ഞു. സിസിലിയ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ കലാപരിപാടികൾ ചടങ്ങിന് മാറ്റുകൂട്ടി. VK





# വേൾഡ് മലയാളി ഫെഡറേഷൻ ഗ്ലോബൽ പ്രൊജക്റ്റ് ഉത്ഘാടനം



വേൾഡ് മലയാളി ഫെഡറേഷൻ 2019 ഗ്ലോബൽ പ്രൊജക്റ്റ് വർക്ക് ഉത്ഘാടനം ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം സെന്റ് അഗസ്റ്റിൻ സ്കൂളിൽ. ണങഎ ഗ്ലോബൽ വൈസ് ചെയർ പേഴ്സൺ. ശ്രീമതി ആനി ലിബു വർക്ക് കോൺടാക്ട്ർ അനിൽ ആന്റണിക് ആദ്യ ഗഡു നൽകി ഉത്ഘാടനം ചെയ്തു. യോഗത്തിൽ വേൾഡ് മലയാളി ഫെഡറേഷൻ സ്റ്റേറ്റ് കൗൺസിൽ പ്രസിഡന്റ്. വി. എം. സിദിഖ് ആധ്യക്ഷം വഹിച്ചു സംസാരിച്ചു. സ്കൂളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനെ കുറിച്ച് സ്റ്റേറ്റ് ചാരിറ്റി കോർഡിനേറ്റർ ബദറുദ്ധീൻ കരിപ്പോട്ടയിൽ വിശദീകരണം നൽകി.

തുടർന്ന് ആശംസകൾ അർപ്പിച്ചു കൊണ്ട്. പി ടി എ. പ്രസിഡന്റ് കലേഷ്, പ്രിൻസിപ്പൽ ഗ്രേസി റാണി, WMF സെൻട്രൽ സോൺ പ്രസിഡന്റ് റഫീഖ് മരക്കാർ, WMF കേരള സ്റ്റേറ്റ് കൌൺസിൽ ട്രെഷറർ സോനു എബ്രഹാം, എന്നിവർ സംസാരിച്ചു. സ്റ്റേറ്റ് കൗൺസിൽ ജോയിന്റ് സെക്രട്ടറി ദുർഗ മദനൻ. സ്റ്റേറ്റ് സ്പോർട്സ് കോഡിനേറ്റർ സുനീർ സ്റ്റേറ്റ് കൗൺസിൽ PRO റിനി സൂരജ് സെൻട്രൽ സോൺ അംഗങ്ങളായ സോഫി, നാജ തുടങ്ങിയവർ പങ്കെടുത്തു. സെന്റ് അഗസ്റ്റിൻ സ്കൂൾ മാനേജർ ഫാദർ നെൽസൺ പാനേഴത് സ്വാഗതവും ഡയിംഫ് സൗത്ത് സോൺ ചാരിറ്റി കോർഡിനേറ്റർ ജോജി മാരാരിക്കുളം നന്ദിയും പറഞ്ഞു. VK

# ചിലങ്ക റൂറൽ ഫെസ്റ്റ്

പരമ്പരാഗതവും ശാസ്ത്രീയവുമായ കലകൾ കൂടുതൽ ഗ്രാമീണ മേഖലയിലേക്ക് എത്തിക്കുന്നതിനായി എല്ലാവർഷവും ശിവപാർവതി കൾച്ചറൽ സൊസൈറ്റി, വേൾഡ് മലയാളീ ഫെഡറേഷൻ കേരള ടൂറിസവുമായി സഹകരിച്ചു  ചിലങ്ക റൂറൽ ഫെസ്റ്റ് നടത്തിവരുന്നു. ഒട്ടനവധി നാടൻ കലകളെ ഇതിനോടകം തന്നെ ചിലങ്ക ആരാധകർക്ക് മുന്നിൽ അവതരിപ്പിച്ചു കഴിഞ്ഞു. ഈ കൊല്ലം ചിലങ്ക റൂറൽ ഫെസ്റ്റിന്റെ നാലാമത് എഡിഷൻ ആണ് അരങ്ങേറിയത്. എല്ലാകൊല്ലത്തേയും പോലെ ഒരു വേറിട്ട അനുഭവം പാരകർന്നു നൽകാൻ ചിലങ്ക റൂറൽ ഫെസ്റ്റിന് കഴിഞ്ഞു. ഒറീസ്സയിൽ നിന്നും പ്രജ്ഞ മിശ്ര ഒഡീസി നൃത്തം അവതരിപ്പിച്ചു. ഇന്ത്യയിലെ ക്ലാസിക്കൽ കലകളിൽ തന്നെ മുന്നിൽ നിൽക്കുന്ന നൃത്തരൂപമാണ് ഒഡീസി. സമുദ്ര പെർഫോർമോർണിംഗ് ആർട്സിന്റെ സമുദ്രനടനം കാഴ്ചക്കാർക്ക് വേറിട്ട ഒരനുഭവമായി. കളരിയും നൃത്തവും സംയോജിപ്പിച്ചു കൊണ്ടുള്ള ഈ നൃത്തരൂപം ലോകപ്രശസ്തി ആർജിച്ച ഒന്നാണ്. ധ്വയ ട്രാൻസ്ഗെൻഡേർസ് ആർട്സ് & ചാരിറ്റബിൾ സൊസൈറ്റിയുടെ മഴവിൽ ധ്വനി തിയേറ്റർ അവതരിപ്പിച്ചു. പറയാൻ മറന്ന കഥകൾ എന്ന നാടകം മുഖ്യ ആകർഷണമായി. നിറങ്ങളും വിചാരങ്ങളും നിറഞ്ഞ വേദി കാഴ്ചക്കാരു

ടെ മനം കവർന്ന ഒന്നായി. കലാക്ഷേത്ര മാളവികയും കലാക്ഷേത്ര പാർവതിയും ചേർന്ന് അവതരിപ്പിച്ച ഭരതനാട്യം കഥയുടെ നൃത്തത്തിന്റെയും സമ്മേളനം ആയി. ഭിന്നശേഷിയുള്ള കലാകാരൻ അതുൽ ഫത്തായുടെ ഇൻസ്ട്രുമെന്റൽ മ്യൂസിക് രണ്ടാം ദിവസം അവതരിപ്പിച്ചു. കേരള ഫോൾക്‌ലോർ ചെയർമാൻ ഇ ഗ കുട്ടപ്പൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. ചിലങ്ക റൂറൽ ഫെസ്റ്റിനോടുള്ള സന്തോഷം പങ്കുവെച്ചു കൊണ്ട് അദ്ദേഹം പാടിയ നാടൻ പാട്ടു സദസ്സിനെ ഏറെ ആകർഷിച്ചു. എറണാകുളം ഗോതുരുത്തിൽ നിന്നും യുവജന ചവിട്ടുനാടക കലാസമിതി അവതരിപ്പിച്ച ചവിട്ടുനാടകവും ഏറെ ആകർഷണീയമായി. യൂറോപ്യൻ ഒപേരയുമായി സാദൃശ്യമുള്ള ചവിട്ടുനാടകത്തിനു നാല് നൂറ്റാണ്ടു പഴക്കമുണ്ട്. മലേഷ്യയിൽ നിന്നുള്ള റേ മ്യൂസിക് ബാൻഡ് അവതരിപ്പിച്ച ക്ലാസിക്കൽ ഫ്യൂഷനും വേറിട്ട് നിന്നും, ക്ലാസിക്കൽ, ഫോക് സംഗീതങ്ങളുടെ ഫ്യൂഷൻ ഗാനങ്ങളാണ് റേ മ്യൂസിക് ബാൻഡ് അവതരിപ്പിച്ചത്. ക്രിയാ, ജേർണിമെൻ, അമോഗ, കണ്മഷി എന്നിവരുടെ ആഭിമുഖ്യത്തിൽ സങ്കടിപ്പിച്ച ആർട്ട് എക്സിബിഷനും ലൈവ് പൈന്റിങ്ങും ഫെസ്റ്റിന് നിറകാഴ്ചകളൊരുക്കി. രണ്ടു ദിവസം നീണ്ടു നിന്ന പരിപാടി മുൻ ചീഫ് സെക്രട്ടറിയും എഴുത്തു കാരനും ഗാനരചയിതാവും ആയ കെ ജയകുമാർ ഐ എ എസ്, ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ രണ്ടാമത്തെ ചിലങ്ക കാവാലം പുരസ്കാരം ശ്രീ ഗിരീഷ് സോപാനത്തിനു ശ്രീ കാവാലം നാരായണ പണിക്കരുടെ ഭാര്യ ശ്രീ ശാരദാമണി നാരായണ പണിക്കർ നൽകി. കൂടാതെ കഥകളി ആചാര്യൻ മുദ്രാക്കൽ ഗോപിനാഥൻ നായരെ ചടങ്ങിൽ ആദരിച്ചു.






# കേരളീയം



വേൾഡ് മലയാളി ഫെഡറേഷൻ യുകെ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കേരളീയം സംഘാടക മികവു കൊണ്ടും കലാപരിപാടികളുടെ ഗുണമേന്മ കൊണ്ടും ശ്രദ്ധേയമായി.

സെപ്റ്റംബർ ഇരുപത്തിരണ്ടാം തീയതി വൈകുന്നേരം നാലുമണിക്ക് ലണ്ടനിലെ ഇൽഫോഡ് റെഡ് ബ്രിഡ്ജ് ടൗൺഹാളിൽ വച്ച് ആരംഭിച്ച കേരളീയം ബ്രിസ്റ്റോൾ ബ്രാഡ്‌ലി സ്റ്റോക്ക് കൗൺസിലിൻറെ ബഹുമാന്യനായ മേയർ കൗൺസിലർ ടോം ആദിത്യ ഉദ്ഘാടനം നിർവഹിച്ചു. വേൾഡ് മലയാളി ഫെഡറേഷൻ ഗ്ലോബൽ സെക്രട്ടറി സുഭാഷ് ഡേവിഡ് മുഖ്യാതിഥിയായിരുന്നു. വേൾഡ് മലയാളി ഫെഡറേഷൻ യുകെ ചാപ്റ്റർ പ്രസിഡൻറ് റവ.ഡീക്കൻ ജോയ്സ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കൗൺസിലർ മിസ്റ്റർ ഫിലിപ്പ് അബ്രഹാം, ഡബ്ലിയു എം എഫ് യു കെ ചാപ്റ്റർ കോർഡിനേറ്റർ ബിജു മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. വേൾഡ് മലയാളി ഫെഡറേഷൻ യുകെ ചാപ്റ്റർ ട്രഷറർ ശ്രീ ആൻറണി മാത്യു ഏവർക്കും സ്വാഗതം പറഞ്ഞു.വേൾഡ് മലയാളി ഫെഡറേഷൻ നാഷണൽ എക്സിക്യൂട്ടീവ് കൗൺസിൽ മെമ്പർമാർ വേദിയിൽ സന്നിഹിതരായിരുന്നു.

യുകെയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി എത്തിയ അനുഗ്രഹീത കലാകാരന്മാരുടെയും കലാകാരികളുടെയും അതിഗംഭീരമായ കലാപ്രകടനങ്ങൾ സദസ്സിലുണ്ടായിരുന്ന വേൾഡ് മലയാളി ഫെഡറേഷൻ അനുഭാവികളെ അത്യധികം ആകർഷിച്ചു. VK

# മലയാളം ക്ലാസ്സുകളുടെ പ്രവേശനോത്സവം ജപ്പാൻ



WMF ജപ്പാൻ യൂണിറ്റ് മലയാളം മിഷനുമായിചേർന്നുള്ള മലയാളം ക്ലാസ്സുകളുടെ പ്രവേശനോത്സവം വിജയകരമായി നടത്തി.

2019 സെപ്റ്റംബർ 7 നു രാവിലെ 9 മണി മുതൽ ടോക്കിയോയിലെ ഓജിമയിൽ ഞങ്ങഎ ജപ്പാൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മലയാളം ക്ലാസ്സുകളുടെ പ്രവേശനോത്സവവും ഉദ്ഘാടനയോഗവും നടത്തി.

ഞങ്ങഎ ജപ്പാൻ ജനറൽ സെക്രട്ടറി ശ്രീ സനൽ സുകുവിഹാറിന്റ്റെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച യോഗത്തിൽ പ്രസിഡന്റ് ശ്രീ സുനീഷ് പാറക്കൽ അധ്യക്ഷം വഹിച്ചു. ശ്രീ സനൽ സുകുവിഹാർ വിശിഷ്ടാതിഥികളെ സദസിനു പരിചയപ്പെടുത്തുകയും, എല്ലാവരെയും പരിപാടിയിലേക്കു സ്വാഗതം ചെയ്യുകയും ചെയ്തു.

ശ്രീ. ഡോക്ടർ എ. ചന്ദ്രശേഖരൻ, ശ്രീമതി സുമാദേവി കെ. എന്നിവർ ചേർന്ന് നിലവിളക്കുകൊളുത്തി ക്ലാസ്സിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ശ്രീ. എ. ചന്ദ്രശേഖരൻ മാതൃഭാഷാ പഠനത്തിന്റെ ആവശ്യകതയെകുറിച്ചു സംസാരിക്കുകയും മലയാളം ക്ളാസ്സുകളുടെ വിജയത്തിനായി ആശംസകൾ നേരുകയും ചെയ്തു. തുടർന്ന് സംസാരിച്ച ശ്രീമതി സുമാദേവി മഹാകവി വള്ളത്തോളിനെ ഉദ്ധരിച്ചുകൊണ്ടാണ് സംസാരം ആരംഭിച്ചത്. ക്ളാസ്സുകളുടെ വിജയത്തിനായി എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

തുടർന്ന് മലയാളം മിഷൻ കോഓർഡിനേറ്റർ ബിനിൽ ജോർജ് മലയാളം മിഷന്റെ പ്രവർത്തനങ്ങളെ കുറിച്ച സംസാരിക്കുകയും, ഞങ്ങഎ മലയാളം ഗ്ലോബൽ ടീമിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അവരുടെ സപ്പോർട്ടിനെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു. തുടർന്ന് അദ്ധ്യാപകരെ പരിചയപ്പെടുത്തി. ശ്രീമതി ലേഖ സനൽ, ശ്രീമതി നിമ്മി ഉല്ലാസ്, ശ്രീ ഉല്ലാസ് ജോസഫ്, ശ്രീമതി പ്രീത രാധാകൃഷ്ണൻ, ശ്രീമതി പ്രിയങ്ക ജോമോൻ, ശ്രീമതി നിഷ ജോസ് എന്നിങ്ങനെ ആറ് അദ്ധ്യാപകരാണ് ജപ്പാൻ ഞങ്ങഎചാപ്റ്ററിനു നിലവിൽ ഉള്ളത്.

# WMF ന്റെ റഷ്യൻചാപ്റ്റർ ഉത്ഘാടനം



റഷ്യയുടെ തലസ്ഥാനമായ മോസ്കോയിലെ മനോഹരമായ ഇന്ത്യൻ റസ്റ്റോറന്റ് ഡർബാർസിന്റെ ആഡംബരപൂർണ്ണമായ കോൺഫ്രൻസ്ഹാളിൽ വെച്ചുനടന്ന വർണ്ണാഭമായചടങ്ങിൽ ഞങ്ങഎ ന്റെ റഷ്യൻ ചാപ്റ്റർ ഉത്ഘാടനം ഞങ്ങഎ ഗ്ളോബൽചെയർമാൻ ശ്രീ പ്രിൻസ്പള്ളികുന്നേൽ നിർവ്വഹിച്ചൂ. ശ്രീ രാജുനായർ, ശ്രീ സതീഷ് വാര്യർ തുടങ്ങിയവരുടെ മഹനീയസാന്നിധ്യത്തിൽ ഞങ്ങഎ റഷ്യൻ കോഡിനേറ്റർ ശ്രീ ദേവദത്തൻ നായർ ആമുഖപ്രഭാഷണവും മീഡിയ കോഡിനേറ്റർ ശ്രീ ചെട്ടികുളങ്ങര ഉണ്ണിക്കൃഷ്ണൻ കൃതജ്ഞതയും രേഖപ്പെടുത്തി. VK

# താക്കോൽ ദാനം



വേൾഡ് മലയാളി ഫെഡറേഷൻ (ണങഎ) മലപ്പുറം ജില്ലയിൽ കരുവാരകുണ്ട് കുട്ടത്തിയിൽ നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽ ദാനം 14/8/2019 ബുധനാഴ്ച ണങഎ പാട്രൺ ബഹുമാനപ്പെട്ട ശ്രീ മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിച്ചു. ണങഎ ഗ്ലോബൽ വൈസ് ചെയർമാൻ ശ്രീ നൗഷാദ് ആലുവ അധ്യക്ഷൻ ആയ ചടങ്ങിൽ ണങഎ കേരള സ്റ്റേറ്റ് ചാരിറ്റി കോഡിനേറ്റർ ശ്രീ ബദറുദ്ധീൻ സ്വാഗതം പറഞ്ഞു. കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ആബിദ് അലി, ഗ്ലോബൽ പ്രൊജക്റ്റ് കോഡിനേറ്റർ ശ്രീമതി സീന ഷാനവാസ്, കേരള സ്റ്റേറ്റ് കമ്മിറ്റി സെക്രട്ടറി ശ്രീ ഹംസ കക്കടവത്ത്, സെൻട്രൽ സോൺ പ്രസിഡന്റ് ശ്രീ റഫീഖ് മരക്കാർ, സെൻട്രൽ സോൺ സെക്രട്ടറി ശ്രീ സൈനുൽ ആബിദീൻ, നോർത്ത് സോൺ മെമ്പറും ഈ പദ്ധതിയുടെ ആദ്യഅവസാനക്കാരിയുമായി നിന്ന ശ്രീമതി നൂർജഹാൻ, നോർത്ത് സോൺ മെമ്പറും ഈ വീട് പണിയുടെ പൂർണ്ണ ചുമതലയും നിർവഹിച്ച ശ്രീ ഡോയ് മാത്യു, പഞ്ചായത്ത് മെമ്പർമാരായ ശ്രീ ലത്തീഫ് മഠത്തിൽ, ശ്രീ കുരിയച്ചൻ, ശ്രീ മുഹമ്മദ് മാഷ്, ജാനാധിപത്യ കേരള കോൺഗ്രസ് ജില്ല പ്രസിഡന്റ് ശ്രീ മാത്യു സെബാസ്റ്റ്യൻ, ഭാരതീയ ജനതാ പാർട്ടി ജില്ല ട്രഷറർ ശ്രീ അനിൽ പ്രസാദ്, ഗ്ലോബൽ ചെയർമാൻ ശ്രീ പ്രിൻസ് പള്ളിക്കുന്നേൽ അവർകളുടെ സഹോദരൻ ശ്രീ സിജി, എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഗ്ലോബൽ മീഡിയ കോഡിനേറ്റർ ശ്രീമതി സിന്ധു സജീവ്, ഗ്ലോബൽ കൾച്ചറൽ കോഡിനേറ്റർ ശ്രീ. ശ്രീജിത്ത് കുമാർ നോർത്ത് സോൺ വിമൻസ് കോഡിനേറ്റർ ശ്രീമതി റുഖിയ ചിരാതൊടി, സെൻട്രൽ സോൺ ചാരിറ്റി കോഡിനേറ്റർ ശ്രീ അബ്ദുൽ റഹ്മാൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. VK



# WMF മലയാളം മിഷന്റെ ആദ്യ പഠന ക്ലാസ്സ് ബെനിനിൽ

WMF മലയാളം മിഷന്റെ ആദ്യ പഠന ക്ലാസ്സ് വെസ്റ് ആഫ്രിക്കയിലെ ബെനിൻ റിപ്പബ്ലിക്ക് എന്ന രാജ്യത്തു ആരംഭിച്ചു. അഞ്ചു മുതൽ പത്തു വരെ പ്രായമുള്ള എട്ടു കുട്ടികൾ ക്ലാസ്സിൽ വളരെ ഉത്സാഹത്തോടെയും സന്തോഷത്തോടെയും പങ്കെടുത്തു. ആദ്യ പുസ്തകം ആയ കണിക്കൊന്നയാണ് തുടങ്ങിവച്ചത്. ശ്രീമതി അനുപമ ഹരീഷ് ആയിരുന്നു അദ്ധ്യാപിക. ഇവർ ജൂണിൽ കേരള സർക്കാർ മലയാളം മിഷൻ സംഘടിപ്പിച്ച അദ്ധ്യാപക പരിശീലനത്തിൽ പങ്കെടുത്തിരുന്നു. എട്ടു കുട്ടികളിൽ ഒരാൾ ആഫ്രിക്കക്കാരി ആണെന്നുള്ളത് എടുത്തുപറയേണ്ട ഒരു സവിശേഷതയാണ്. അലങ്കരിച്ച ക്ലാസ്സ് മുറികളും, വ്യത്യസ്തയുള്ള ആദ്യ പഠനവും കുട്ടികൾക്ക് പുതിയ ഉണർവ് നൽകി. ആഫ്രിക്കൻ വംശജയായ കുട്ടിയുടെ മാതാവ് തന്നെയാണ് കുട്ടിയെ മലയാളം പഠിപ്പിക്കാൻ ഉള്ള ആഗ്രഹം ണങഎ മലയാളം മിഷൻ ബെനിൻ ഭാരവാഹികളെ അറിയിച്ചത്. ഇപ്പോൾ ആഴ്ചയിൽ രണ്ടു മണിക്കൂർ ക്ലാസ്സ് ആണ് തീരുമാനിച്ചിരിക്കുന്നത്. ശ്രീമതി മിനി അശോക് ആണ് ണങഎ മലയാളം മിഷന്റെ ബെനിൻ കോർഡിനേറ്റർ. ണങഎ ചെയർമാൻ ശ്രീ പ്രിൻസ് പള്ളികുന്നേൽ, ണങഎ ങങ ഗ്ലോബൽ കോഓർഡിനേറ്റർ ശ്രീ ജെയ്സൺ കാലിയാനിൽ എന്നിവർ വീഡിയോ കോൺഫറൻസിങ് ഉപയോഗിച്ചും, ശ്രീ ഹരീഷ് നായർ, ണങഎ ങങ ആഫ്രിക്ക കോർഡിനേറ്റർ നേരിലും കുട്ടികൾക്കും, അദ്ധ്യാപകർക്കും, കോർഡിനേറ്റർക്കും അഭിനന്ദനങ്ങൾ അറിയിച്ചു. VK




M C Road, Thiruvalla
0469 2602221

Thodupuzha
0486 - 2228821

Kottayam | Thrissur | Kollam
www.pulimoottilonline.com

Pulimoottil
SILKS